License No. 101. Dated 9—8—1926. Reg. No. T. 96.

സഹോദരി

(കല, ശാസ്ത്രം, സംസ്കാരം, സാഹിത്യം മുതലായ വിഷയങ്ങൾ
ഉൾക്കൊള്ളുന്ന ഒരു ഉത്തമ മാസിക.)

THE "SAHODARI"
QUILON
1945 AUGUST.

പത്രാധിപർ,
കെ. കാർത്തികേയൻ എം. എ.

അനുക്രമണിക.

1. റഷ്യൻസാഹിത്യം.
ശ്രീ: സി. പ്രഭാകരൻ ബി. ഏ.

2. ഒരു കവീന്ദ്രന്റെ യുക്തിവാദം.
ശ്രീ: കെ. ആർ. കുന്നത്തു്

3. മഹോപാദ്ധ്യായനു മറുപടി.
ശ്രീ: പി. ദാമോദരൻപിള്ള ബി. ഏ.

4. ലേഡി ടൈപ്പിസ്റ്റ് (ചെറുകഥ)
ശ്രീ: എം. പി. ഗംഗാധരൻ ബി. ഏ.

5. അമ്മയും കുഞ്ഞും (കവിത)
ശ്രീ: പോള്ളർ എസ്സ്. മാധവൻ, വിദ്വാൻ

6. കൈയ്യ് വെട്ടിയാൽപോരാ.
ശ്രീ: എം. ദിവാകരൻ ബി. ഏ; ബി. എൽ.

7. വനസ്മരണകൾ.
ശ്രീ: കെ. സി.

8. തിരുമുൽക്കാഴ്ച (ഒരു അനുകരണം)
ശ്രീ: കെ. കേശവൻനായർ ബി. എസ്സ് സി.

9. ആശാന്റെ നായകന്മാർ.
ശ്രീ: വിദ്വാൻ കെ. കെ. വാദ്ധ്യാർ

10. കണ്ണുനീർ (കവിത)
ശ്രീ: എം. കെ. നാരായണൻ

11. ദൈവത്തിന്റെ കളി (ഏകരംഗം)
ശ്രീ: ജഗതി എൻ. കെ. ആചാരി

12. ഭാസനും ബാലചരിതവും.
ശ്രീ: ന്യായഭൂഷണം കെ. കെ. പത്മവാൾ

13. ഉദ്ധാരണകല.
ശ്രീ: മൂർക്കോത്തു കുഞ്ഞപ്പ

14. ആശ്വാസം (കവിത)
ശ്രീ: കെ. എൻ. വാഴവിള

15. ഗ്രന്ഥനിരൂപണം.

16. മഹായുദ്ധം അവസാനിച്ചു.

വരിസംഖ്യ.

ആണ്ടേയ്ക്കു് മുൻകൂർ 5 ക. തവണകളിൽ 6 ക. ഒററപ്രതിക്കു് 8 ണ.

പരസ്യക്കൂലി

ഫുൾപേജ് 40-ക. അരപേജ് 20-ക. കാൽപേജ് 10-ക.

മാനേജർ.

സഹോദരി

പുസ്തകം ൩	൧൯൪൮ ആഗസ്റ്റ്	ലക്കം ൧൧

റഷ്യൻ സാഹിത്യം

ടോൾസ്റ്റോയിയും ഡാസ്റ്റവസ്കിയും

(സി. പ്രഭാകരൻ ബി. ഏ.)

ജനാധിപത്യത്തിനു മാത്രമേ സാഹിത്യത്തിൽ പ്രാതിനിധ്യം നല്കിക്കൂടു. ഏകാധിപത്യത്തിനും പ്രഭുശക്തിയ്ക്കും സ്ഥാനമേ അനുവദിക്കുവാൻ പാടില്ല. സാഹിത്യം ഒരാളുടേയോ ഒരു സംഘത്തിന്റേയോ കുത്തകയല്ല. സുഗമമായ സാഹിത്യത്തിനു മാത്രമേ ലോകത്തു് ശാശ്വതപ്രതിഷ്ഠ ലഭിക്കുകയുള്ളൂ. ഈ മതമാണു് റഷ്യൻ സാഹിത്യം നമ്മെ മനസ്സിലാക്കുന്നതു്.

റഷ്യൻ സാഹിത്യം വളൎച്ചയെ പ്രാപിക്കാൻ തുടങ്ങിയതു് പത്തൊമ്പതാം ശതകത്തോടുകൂടിയാണു്. അലക്സാണ്ടർ പ്രഥമന്റെ സ്ഥാനാരോഹണം ഏതൽ സാഹിത്യത്തിന്റെ വളൎച്ചയ്ക്കുള്ള ഒരു സോപാനമായിക്കണക്കാക്കാം. ഒരു നൂററാണ്ടിനിയ്ക്കു് സാഹിത്യത്തെസ്സംബന്ധിച്ചു മാത്രം റഷ്യയിൽ ബൃഹത്തരമായൊരു പരിവൎത്തനമുണ്ടായിയെന്നുവേണം പറയുവാൻ. പുഷ്കിൻ പദ്യസാഹിത്യത്തേയും ടർജനീവ്, ടോൾസ്റ്റോയ്, ഡാസ്റ്റവസ്കി എന്നീ ത്രിമൂൎത്തികൾ ഗദ്യസാഹിത്യത്തെയും അവയുടെ അത്യുന്നതശൃങ്ഗങ്ങളിലേക്കു് ഉന്നമിപ്പിച്ചു.

മറെറങ്ങും കാണ്മാൻകഴിയാത്ത സാമുദായികത്വമാണു് റഷ്യൻ സാഹിത്യത്തിനിത്ര ഗണനീയമായൊരു സ്ഥാനം നല്കുവാൻ ലോകത്തെ പ്രേരിപ്പിച്ചതു്. റഷ്യൻ സാഹിത്യകാരന്മാരെല്ലാവരും ദേശീയജീവിതത്തെ ചിത്രീകരിക്കുന്നതിൽ അദ്വിതീയമായ നൈപുണ്യം നേടിയവരാണു്. കാൎഷികജീവിതത്തിനു് റഷ്യൻ സാഹിത്യത്തിലുള്ള സ്ഥാനം അപരിമേയമത്രേ. ജീവിതവിമൎശനപരമായതുകൊണ്ടു് അതിനു്

എന്തെന്നില്ലാത്തൊരു സ്വാഭാവികത സംസിദ്ധമാണ്.

ടോൾസ്റ്റോയിയുടേയും ഡാസ്റ്റവസ്കിയുടേയും ആവിർഭാവത്തോടുകൂടി റഷ്യൻ സാഹിത്യത്തിൽ ഒരു നവയുഗം ആരംഭിച്ചുവെന്നു പറയാം. 'The one fact that the whole world knows about Tolstoy is that, in the midst of his great and glorious artistic career, he suddenly abjured literature and art, denounced world by possessions, and said that truth was to be found in working like a peasant and thus created a sect of Tolstoyists' എന്നാണ് ടോൾസ്റ്റോയിയുടെ അനശ്വര യശസ്സ് വ്യാപിക്കുവാനുള്ള കാരണത്തെപ്പററി മോറിസ് ബാറിങ് പറയുന്നതു്. സൂക്ഷ്മാവലോകനത്തിൽ ടോൾസ്റ്റോയിക്കുള്ള പാടവം അന്യാദൃശവും അസാധാരണവുമത്രേ. 'സമരവും സമാധാനവും' എന്ന അദ്ദേഹത്തിൻെറ കൃതി ഒരാധുനിക ഗദ്യേതിഹാസമാണ്. പ്രസ്തുത ഗ്രന്ഥത്തിൽ ജനങ്ങളുടെ ദീർഘമായൊരു വംശപരമ്പര ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ടോൾസ്റ്റോയിയുടെ മറെറാരു സുപ്രസിദ്ധകൃതിയാണ് 'അന്നകരിണീന'. അതിലദ്ദേഹം സമകാലിക പ്രഭുജീവിതത്തെ ചിത്രീകരിക്കുന്നു. ലെവിൻ എന്ന നായകൻ ടോൾസ്റ്റോയ് തന്നെ. ഇവിടേയും, സത്യവും പ്രകൃതിയുമായുള്ള ബന്ധം അത്രയ്ക്കഭേദ്യവും യാഥാത്മ്യം അത്രയ്ക്കുഗാഢവുമായതുകൊണ്ടു് റഷ്യയോടു് അപരിചിതനായ അനുവാചകൻ റഷ്യയെ വിസ്മരിക്കുകമാത്രമല്ല, കഥ, അതു് എന്തുതന്നെയായാലും സ്വരാജ്യത്തിൽവച്ചാണ് സംഭവിച്ചതെന്നു വിചാരിച്ചുപോകുകയുംചെയ്യും. അന്തഃപ്രകാശം മാത്രമല്ല ബഹിർദീപ്തിയും നമുക്കദ്ദേഹം കാണിച്ചുതരുന്നു. ഭൗതികതുഷ്ടിയിൽനിന്നും മതതത്വഗവേഷണത്തിലേക്കുള്ള ഒരു പുരോഗമനമായി ടോൾസ്റ്റോയി സ്വജീവിതത്തെ ലെനിൻ എന്ന നായകനിലൂടെ പ്രത്യക്ഷമാക്കുന്നു.

ഏററവും വലിയൊരു വിപ്ലവകാരികൂടിയാണ് ടോൾസ്റ്റോയി. റഷ്യൻ സാഹിത്യകാരന്മാരെല്ലാവരും (1917-നുമുമ്പ്) നാടുകടത്തപ്പെട്ടവരും യാതനാപൂർണ്ണമായ ജയിൽവാസമനുഭവിച്ചവരുമാണ്. എന്നാൽ ടോൾസ്റ്റോയിയെ മാത്രം സമീപിക്കുവാൻ ഗവമ്മെൻറിനു ധൈര്യമുണ്ടായില്ല. അസാധാരണമായ സ്വാതന്ത്ര്യത്തോടുകൂടി റഷ്യൻ രാഷ്ട്രീയപ്രശ്നങ്ങളേയും ദുഷിച്ച സാമുദായികാചാരങ്ങളേയും അദ്ദേഹം അപലപിച്ചുപോന്നു. അദ്ദേഹത്തിൻെറ അപ്രതിരോധ്യമായ അധികാരത്തെ ഔദ്യോഗികശക്തിക്കെതിരായുള്ള ചിന്താസ്വാതന്ത്ര്യത്തിൻെറ പ്രഥമവും മഹത്തരവുമായ വിജയമായി നമുക്കു ഗണിക്കാം.

റഷ്യൻ സാഹിത്യക്ഷേത്രത്തിൻെറ രണ്ടാമത്തെ സ്തൂപമാണ് ഡാസ്റ്റവസ്കി. ആരോഗ്യത്തിൻെറ അവതാരമായിരുന്നതിനാൽ, ഭൗതികവും വികാരോത്തേജകവുമായ എല്ലാ പ്രമുഖവസ്തുക്കളുടേയും ഒരു പരിപൂർണ്ണ ചിത്രകാരനായിരുന്നു ടോൾസ്റ്റോയി. പ്രത്യുത, അനാരോഗ്യനെങ്കിലും, ഡാസ്റ്റവസ്കിക്ക് സ്വപ്രജ്ഞാനാതീതമായ സംഭവങ്ങളേയും കുററവാളികളേയും, ഉന്മത്തന്മാരേയും അധഃപതിച്ചവരേയും മിസ്റ്റിക്കുകളേയും ചിത്രീകരിക്കുന്നതിൽ

അന്യാദൃശമായ പാടവമുണ്ടായിരുന്നു. ടോൾസ്റ്റോയിയുടെ ഹൃദയം ഇടുങ്ങിയതും ആശയം നാസ്തിക്യഭരിതവുമായിരുന്നു. വിശാലഹൃദയനും ആസ്തികനുമായിരുന്നു ഡാസ്റ്റവസ്കി. ഡാസ്റ്റവസ്കിക്ക് യഥാർത്ഥലോകത്തെ സംബന്ധിച്ച് ടോൾസ്റ്റോയിയേക്കാളും കുറഞ്ഞ ജ്ഞാനമേ ഉണ്ടായിരുന്നുള്ളു. ടോൾസ്റ്റോയിയുടെ കൃതികളെല്ലാം അദ്ദേഹത്തിൻെറ ആത്മകഥാകഥനങ്ങൾ മാത്രമാണ്. നേരേമറിച്ച് ഡാസ്റ്റവസ്കിയെപ്പററി യാതൊന്നും അദ്ദേഹത്തിൻെറ കൃതികളിൽനിന്ന് നമുക്കറിയുവാൻ സാധിയ്ക്കുന്നില്ല. 'Poor Folk' എന്ന കൃതി കദനപൂരിതമായ പരിതഃസ്ഥിതികളോട് മല്ലിട്ടുനില്ക്കുന്ന ഒരു നിസ്സാരോദ്യോഗസ്ഥൻെറ ജീവിതചിത്രീകരണമാണ്. അയാൾഒരുയുവതിയിൽ തൻെറ ആശാസാഫല്യംകണ്ടെത്തുന്നു. പക്ഷെ അവസാനത്തിലവൾ ധനികനായ ഒരാളെ വിവാഹംകഴിക്കുകയാണു ചെയ്യുന്നതു്. കരുണരസപ്രതിപാദനത്തിൽ ഡാസ്റ്റവസ്കിയ്ക്കുള്ള നൈപുണ്യം അപാരമത്രെ.

866-ലാണ് അദ്ദേഹത്തിൻെറ സർവ്വോത്തമകൃതിയും 'ഡാസ്റ്റവസ്കിയുടെ മാക്ബത്ത്' എന്നു വിളിച്ചുവരുന്നതുമായ 'കുററവും ശിക്ഷയും' (Crime and punishment) പ്രസിദ്ധീകൃതമായതു്. അതിലെ നായകൻ ഒരു വേശ്യയുടെ കാല്ക്കൽവീണു പറയുന്നതു നോക്കുക: 'ഞാൻ നിൻെറ പാദങ്ങളിലല്ല പ്രണമിയ്ക്കുന്നതു്, ദുരിതമനുഭവിക്കുന്ന ലോകത്തിൻെറ പാദങ്ങളിലാണ്.' ഇതയൊരൊററ ആദർശമാണ് ഡാസ്റ്റവസ്കിയുടെ എല്ലാ കൃതികളിലും പ്രതിബിംബിയ്ക്കുന്നതു്; രക്തബാഷ്പങ്ങളെക്കൊണ്ടുവിരചിതമായ 'കുററവുംശിക്ഷയും' മനശ്ശാസ്ത്രപരമായ ഒരുത്തമാഖ്യായികകൂടിയാകുന്നു.

'ഇഡിയററ്' (Idiot) ആണ് ഡാസ്റ്റവസ്കിയുടെ മൂന്നാമത്തെ പ്രധാനകൃതി. ഏതൽകൃതിയിലെ നായകനിൽ ഗ്രന്ഥകാരൻെറ സ്വഭാവമാധുര്യം വഴിഞ്ഞൊഴുകുന്നതുകാണാം. 'ഡെവിൾസ്' (Devils) എന്ന മറെറാരു കൃതി റഷ്യയിലെ രാഷ്ട്രീയവും സാമുദായികവുമായ കാര്യങ്ങളെ പ്രതിപാദിക്കുന്നു.

എന്നാൽ ഡാസ്റ്റവസ്കിയും തൻെറ മുൻഗാമികളെപ്പോലെ ഒരു തികഞ്ഞ കലാകാരനായിരുന്നില്ല. അരൂപങ്ങളാണ് അദ്ദേഹത്തിൻെറ കൃതികളെല്ലാം. ഭാഷാരീതി (Style) യെസംബന്ധിച്ച് അദ്ദേഹമൊട്ടും മനസ്സുവച്ചിരുന്നില്ല. പക്ഷെ ഒരു പദമെങ്കിലും മാററുവാൻ പാടില്ലാത്തത്ര സുദൃഢവും ആശയസമ്പന്നവുമായിരുന്നു അദ്ദേഹത്തിൻെറ രചന. താൻ കണ്ട ജീവിതത്തെ അപ്പടി കാവ്യത്തിൽ പകർത്തുക മാത്രമേ അദ്ദേഹം ചെയ്തിട്ടുള്ളു. ലോകത്തിനുള്ള ഡാസ്റ്റവസ്കിയുടെ സന്ദേശമിതാണ്. 'ആരേയും വിമർശിക്കരുതു്. എളിയതരത്തിലുള്ള സ്നേഹം അക്രമത്തെക്കാളും കൂടുതൽ ദ്രോഹംചെയ്യുന്നൊരു ഭയങ്കരശക്തിയാണ്. ദൃഢപ്രേമത്തിനു മാത്രമേ ശാന്തിനൽകുവാൻ സാധിക്കുകയുള്ളു. മനുഷ്യരെ സ്നേഹിക്കുക. പാവങ്ങളോട് അവജ്ഞതോന്നരുതു്. ദൈവത്തോട് നങ്ങൾക്ക് സന്തുഷ്ടിനൽകുവാൻ പ്രാർത്ഥിക്കുക; മാത്രമല്ല, ശിശുക്കളെപ്പോലെയും പക്ഷികളെപ്പോലെയും സന്തുഷ്ടരായിരിക്കുകയും ചെയ്യുക.'

കല സന്മാർഗ്ഗപരമായിരിക്കണമെന്നില്ലെങ്കിൽക്കൂടി സന്മാർഗ്ഗപരമായിരിക്ക

* ഒരു കവീന്ദ്രന്റെ യുക്തിവാദം

(കെ. ആർ. കുന്നത്ത്)

"അത്യന്തകോമളതയാർന്ന മതപ്രസൂനം കുത്തിച്ചതയ്ക്കിൽ മധുവോ മണമോ ലഭിക്കാ" എന്ന് ഋഷികുമാരനായ കുമാരനാശാൻ പറഞ്ഞിട്ടുണ്ട്. ഒരു തികഞ്ഞ ആസ്തികനായിരുന്ന ആശാന്റെ അഭിപ്രായത്തിൽ മതവിശ്വാസം എന്നുള്ളതു പരമസുന്ദരമായ ഒരു പുഷ്പമാണ്. അതിന്റെ സൌന്ദര്യവും, സുഗന്ധവും ആസ്വദിക്കയെല്ലാതെ അതിനെ കീറിമുറിച്ച് അപഗ്രഥനംചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നാണ് ആശാന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ ആസ്തിക്യബുദ്ധി വേറേ പലേടത്തും ഇതേരീതിയിൽ പ്രകടിതമാക്കിയിട്ടുണ്ട്. പുണ്യശ്ലോകനായ കേരളപാണിനിയുടെ "പ്രസാദമാല" എന്ന കാവ്യത്തിന്റെ അവസാനഭാഗത്ത് എല്ലാ മനുഷ്യരുടെ ഉള്ളിലും ഈശ്വരവിശ്വാസമുണ്ടെന്നും ഈശ്വരൻ ഇല്ലെന്നു ചിലർ പറയുന്നതു വെറും അഹങ്കാരം നിമിത്തമാണെന്നും പറഞ്ഞിട്ടുണ്ട്. കലയിലും ശാസ്ത്രത്തിലും ഒരുപോലെ നിസ്തുല്യവൈദഗ്ധ്യം സമ്പാദിച്ചിരുന്ന രണ്ടു മഹാശയന്മാരുടെ അഭിപ്രായങ്ങളാണ് ഇപ്പറഞ്ഞത്. എന്നാൽ ഇവരെപ്പോലെയോ ഇവരെക്കവിഞ്ഞോ കലയിലും, ശാസ്ത്രത്തിലും പ്രാഗത്ഭ്യം നേടിയിട്ടുള്ള ചില മഹാപുരുഷന്മാർ ഭിന്നാഭിപ്രായക്കാരാണ്. നൂറിൽപരം സംവത്സരങ്ങൾക്കു മുമ്പ് ഷെല്ലി എന്ന ആംഗ്ലേയകവീശ്വരൻ "നിരീശ്വരത്വത്തിന്റെ ആവശ്യകത"യെപ്പറ്റി ഒരു ലേഖനം എഴുതി പ്രചരിപ്പിച്ചതുകാരണം കാളേജിൽനിന്നും ബഹിഷ്കൃതനായി. അനന്തരകാലത്ത് ആദ്ധ്യാത്മികകാര്യങ്ങളിൽ ഒരു വിശ്വശക്തിയായി പരിണമിച്ചുവെങ്കിലും ഷെല്ലിയുടെ ആദികാലത്തെ യുക്തിവാദങ്ങൾ ശ്രദ്ധേയങ്ങളാകുന്നു. ഇന്നു ജീവിച്ചിരിക്കുന്ന കവീന്ദ്രന്മാരിൽ അഗ്രഗണ്യനായ ഹരീന്ദ്രനാഥന്റെ കവിതകളിൽ ആത്മീയപരിമളം നല്ലതുപോലെ പ്രസരിക്കുന്നുണ്ടെങ്കിലും അദ്ദേഹം ഉന്നയിച്ചിട്ടുള്ള യുക്തിവാദങ്ങൾ ഏതൊരു വിചാരശീലനേയും ആകർഷിക്കുന്നതാണ്. ഇന്നത്തെ മസ്തിഷ്കമല്ലന്മാരായ ബർണാഡ്ഷാ, എച്ച്. ജി. വെൽസ്, ബർട്രൻറ് റസ്സൽ മുതലായവരും യുക്തിവാദത്തിനു നൽകി

* ഈ ലേഖനത്തിൽ ഉദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങൾ ശ്രീ. എം. പി. അപ്പന്റെ "ജീവിതോത്സവം" എന്ന തർജ്ജമയിൽനിന്നാണ്.

ണം. ഭോഗാസക്തരും ഏകാധിപതികളുമായ കവികളെക്കൊണ്ട് യാതൊരു ഗുണവും ലോകത്തിനു സിദ്ധിക്കുവാനില്ല. സമുദായപരിഷ്കർത്താക്കളായ ദേശീയകവികളേയാണ് ഏതുരാജ്യത്തിനും ഒഴിച്ചുകൂടാത്തത്. ആദർശശോഭനമായ ഒരു മഹാക്ഷേത്രമാകട്ടെ കൈരളിയുടെ നിത്യനിവാസസ്ഥാനം.

യിട്ടുള്ള സ്ഥാനം എത്രയോ ഉന്നതമാണു്.

800 കൊല്ലങ്ങൾക്കു മുമ്പു നിർഭയമായി സ്വാതന്ത്ര്യാഭിപ്രായം രേഖപ്പെടുത്തുവാൻ കഴിഞ്ഞ ഒരു യുക്തിവാദിയായ കവി പേഴ്സ്യാരാജ്യത്തിൽ ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ എല്ലാപേരും വിശ്വസിച്ചു എന്നുവരുന്നതല്ല. എന്നാൽ അതൊരു വാസ്തവം മാത്രമാണു്. ഉമാർഖയ്യാം എന്ന ആ കവിയുടെ റുബായിയാത്തു് എന്ന കാവ്യത്തിൽ തെളിഞ്ഞുകാണുന്ന യുക്തിവാദം നമ്മെ ആശ്ചര്യപരതന്ത്രരാക്കുന്നു. പഴപ്പിച്ച ഇരുമ്പുതകിടിന്റെ പുറത്തുവച്ച വെണ്ണപോലെ ഉമാറിന്റെ അതിതീക്ഷ്ണമായ യുക്തിചിന്തയിൽ മതവിശ്വാസങ്ങളും, പുരോഹിതപ്രമാണങ്ങളും ഉരുകിപ്പോകുകതന്നെചെയ്യുന്നു.

ബാല്യംമുതൽതന്നെ ഉമാർ പ്രപഞ്ചരഹസ്യം മനസ്സിലാക്കുന്നതിനുവേണ്ടി പല സിദ്ധന്മാരെയും, യോഗികളെയും സമീപിച്ചിരുന്നു. പക്ഷെ അതുകൊണ്ടുണ്ടായ ഫലം എന്തായിരുന്നു എന്നു കവി പറയുന്നു.

"ഞാനെൻശൈശവവേളതൊട്ടുകുതുകാൽ
തത്വം ഗ്രഹിച്ചീടുവാൻ
ജ്ഞാനാംബോധികൾ സിദ്ധയോഗികളെഴും
ദിക്കൊക്കെയും ചുററിനേൻ;
ഞാനോരോപരലോകവാദമവിടെ-
ഗ്ഗംഭീരമായ്ക്കേൾക്കിലും
താനേപോന്നിതുപോയ വാതിൽവഴിഞാൻ
നൈരാശ്യസംപൂർണ്ണനായ്."

ലോകതത്വം ഗ്രഹിക്കുന്നതിനുവേണ്ടി അദ്ദേഹം വളരെക്കാലം ശ്രമിച്ചു എന്നും ഒടുവിൽ തനിക്കു് അനുമിക്കാൻ കഴിഞ്ഞതു് ലോകജീവിതം അനിശ്ചിതവും ക്ഷണികവും ആണെന്നും ആയിരുന്നുവെന്നു താഴെ ഉദ്ധരിച്ചിട്ടുള്ള ശ്ലോകത്തിൽനിന്നും വ്യക്തമാകുന്നു.

"ജ്ഞാനത്തിൻചെറുവിത്തുപാകി അവരോ
ടൊന്നിച്ചുഞാൻ, തെല്ലുമ-
ങ്ങുനംതട്ടരുതെന്നുറച്ചുവളമെൻ
കൈതന്നെനൽകീചിരം;
ഞാനന്നാൾവിളകൊയ്തെടുത്തതുതാൻ.-
"നീർത്തുള്ളി"പോൽ വന്നുഞാൻ
വാനത്തേയ്ക്കൊരുകാററുപോലിനിയുയ-
ന്നെങ്ങോ മറഞ്ഞിടുമേ."

പ്രത്യേകമായ ഉദ്ദേശം ഇല്ലാതെ ഒഴുകിപ്പോകുന്നജലംപോലെ എവിടെനിന്നു എന്തിനുവന്നു എന്നറിവാൻ നിവൃത്തിയില്ലാതെ താനും ഈലോകത്തിൽഎത്തിച്ചേർന്നു എന്നും മണലാരണ്യത്തിൽ വെറുതെ വീശുന്ന കാററിനെപ്പോലെ നിരാലംബനായി എങ്ങോട്ടാണു താൻ പോകുന്നതെന്നറിയുന്നില്ലെന്നുമാണു് ഉമാറിന്റെ അഭിപ്രായം.

"എങ്ങുന്നെന്തിനുവന്നതെന്നറിയുവാ
നാകാതെപോന്നിടിനേ-
നിങ്ങുദ്ദേശ്യമിയന്നിടാതെയൊഴുകും
വെള്ളത്തിനോടൊപ്പമായ്;
വിങ്ങിപ്പൊങ്ങിമരുസ്ഥലത്തുവെറുതേ
വീശുന്നകാററെന്നപോ-
ലെങ്ങോട്ടേയ്ക്കിനിനിസ്സഹായനിലയിൽ-
പ്പോന്നെന്നറിഞ്ഞീലഞാൻ."

ഇഹപരലോകങ്ങളെപ്പററി പലതും തർക്കിച്ചു പേരെടുത്ത പ്രാമാണികന്മാരെ കവി

എത്രശക്തിയായിട്ടാണു് ആക്ഷേപിച്ചിരിക്കുന്നതെന്നു നോക്കുക:-

"ലോകംരണ്ടിനെയുംകുറിച്ചുപലതും
 വാദിച്ചുപേരാന്നോരാ-
പ്പാകംപൂണ്ടുവിവേകശക്തികലരും
 യോഗീന്ദ്രരുംവിജ്ഞരും
ഹാ! കഷ്ടം പടുഭോഷർപോൽവിഗണിത
 ന്മാരായ്, തദീയോക്തിയോ
ലോകത്തിന്നു ഹസിക്കുവാൻവകയുമായ്,
 വായ്മണ്ണടിഞ്ഞോരവർ."

ആ മതപ്രമാണികളായ പണ്ഡിതന്മാർ മറയന്മാരേപ്പോലെ അഗണ്യകോടിയിൽ തള്ളപ്പെട്ടിരിക്കുന്നു. അവരുടെ വാക്കുകൾ മനുഷ്യലോകത്തിൻെറ പരിഹാസത്തിനു പാത്രമായിരിക്കയാണു്. നാക്കെടുക്കാൻ പാടില്ലാത്തവണ്ണം അവരുടെ വായിലും മണ്ണടിഞ്ഞു. പരലോകസുഖത്തിനുവേണ്ടി ഇഹലോകത്തു കഷ്ടപ്പെടുന്ന ആളുകളെ ഉമർ കളിയാക്കിയിരിക്കുന്നതു് ആർക്കും മറക്കാൻ കഴിയുന്നതല്ല.

"ചിന്താവീചിയിൽവീണു താണുചിലരി-
 'ങ്ങിന്നേ'യ്ക്കൊരുങ്ങീടവേ
അന്തർഭീതിയൊടന്യർ"നാളെ"യെ നിന-
 ച്ചേററംവിഷാദിക്കവേ
പൊങ്ങുംക്രൂരിരുൾ മച്ചിൽനിന്നുമൊരുവൻ
 ചൊല്ലുന്നു: "ഹേ മൂഢരേ,
നിങ്ങൾക്കുഴിയിലില്ലഹോ! പ്രതിഫലം
 സ്വർഗ്ഗത്തിലും നാസ്തിയാം."

വിവിധചിന്തകൾകൊണ്ടു ചിലർ ലൗകികസുഖത്തിനായി ഉഴലുന്നു. മററു ചിലർ പാരത്രികജീവിതത്തെപ്പററി വിചാരിച്ചു വ്യസനിക്കുന്നു. ഇരുട്ടടഞ്ഞ ഒരു മച്ചിൻെറ പുറത്തുനിന്നും ഒരുവൻ മുൻപറഞ്ഞ രണ്ടുകൂട്ടരും മറയരാണെന്നും അവരുടെ വിഷാദംകൊണ്ടു പ്രയോജനമില്ലെന്നും അവർക്കു് ഇഹലോകത്തും പരലോകത്തും പ്രതിഫലം ഇല്ലെന്നും പറയുന്നു.

പ്രാർത്ഥനകൊണ്ടു യാതൊരു ഫലവുമില്ലെന്നു് ഇന്നത്തെ യുക്തിവാദികൾ പറയാറുണ്ടല്ലോ. ഈ തത്വം എത്ര ഹൃദയാവർജ്ജകമായ രീതിയിലാണു് ഉമർ പ്രകാശിപ്പിച്ചിട്ടുള്ളതെന്നു നോക്കുക:-

"മണ്ണിൽപ്പൊട്ടിവിടർന്നപൂപ്പുലരിയിൽ
 പ്രത്യാശപൂണ്ടാദരാൽ
വിണ്ണിൻമുന്തിരിനീർകുടിക്കുവതിനായ്
 മേല്പോട്ടുനോക്കുന്നപോൽ
എണ്ണുന്നോ ഭയഭക്തിപൂർവ്വമനിശം
 ധ്യാനിക്കുവാൻശൂന്യമാം
കിണ്ണംപോലിനിവിണ്ണുനിന്നെയദയം
 മണ്ണിൽക്കമിഴ്ത്തുംവരെ."

"വിധി നിഷ്കരുണനായി ഒരു കിണ്ണമെന്നതുപോലെ നിന്നെ കമിഴ്ത്തുന്നതുവരെ (നീ മരിക്കുന്നതുവരെ) മണ്ണിൽനിന്നുണ്ടായിവികസിച്ചുനില്ക്കുന്ന പ്രഭാതപുഷ്പം ആകാശത്തുനിന്നുവരുന്ന മുന്തിരിച്ചാറുകുടിക്കാൻ നോക്കുന്നതെപ്രകാരമോ അപ്രകാരം ഭയഭക്തിപൂർവ്വം മേല്പോട്ടുനോക്കി പ്രാർത്ഥിക്കുവാൻ നീ ഇഷ്ടപ്പെടുന്നുണ്ടോ?" നാം ഒഴിഞ്ഞ കിണ്ണം കമിഴ്ത്തുന്നതുപോലെയാണു് നിയതി നമ്മുടെ ഐഹികജീവിതം അവസാനിപ്പിക്കുന്നതു്. ഇവിടെ മനുഷ്യജീവിതത്തെ പൂവിനോടുപമിച്ചിരിക്കുന്നു. പൂവിനു സ്വർഗ്ഗത്തിലെ വീഞ്ഞുകിട്ടുന്നില്ല. അതുപോ

ലെ പ്രാർത്ഥനകൊണ്ടു് യാതൊരു ഫലവുമില്ലെന്നു കവി ഹാസ്യമായി പറയുന്നു.

വിശ്വാസത്തിൽമാത്രം സ്ഥിതിചെയ്യുന്ന മരണാനന്തരാനുഭവങ്ങളെപ്പററി ഉമാറിന്റെ അഭിപ്രായം ഇതാണു്.

"വിശ്വാസത്തിലെഴുന്നഭാവിഫലമോ-
രോന്നുംഭയന്നിട്ടുഞാ-
നാശ്വാസംതരുമെന്റെജീവിതരസം
പാടേയുപേക്ഷിക്കയോ!
ദൃശ്യംപൂന്തനുപൂഴിയാകുമളവിൽ
ക്കിണ്ണംനിറച്ചീട്ടുവാൻ
ശശ്വത്സൌഖ്യദമാം സുധയ്ക്കുവെറുതേ-
യാശിച്ചു ഞാൻവാഴ്കയോ!"

"മരണത്തിനുശേഷം ഉണ്ടാവുന്ന അനുഭവങ്ങൾ വിശ്വാസത്തിൽ മാത്രം സ്ഥിതി ചെയ്യുന്നവയാണല്ലോ. അവയെ ഭയന്നു് ഇന്നു് ആശ്വാസംതരുന്ന ജീവിതാനന്ദം ഉപേക്ഷിക്കുന്നതെങ്ങനെയാണു്? നശിച്ചു പോകുന്ന കോമളമുഖമായ ഈ ശരീരം മണ്ണായിത്തീരുമ്പോൾ കിണ്ണം നിറയ്ക്കുവാനായി ശാശ്വതമായ ആനന്ദം നൽകുന്ന അമൃതം കിട്ടുമെന്നു വെറുതെ ആശിച്ചുകൊണ്ടു് ജീവിക്കുവാൻ ആർക്കാണു കഴിയുന്നതു്?" മരണത്തിനുശേഷം ഉണ്ടെന്നു പറയപ്പെടുന്ന അനുഭവങ്ങളിൽ കവിക്കു തീരെ വിശ്വാസമുണ്ടായിരുന്നില്ലെന്നു് ഈ ശ്ലോകം തെളിയിക്കുന്നു. ഇഹലോകജീവിതം അവസാനിച്ചാൽ പിന്നീടു് എന്തെങ്കിലും സംഭവിക്കുന്നുണ്ടോ എന്നു പറയുവാൻ ആർക്കും സാദ്ധ്യമല്ലെന്നുള്ള തത്വം ഉമാർ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.—

"എന്തത്യത്ഭുതമോർക്കി, ലന്ധതമസം
ചൂഴും കവാടത്തിലൂ-
ടന്തംവിട്ട മനുഷ്യകോടി തുടരെ-
പ്പോകുന്നതുണ്ടെങ്കിലും
എന്തെല്ലാമവർ കണ്ടുവെന്നുപറവാ-
നെത്തുന്നതില്ലാരുമേ,
നാം താനായതറിഞ്ഞിടാനിനി മടി-
ക്കാതേയിറങ്ങേണ്ടതാം."

"ഇരുൾനിറഞ്ഞ വാതിലിൽക്കൂടി അനേകലക്ഷം മനുഷ്യർ തുടർച്ചയായി പൊയ്ക്കൊണ്ടിരിക്കുന്നുവെങ്കിലും തങ്ങൾ എന്തെല്ലാം കണ്ടു എന്നു പറയുന്നതിനായി അവരിൽ ആരുംതന്നെ തിരിച്ചുവരുന്നില്ല എന്നുള്ള കാര്യം എത്ര ആശ്ചര്യകരമാണു്. അവർ കണ്ടതു് എന്തെന്നറിവാനായി നമ്മളും ഇറങ്ങിയേ തീരൂ."

ദീർഘദർശികളെപ്പററി ഉമാറിനു മോശമായ അഭിപ്രായമാണുണ്ടായിരുന്നതു്.

"പേരാളുന്നമുനീന്ദ്രർ,യോഗികൾ, മഹാ-
സൂരീന്ദ്രരും പണ്ടുപ-
ണ്ടോരോമട്ടിലുരച്ച പാഴ്ക്കഥകളാ-
ണാദർശനശ്രേണികൾ
വീരന്മാരവർ ദീർഘദർശികളഹോ!
സ്വപ്നത്തിലെക്കാഴ്ചയ-
ന്നാരാൽ കൂട്ടരൊടോതിയിട്ടവരുറ-
ങ്ങാൻപോയിതേ പിന്നെയും"

മതസ്ഥാപകന്മാർക്കും മററും ഉണ്ടായി എന്നു പറയപ്പെടുന്ന ദർശനങ്ങൾക്കു കേവലം കെട്ടുകഥകളുടെ പ്രാധാന്യമേ കവി നൽകിയിട്ടുള്ളു. ധ്യാനത്തിന്റെയോ, തപസ്സിന്റെയോ ഫലമായിട്ടാണു് ഓരോ ദീ

ർഘദർശിയും പ്രവചനങ്ങൾക്കു് ഒരുമ്പെട്ടിട്ടുള്ളതു്. അവരുടെ ധ്യാനം ഉറക്കമായും ഉറക്കത്തിലെ കാഴ്ച അഥവാ സ്വപ്നം ദർശനമായും കവിക്കു തോന്നുന്നു. അവക്കും മരണത്തെ തടയാൻ കഴിഞ്ഞില്ലെന്നു പ്രസ്താവിച്ചിരിക്കുന്നതിനാൽ ജീവിതം ഉറക്കത്തിനോ ധ്യാനത്തിനോ ആയിട്ടുള്ളതല്ലെന്നും സുഖിക്കുവാനായിട്ടുള്ളതാണെന്നും ഉമാർ ധ്വനിപ്പിച്ചിരിക്കുന്നു.”

സ്വർഗ്ഗനരകങ്ങളെപ്പററി ഉമാറിനുള്ള അഭിപ്രായവും പ്രത്യേകം ശ്രദ്ധേയമാണു്.

“എന്നാത്മാവിനെ ഞാനയച്ചു പരലോ-
കത്തിന്റെ സത്യം ഗ്രഹി-
ച്ചെന്നോടോതുവതിന്നദൃശ്യതരമാം
മാർഗ്ഗത്തിലൂടാശയാൽ
മന്ദംമന്ദമതെന്നടുത്തു തിരിയെ-
പ്പോന്നീവിധംചൊൽകയായ്;
ഒന്നേയുള്ളുധരിക്കുവാൻ, നരകവും
ഞാൻതന്നെയാസ്വർഗ്ഗവും.”

“പരലോകത്തിന്റെ യാഥാർത്ഥ്യം അറിയുന്നതിനുവേണ്ടി, കാണാൻപാടില്ലാത്ത വഴിയിൽക്കൂടി ഞാൻ എന്റെ ആത്മാവിനെ അയച്ചു. നരകവും സ്വർഗ്ഗവും എന്നിൽത്തന്നെയാണു സ്ഥിതിചെയ്യുന്നതെന്നു് അതു് എന്റെ അടുക്കൽ വന്നുപറഞ്ഞു.” തന്റെ ആത്മാവിനെ പരലോകത്തേക്കു് അയച്ചു എന്നു പറഞ്ഞിരിക്കുന്നതു കവിയുടെ വളരെക്കാലത്തെ ചിന്തയെയാണു സൂചിപ്പിക്കുന്നതു്. സ്വർഗ്ഗനരകങ്ങളെക്കുറിച്ചു തനിക്കുള്ള അഭിപ്രായം ഉമാർ വിശദീകരിക്കുന്നു.—

“സായുജ്യപ്പദമെന്നു നമ്മൾസതതം
വാഞ്ഛുന്നതാം സ്വർഗ്ഗമോ
സാഫല്യംകലരുന്നൊരാശകളെ നാം
ദർശിപ്പതാണോർക്കുകിൽ;
പൊന്തുന്നേതൊരിരുട്ടിൽനമ്മൾതിരിയെ-
ച്ചേരേണമോ, ആയതിൽ
വെന്തീടുന്നൊരുദേഹി വീശിയ നിഴൽ-
പ്പാടാണു പാതാളവും.”

“മോക്ഷം നല്കുവാൻ പര്യാപ്തമാണെന്നു നാം വാഞ്ഛുന്ന സ്വർഗ്ഗം എന്നതു നമ്മുടെ അഭിഗ്രഹങ്ങളെ സാധിതപ്രായത്തിൽ നാം കാണുന്നതുമാത്രമാണു്. ഏതൊരിരുട്ടിലാണോ നാം തിരിച്ചുചെല്ലുന്നതു് ആ ഇരുട്ടിൽ നമ്മുടെ സങ്കടപ്പെടുന്ന ആത്മാവു പതിപ്പിക്കുന്ന നിഴലാണു നരകം. സ്വർഗ്ഗനരകങ്ങൾ ഉണ്ടെന്നുള്ള ധാരണ തെററാണെന്നു് ആശ സാധിക്കുന്നവക്കു് സ്വർഗ്ഗവും, വ്യസനത്തിൽ മുങ്ങിയിരിക്കുന്നവക്കു് നരകവും സൃഷ്ടിക്കുവാൻ കഴിയുന്നതാണെന്നു കവി പ്രസ്താവിച്ചിരിക്കുന്നു.”

മതശാസനങ്ങൾക്കു വിധേയരായിക്കഴിയുന്ന മനുഷ്യന്റെ അവശതയെപ്പററി ഉമാർ പറഞ്ഞിട്ടുള്ളതു ചിന്തോദ്ദീപകമാണു്.

“കാഠിന്യംകലരുന്നശിക്ഷയെ ഭയ-
ന്നാനന്ദമാർന്നീടുവാൻ
പാടില്ലെന്നു നിഷേധമാകിന നകം-
തൻനേർക്കു കോപിക്കുവാൻ
ഏതുംബോധമെഴാത്ത ശൂന്യതയിൽനി-
ന്നുത്പാദനംചെയ്കയോ
ചൈതന്യാത്മകമാകുമൊന്നിനെ ശരി-
യ്ക്കാലംബമില്ലാതെനാം!”

ലൌകികസുഖാനുഭവത്തിനുവേണ്ടി മാത്രം ജീവിക്കുന്നതു പാപകരമാണെന്ന വിശ്വാസത്തെയാണു് ഇവിടെ നരകമായി കല്പിച്ചിരിക്കുന്നതു്. അപ്രകാരംജീവിക്കുന്നവക്കു അതികഠിനമായ ശിക്ഷകിട്ടുമെന്ന വിചാരം ചില മനുഷ്യക്കുണ്ടു്. ആ ശിക്ഷയെ നിസ്സാരമെന്നു കരുതി ജീവിക്കുവാൻ വലുതായ മനഃസ്ഥൈര്യം ആവശ്യമായിരിക്കുന്നു. ഭയനിയമായ ഈ അവസ്ഥയെയായിരിക്കണം കവി സൂചിപ്പിച്ചിട്ടുള്ളതു്. ഉമാർ തുടരുകയാണു്.

"അയ്യോ! കെല്പിയലാത്ത ജീവിയെയടി-
ച്ചേല്പിച്ച പാഴേടിനെ-
ത്തിയ്യെപ്പോൾത്തകിടായ്ക്കൊട്ടപ്പതിന-
ച്ചോദിക്കയോ നിർദ്ദയം! (വൻ
ചെയ്യാത്തോരിടപാടിലുള്ളൊരുകടം
വീടാൻ ഞെരുക്കുന്നിതേ
വയ്യല്ലോ മറുവാക്കുചൊല്ലുവതിനി-
ക്കച്ചോടമന്യായമേ."

പ്രലോഭനങ്ങൾക്കു വശംവദരാകത്തക്കവണ്ണമുള്ള പരിതഃസ്ഥിതികളിൽമനുഷ്യരെ സൃഷ്ടിച്ചിട്ടു് അവർ അവയെ എതിർത്തു പരിശുദ്ധജീവിതം നയിക്കണമെന്നു പറയുന്നതും അപ്രകാരം ചെയ്യാത്തവക്കു് അഭിപ്രായസ്വാതന്ത്ര്യംപോലും നൽകാതിരിക്കുന്നതും ന്യായമല്ലെന്നാണു് ഉൽപതിഷ്ണുവായ ഉമാറിൻെറ അഭിപ്രായം. ഉമാർ വീണ്ടും പറയുന്നു:—

"എൻമാർഗ്ഗത്തിലരിവകൌശലമൊട്ടും
ഹാ! ഗൂഢമായ്മുന്നമേ
വൻമുൾക്കണ്ടകളും കുരുക്കുപലതും
സ്ഥാപിച്ചിരിക്കുന്നു നീ;
കൺമാറി,ക്കുഴിയിൽപതിച്ചിട്ടകിൽഞാൻ
പാപിഷ്ഠനായ്പ്പോയതായ്
ചുമ്മാതേ പഴിയോതുവാനകരുണം
നീതാനൊരുങ്ങീടുമേ!"

ജീവിതത്തിൽ പല രീതിയിലുള്ള പ്രലോഭനങ്ങൾ ഉണ്ടാകുന്നതിനു് ഹേതുഭൂതൻ സൃഷ്ടികർത്താവാണെന്നും അതിനാൽ ആ പ്രലോഭനങ്ങൾക്കു കീഴടങ്ങുന്നതിൽ ആരെയും കുറപ്പെടുത്തുന്നതു ശരിയല്ലെന്നുമാണു് ഇതിൻെറ സാരം.

ഉമാർ എത്രമാത്രം സ്വതന്ത്രനായിരുന്നുവെന്നുംഈശ്വരനിൽഅദ്ദേഹത്തിനു്എത്രമാത്രം വിശ്വാസമുണ്ടായിരുന്നുവെന്നും താഴെഉദ്ധരിക്കുന്ന ശ്ലോകത്തിൽനിന്നും മനസ്സിലാക്കാം.

"പാഴ്മണ്ണാൽവിരചിച്ചു മാനവനെ നീ,
സ്വർഗ്ഗീയലോകത്തിലും
ഭീമത്വംകലരുന്ന സർപ്പവരനെ
സൃഷ്ടിച്ചുകുററത്തിനായ്
താഴ്മപ്പെട്ടിനി മാപ്പുവാങ്ങുകയുടൻ;
വമ്പിച്ചപാപങ്ങളാൽ
ഹാ! മർത്ത്യൻെറമുഖംകറുത്തതിനുമി-
ന്നീശ്വരൻ മാപ്പേകുക."

"മണ്ണുകൊണ്ടുനീ മനുഷ്യനെ നിർമ്മിച്ചു. സ്വർഗ്ഗംപോലെയുള്ള ആ ലോകത്തിലും ഭയങ്കരനായ ഒരു സർപ്പത്തിനെ സൃഷ്ടിച്ചു. ആ പ്രവൃത്തിക്കായി താഴ്മയോടുകൂടി മാപ്പുവാങ്ങുക. നിൻെറ ദൃഷ്ടിയിൽ പാപം നിമിത്തം മനുഷ്യൻെറ മുഖം കറുത്തുപോയതിനു നീ സ്നേഹത്തോടുകൂടി മാപ്പുകൊടുക്കുക." ആദിപിതാക്കളായ ആദാമിനും

ഹയ്യാമും ഏദൻതോട്ടത്തിൽ ഉണ്ടായ അനുഭവങ്ങളെപ്പററിയാണു് കവി ഇവിടെ സൂചിപ്പിച്ചിട്ടുള്ളതു്. ഈശ്വരനോടുപോലും മനുഷ്യരിൽനിന്നു മാപ്പുവാങ്ങണമെന്നു പറയാൻ തുടങ്ങിയ ഒരു കവിയുടെ മനുഷ്യത്വമില്ലായ്മയെപ്പററി മതവിശ്വാസികൾക്കു് അരിശമുണ്ടായേക്കാം എന്നാൽ യുക്തിവാദിയായ ഒരു ചിന്തകൻെറ നിർഭയത്വവും, ആത്മാർത്ഥതയുമാണു് മുകളിൽ ഉദ്ധരിച്ച അതിതീക്ഷ്ണങ്ങളായ വരികളിൽ ദൃശ്യമാകുന്നതു്.

ഇങ്ങനെ നോക്കുമ്പോൾ ഉമർസാഹിത്യത്തിൽ എങ്ങും യുക്തിവാദം അത്യുജ്ജ്വലമായി തിളങ്ങുന്നു എന്നു് ബോദ്ധ്യപ്പെടുന്നതാണു്. ലോകത്തിലുണ്ടായിട്ടുള്ള യുക്തിവാദികളായ കവീന്ദ്രന്മാരിൽ അഗ്രഗണ്യൻ രസികശിരോമണിയായ ആ പാരസികനത്രെ.

ആലുവാ പെർഫ്യൂമറീസ്

ആലുവാ

വിശേഷപ്പെട്ട സാധനങ്ങൾ

ഫേസ് പൌഡർ, ഹെയർഓയിൽ, പലതരം സെൻറുകൾ മുതലായവ ഉണ്ടാക്കി വിററുവരുന്നു. ഓരോ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ടു്.

യു ദ്ധ കാ ഹ ളം

[Marching Songs]

ഗ്രന്ഥകർത്താ, എം. പി. അപ്പൻ, എം. ഏ; എൽ. ററി.

വീരകേരളം, ഭാരതഗീതം, തുടങ്ങിയ ദേശാഭിമാനോജ്ജ്വലങ്ങളും വീരരസപ്രധാനങ്ങളും ആയ ഗാനങ്ങളുടെ സമാഹാരണം. സ്കൗട്ടുസംഘങ്ങളേയും, ഭടന്മാരേയും, സഹൃദയന്മാരേയും ഒരുപോലെ ആകർഷിക്കുന്ന ഒരു നവീനകൃതി. വിലകൂടിയ വെള്ളക്കടലാസിൽ അച്ചടിച്ചു് അതിമനോഹരമായി ബയൻറുചെയ്തിട്ടുള്ളതു്.

വില അണ 8.

ആവശ്യപ്പെടുക:— റെഡ്യാർപ്രസ്സ്, തിരുവനന്തപുരം,

പീപ്പിൾസ് ബുക്ക്സ്റ്റാൾ, തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, കോഴിക്കോടു്.

കുഷ്ഠരോഗികൾ ഭയപ്പെടേണ്ട

തീരാവ്യാധിയെന്നു തീർച്ചപ്പെടുത്തിവരുന്ന എത്ര പഴകിയ കുഷ്ഠരോഗവും രക്തദുഷ്യംമൂലമുള്ള സർവ്വവിധ ത്വക്‌രോഗങ്ങളും ക്ലിപ്തകാലാവധിക്കകം പൂർണ്ണമായും ചികിത്സിച്ചു സുഖപ്പെടുത്തുന്നതാണു്. കൂടുതൽ വിവരങ്ങൾക്കു സ്റ്റാമ്പുസഹിതം എഴുതിച്ചോദിക്കുക.

പി. കെ. നാണുവൈദ്യൻ,

എസ്. എൻ. വി. ആയുർവേദഫാർമസി, ചങ്ങനാശേരി

മഹോപാദ്ധ്യായന് മറുപടി.

(പി. ദാമോദരൻപിള്ള, ബി. എ.)

ഇക്കഴിഞ്ഞലക്കം 'സഹോദരി'യിൽ മി. ബാലരാമപ്പണിക്കർ വാസവദത്തയുടെ മാനസാന്തരത്തെപ്പറ്റിയുള്ള എന്റെ വാദത്തിന് വീണ്ടും സമാധാനം പറയാൻ ശ്രമിച്ചിരിക്കുന്നു. എന്നാൽ വെറും അപ്രധാനമെന്നനിലയിൽ എന്റെ ലേഖനത്തിന്റെ അവസാനഭാഗത്തിലേയ്ക്ക് തള്ളിയിരുന്നതും, ചില ചില്ലറവാക്യങ്ങൾ കൊണ്ട് ഏതാണ്ടൊരു അന്യഥാഭാവത്തിൽ വെറും തുഛവിചാരം ചെയ്തിരുന്നതുമായ നിർവ്വാണശബ്ദമാണ് എന്റെ മർമ്മമെന്ന് തെറ്റിദ്ധരിച്ചുകൊണ്ട് മി. പണിക്കർ തുള്ളിച്ചാടിയതു് നിഷ്പ്രയോജനമായിപ്പോയെന്ന് ആദ്യംതന്നെ പറയേണ്ടിയിരിക്കുന്നു. ആ ശബ്ദത്തിന്റെ അർത്ഥം മരണമെന്നോ, തുഷിതസ്വർഗ്ഗമെന്നോ, നിർവ്വാണമെന്നുതന്നെയോ വന്നാലും അതു് എന്റെ വാദത്തെ തെല്ലും ബാധിക്കയില്ലെന്നു കാണിക്കാൻ മാത്രമേ ആ ലേഖനാന്തം ഉദ്ദേശിക്കപ്പെട്ടിരുന്നുള്ളു. പക്ഷേ ഇപ്പോഴും മി. പണിക്കർക്ക് യഥാർത്ഥമായ ലേഖനമർമ്മം ഏതെന്ന് മനസ്സിലായിട്ടില്ല. അതിനാൽ അതിവിടെ ആവർത്തിക്കാമെന്ന് വിചാരിക്കുന്നു.

പലേടത്തായി ഞാൻ പ്രസ്തുത മർമ്മം പലതവണ വെളിപ്പെടുത്തിയിട്ടുള്ളതാണെങ്കിലും മി. പണിക്കർക്കും വേറെ ചുരുക്കം ചിലർക്കും ഇന്നും അതു് ദുർഗ്രഹമായിത്തന്നെയിരിക്കുന്നതാണ് ഒരു വലിയ അത്ഭുതം. ഒരുകുടിയൻ 10 വർഷം നിർത്താതെ കുടിച്ചശേഷം 11-ാംവർഷത്തിന്റെ ആരംഭത്തിൽ പെട്ടെന്ന് കുടി നിർത്തിയതായി പ്രഖ്യാപനംചെയ്കയും ആ നിമിഷത്തിൽ മരിക്കയും ചെയ്താൽ യഥാർത്ഥമായി കുടിനിർത്തിയ ഒരാളാണ് മരിച്ചതെന്ന് മി. പണിക്കർക്കുതന്നെയും വിശ്വാസംവരുമോ? കുലപാരമ്പര്യമായി വ്യഭിചരിക്കുന്നകൂട്ടത്തിൽപെട്ട വാസവദത്ത പെട്ടെന്ന് പരിശുദ്ധയാകയും അതേനിമിഷത്തിൽ മരിക്കയും ചെയ്താൽ യഥാർത്ഥമായി പരിശുദ്ധയായിത്തീർന്ന ഒരു സ്ത്രീയാണ് മരിച്ചതെന്ന് നിങ്ങൾക്ക് തോന്നുമോ? ഇതാണ് എന്റെ ചോദ്യം, എന്റെ വാദത്തിന്റെ മർമ്മം. ഇതു മനസ്സിലാക്കാൻ മഹോപാദ്ധ്യായന് ഇനിയും സാധിക്കുന്നില്ലെങ്കിൽ അദ്ദേഹം ഒരു നൂറുതവണ "ഇമ്പോസിഷൻ" എഴുതട്ടെ, അപ്പോൾ തലയ്ക്ക് വെളിവുവീഴുമായിരിക്കും. വാസവദത്ത സ്വർഗ്ഗത്തിലേക്കാണോ നിർവ്വാണപദത്തിലേക്കാണോ പോയതെന്നുള്ള ചോദ്യം അതിനുശേഷമേ ഉൽഭവിക്കുന്നുള്ളു. യഥാർത്ഥമായി കുടിനിർത്തിയ ഒരാളാണ് മരിച്ചതെന്ന് തീർത്തുപറയാൻ വയ്യാത്തസ്ഥിതിക്ക് അയാൾ എങ്ങോട്ടുപോയെന്ന് അന്വേഷിക്കുന്നതെന്തിന്? വാസവദത്തയ്ക്ക് മാനസാന്തരമുണ്ടായെന്നുള്ള വസ്തുത തന്നെ തെളിയിക്കേണ്ടും കാര്യമായി ശേഷിക്കുമ്പോൾ അവളുടെ മരണാനന്തരഗതിയെപ്പറ്റി ചിന്തിക്കേണ്ട ആവശ്യം ഞാൻ കാ

ണന്നില്ല. അതിനുപകരം മി. പണിക്കർ അവളുടെ ദൂഷിതസ്വർഗ്ഗപ്രാപ്തി തെളിയിക്കാൻ ബുദ്ധമതത്തിൽ കടന്നു് കണ്ട കാടും പടലുമെല്ലാം വാരിക്കെട്ടി ഏതാണ്ടു അടവിതുള്ളിനിൽക്കുന്ന ഭാവത്തിൽ സഹോദരിയിൽ പ്രത്യക്ഷനായപ്പോൾ ചിരിക്കാത്ത ചിലർകൂടി ചിരിച്ചുപോയെങ്കിൽ അതിലെന്താണത്ഭുതം?

മി. പണിക്കരുടെ മറെറാരുവാദം കവിയെ വിമശിക്കുന്നവരും അദ്ദേഹത്തോളം പാണ്ഡിത്യമുള്ളവരായിരിക്കണമെന്നുള്ളതാണു്. മി. പണിക്കരുടെ കൂട്ടുകാരിൽ ചിലർ കുമാരനാശാനെയും വള്ളത്തോളിനെയും വിമശിച്ചിട്ടു വള്ളത്തോൾ മോശക്കാരനാണെന്നു് ചില പ്രസംഗവേദികളിൽനിന്നു് വിധികല്പിക്കുന്നതു് ഞാനും എന്നെപ്പോലെ മററുപലരും കേട്ടിട്ടുണ്ടു്. പരേതനായ പി. കെ. നാരായണപിള്ളയുടെ വാദങ്ങളെ ഖണ്ഡിക്കാൻ മററുചിലർ പുറപ്പെട്ടതു് കാണുകയും ചെയ്തു. ഇക്കൂട്ടരാരും തന്നെ ആശാൻ, വള്ളത്തോൾ, പി. കെ. എന്നിവരിൽ ആരോടും കിടനില്ക്കുന്നവരല്ല. എന്നിട്ടും അവർ വിമശനത്തിൽ ഒട്ടും കുറച്ചില്ലെന്നാണു് തെളിഞ്ഞതു്. അല്ലെങ്കിലെന്തിനു്? മി. പണിക്കർ ഇപ്പോൾ ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ആശാനെ വിമർശിക്കയല്ലേ ചെയ്യുന്നതു്? അതിനുള്ള അദ്ദേഹത്തിൻെറ യോഗ്യതയെന്താണു്? എനിക്കും ആ യോഗ്യതയിൽ ഒട്ടും കൂടുതൽ ആവശ്യമുണ്ടെന്നു തോന്നില്ല ആശാനെ വിമർശിക്കാൻ. മി. മുണ്ടശ്ശേരി ഇതാ ഇപ്പോഴുംകിടന്നു് ആശാനെയും വള്ളത്തോളിനെയും നെടുകെ വിമശിക്കുന്നു. അദ്ദേഹത്തിനും അവരുടെ പാണ്ഡിത്യം ഒന്നുമില്ല. ചുരുക്കത്തിൽ മി. പണിക്കരുടെ വിമശനയോഗ്യതാമാനദണ്ഡം വച്ചുനോക്കിയാൽ ആശാനെ വിമശിക്കാൻ ആശാനും, വള്ളത്തോളിനെ വിമർശിക്കാൻ വള്ളത്തോളും മാത്രമേ ഉണ്ടായിരിക്കയുള്ളു. പക്ഷെ അവർ രണ്ടുപേരും ഈവക ഏടാകൂടത്തിനൊന്നും പോയില്ല. അവരും മററുള്ളവരെ വിമർശിക്കാൻ മാത്രമേ തുനിഞ്ഞുള്ളു. അന്നെങ്ങും മി. പണിക്കർ ആശാനോടു് സമസ്കന്ധനാകാതിരുന്നതുകൊണ്ടായിരിക്കാം ഇങ്ങനെയൊരുവാദം ഉത്ഭവിക്കാതിരുന്നതെന്നു് വിചാരിച്ചു സമാധാനപ്പെടുകയേ തല്ക്കാലം നിവൃത്തിയുള്ളു.

അടുത്തതായി മി: പണിക്കരുടെ മറെറാരു കഴമ്പില്ലാവാദമാണു് ഒരു കൃതി ആസ്വദിക്കണമെങ്കിൽ അതുൾപ്പെട്ട മതം പഠിച്ചിരുന്നേ മതിയാവൂ എന്നുള്ളതു്. ഒരു ബുദ്ധമതകഥയെന്നു് പറയപ്പെടുന്ന കരുണ ആസ്വദിച്ചു് വിമശിക്കണമെങ്കിൽ ബുദ്ധമതത്തിലെ സ്വർഗ്ഗങ്ങളുടെ എണ്ണവും, കാനേഷുമാരിയും മററും അറിഞ്ഞിരിക്കണമത്രേ. പക്ഷേ ചില സങ്കേതങ്ങൾ അറിഞ്ഞിരിക്കണമെന്നും അതു് കാവ്യത്തിലെ ചില കാര്യങ്ങൾ മനസ്സിലാക്കാൻ ഉപകരിക്കുമെന്നും പറഞ്ഞാൽ അതു ആർക്കും മനസ്സിലാക്കാം. നേരേമറിച്ചു്, മനുഷ്യമനസ്സിൻെറ സ്വഭാവത്തെപ്പററി മനസ്സിലാക്കാൻ ഒരു മതവും പ്രത്യേകം പഠിക്കണമെന്നാരും പറഞ്ഞുകേട്ടിട്ടില്ല. മനസ്സു് എന്തു്, അതിൻെറ ഭാവങ്ങൾ എല്ലായിടത്തും ഒന്നുതന്നെയാണോ, എന്നൊന്നും അറിവില്ലാത്ത മഹോപാദ്ധ്യായൻെറ വിചാരം, ബുദ്ധമതത്തിലെ മനസ്സു് ആരുമ

റിയാതെ മുകളിൽനിന്നു പൊട്ടിവീണതോ മറേറാ ആണെന്നും ആശാനും തനിക്കും മാത്രം അതിന്റെ ചില ചില്ലറക്കഷണങ്ങൾ കിട്ടിയിട്ടുണ്ടെന്നും ആണെന്നു തോന്നുന്നു. ആകട്ടെ, വാസവദത്തയ്ക്കുപകരം ഒരു മറിയാമ്മയോ, പങ്കിയോ ആയിരുന്നു കരുണയിലെ നായികയെന്നു വിചാരിക്കുക. അങ്ങനെയാണെങ്കിലും എന്റെ ചോദ്യം ശേഷിക്കുമല്ലോ. പിന്നെങ്ങനെ മതഭേദത്താൽ കാവ്യാസ്വാദനത്തിന് വ്യത്യാസം നേരിടും? ആസ്പത്രികളിൽ മൃത്യുമുഖരായിക്കിടക്കുന്ന വിമതസ്ഥരെ ക്രിസ്തുവിലേയ്ക്ക് ലാഭപ്പെടുത്താൻ ചിലർ നടപ്പുണ്ടല്ലോ. അവരുടെ ശ്രമംകൊണ്ട് ആർക്കെങ്കിലും വല്ല മാനസാന്തരമോ, സ്വർഗ്ഗമോ കിട്ടിയതായി മി: പണിക്കർക്ക് തോന്നാറുണ്ടോ? ഉണ്ടെങ്കിൽ അദ്ദേഹവും ഉടൻ ആസ്പത്രിയിൽ പോകണമെന്നാണ് എന്റെ അപേക്ഷ. അതില്ലെങ്കിൽ, ആ ഉപദേശികളേക്കാൾ കൂടുതലായി എന്തു മഹാകാര്യമാണ് ഉപഗുപ്തൻ സാധിച്ചതെന്ന് വിശദീകരിക്കാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണല്ലോ.

മരണനിമിഷത്തിലെ സ്മരണ അനുസരിച്ചുള്ള ഭാവം സ്വീകരിക്കുകയാണ് മനുഷ്യൻ ചെയ്യുന്നതെന്ന് ഗീതയിൽ പറയുന്നുണ്ട്. പക്ഷെ മി: പണിക്കർ വിചാരിക്കുന്നതുപോലെ അതൊരു കൊച്ചുകാര്യമൊന്നുമല്ല. അദ്ദേഹം ഉദ്ധരിച്ച ഗീതാശ്ലോകത്തിനടുത്തുതന്നെ മറെറാരു ശ്ലോകം ഉണ്ട്—"പ്രയാണകാലേ"ത്യാദി. അതിൽ "യോഗബലേന" എന്നൊരു വ്യവസ്ഥ കൂടി ഉൾപ്പെടുത്തിയിരിക്കുന്നതു കാണാം. നിരന്തരധ്യാനത്താൽ അഭ്യാസസിദ്ധമായ അവസ്ഥയെയാണ് അതു കുറിക്കുന്നത്. എന്നുവച്ചാൽ, മരണംവരെ മററു വഴിയിൽ ജീവിതം പാഴാക്കിയിട്ട് "അന്തകാലേ", "അഹംബ്രഹ്മ" എന്നും മററും ഒന്നങ്ങ് വിചാരിച്ചേച്ചാൽ കാര്യം പററുകയില്ലെന്ന് സാരം. ബുദ്ധമതവും ഇത്ര പെട്ടെന്ന് ഒരു സ്വർഗ്ഗപ്രാപ്തി ഉപദേശിക്കുന്നില്ല. അല്ലെങ്കിൽതന്നെയും ആശാനും, വാസവദത്തയും, ചെട്ടിയാരുമൊന്നും ബുദ്ധമതക്കാരായിരുന്നുഎന്നു തോന്നുന്നുമില്ല. ഒരു ഉപഗുപ്തൻ മാത്രമേ ആ മതക്കാരനായി കാവ്യത്തിൽ പ്രത്യക്ഷനാകുന്നുള്ളു. അയാൾക്ക് അയാളുടെ മതംതന്നെയും നല്ല നിശ്ചയമില്ല, സ്വന്തം ഗുരുവിന്റെ മാതൃക അയാൾ മനസ്സിലാക്കിയിരുന്നില്ല, ആനന്ദനെ കണ്ടുപഠിക്കാൻ അയാൾ ശ്രമിച്ചിരുന്നുമില്ല. ഏതായാലും യോഗബലേന സാധിക്കേണ്ട കാര്യത്തിന്റെ ഗൗരവവും, "പ്രാണപാശമറുമാറായി"ക്കിടന്ന വാസവദത്തയ്ക്ക് അതിനുള്ള കഴിവുംകൂടി ഒന്നു നടിച്ചുനോക്കേണ്ടതാണ്. അതൊന്നും മി: പണിക്കർ ചെയ്യുമെന്ന് തോന്നുന്നില്ല.

ടാഗോർ മഹാകവി "സമാഗമം" എന്ന പേരിൽ കരുണയിലെ കഥ ഒരു ലഘുകൃതിയാക്കിയിട്ടുണ്ട്. അതിൽ ഉപഗുപ്തൻ മസൂരിമൂലം ചുടുകാട്ടിൽക്കിടന്ന വാസവദത്തയെ എടുത്ത് മടിയിൽ കിടത്തി വെള്ളം കൊടുക്കുകയും, ദേഹം മുഴുവൻ ചന്ദനം പുരട്ടി അവളുടെ വേദനയാററുകയുമാണ് ചെയ്യുന്നത്. അവിടെ പ്രസംഗമൊന്നുമില്ല, അവൾ ആശ്വസ്തയായി സമാധാനത്തോടെ മരിക്കുന്നു. ഇതിന്റെ കലാസൗഭഗം മി: പണിക്കരെപ്പോലുള്ളവർക്ക് മന

ചെറുകഥ

ലേഡി ടൈപ്പിസ്റ്റ്.

(എം. പി. ഗംഗാധരൻ ബി. എ.)

തിരുവനന്തപുരത്തുനിന്നും വന്ന വാസു പറഞ്ഞതാണു്, കേശവപ്പണിക്കർ, പുത്രൻെറ വഴിപിഴച്ച പ്രണയകഥ മനസ്സിലാക്കിയതു്. മര്യാദരാമനായി കഴിഞ്ഞുകൂടിയിരുന്ന തൻെറ പുത്രൻ അങ്ങനെ പ്രവൎത്തിക്കുമെന്നു കേശവപ്പണിക്കർ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. ബാലചന്ദ്രൻ അയാളുടെ ആഫീസിൽതന്നെ ജോലിയായിരിക്കുന്ന ഏതോ ഒരു ചട്ടക്കാരിയെ കെട്ടുവാൻ പോകുന്നുവെന്നാണു വാസു പറഞ്ഞതു്. അന്വേഷണത്തിൽ കാൎയ്യം പരമാൎത്ഥംതന്നെ. എങ്ങോ കിടന്ന ഒരു ചട്ടക്കാരി തൻെറ പുത്രൻെറ സഹധൎമ്മിണിയാകുക! അതു് കേശവപ്പണിക്കൎക്കു് സഹിക്കുവാൻ സാധിച്ചില്ല. അതോൎക്കുവാൻ പോലും അയാൾ ശക്തനായിരുന്നില്ല. തൻെറസകലതും നശിച്ചതുപോലെ അയാൾക്കൊരു തോന്നൽ. അവമാനം! അന്തമില്ലാത്ത അവമാനം. അവമാനമാകുന്ന ആറവെള്ളത്തിൽ അകപ്പെട്ട കേശവപ്പണിക്കർ കരകാണാതെ നീന്തുവാൻ ശ്രമിച്ചു. ബാലചന്ദ്രനെ അതിൽനിന്നും അകറവാൻ പഠിച്ചവിദ്യ പതിനെട്ടുംനോക്കി. ഉപദേശരൂപത്തിലുള്ള ഒട്ടധികം കത്തുകൾ അയച്ചു. അച്ഛൻെറ അധികാരത്തോടുകൂടി നേരിട്ടുകണ്ടു ശാസിച്ചു. തൻെറ വമ്പിച്ച സ്വത്തിൽനിന്നും ഒരൊററക്കാശുപോലും കൊടുക്കുന്നതല്ലെന്നുപറഞ്ഞു ഭയപ്പെടുത്തി. പക്ഷെ അതുകൊണ്ടൊന്നും ബാലചന്ദ്രൻെറ കരകവിഞ്ഞൊഴുകിയ പ്രേമപ്രവാഹത്തെ തടുക്കുവാൻ സാധിച്ചില്ല. നേരേമറിച്ചു്, ആ പ്രതിബന്ധങ്ങളെല്ലാം ബാലചന്ദ്രൻെറ പ്രേമബന്ധത്തിനു ശക്തികൂട്ടി. പണിക്കർ പരിഭ്രാന്തനായി. നിരാശാഭരിത

സ്സിലാകണമെങ്കിൽ വേറെ ലേഖനങ്ങൾ പലതും എഴുതേണ്ടിവരുന്നതാണു്. ഏതായാലും കരചരണശ്രവണനാസികകൾ മുറിയ്ക്കപ്പെട്ടുകയാൽ കൊടുംവേദന അനുഭവിക്കുന്ന ഒരു ജീവിയോടു് തത്വോപദേശം ചെയ്യാമെന്നു കരുതിയ ഉപഗുപ്തൻ കടുപ്പക്കാരൻതന്നെ. ഒന്നാലോചിച്ചുനോക്കുക. ഒരു ചെവിക്കുത്തുവന്നാൽപോലും ആ സമയത്തു് ആരെങ്കിലും ഒരു പ്രസംഗം കേൾക്കാൻ തയാറാകുമോ? പ്രസംഗിക്കാൻവരുന്ന 'ബോറൻെറ' മുഖം ആട്ടുകൊണ്ടു് പൊളിയാതിരിക്കുമോ? ഇതൊക്കെയാണെങ്കിലും, വാസവദത്ത ഉപഗുപ്തൻെറ ഉപദേശം ശ്രദ്ധയാൎന്നു് ശ്രവിച്ചെന്നും, അവൾ പരിശുദ്ധയായെന്നും, ഒററച്ചാട്ടത്തിനു് സ്വൎഗ്ഗത്തിലെത്തിയെന്നും മററുമൊക്കെയാണു് വാദം! ഒരു പക്ഷേ ദൂഷിതസ്വൎഗ്ഗത്തിൻെറയും മററും പ്രവേശനമാൎഗ്ഗങ്ങളും എല്ലുകയും, പ്ലാനുമെല്ലാം തയാറാക്കിയിരിക്കുന്ന മി: പണിക്കർകൂടെപ്പോയാൽ മാത്രമേ അവൾക്കു് അതു് സാധിക്കയുള്ളു എന്നാണു് എനിക്കു തോന്നുന്നതു്.

നായ പണിക്കർ ഒടുവിൽ ശരണംപ്രാപിച്ചതു വക്കീൽ മാത്തുവിനെയാണു്. ആ സ്ഥലത്തിൽ തിരുവനന്തപുരം പട്ടണത്തിന്റെ ലക്ഷം ലവലും ശരിക്കറിയാവുന്ന ഒരു മാന്യനാണു മാത്തുവക്കീൽ.

....

മാത്തുവക്കീൽ തിരുവനന്തപുരത്തേയ്ക്കു യാത്രതിരിച്ചു.

....

തിരുവനന്തപുരത്തു് എത്തിയ മാത്തുവക്കീൽ, ആഫീസിലേക്കു തിരിച്ച ബാലചന്ദ്രനെ വഴിമദ്ധ്യേവച്ചു കണ്ടു. രണ്ടുപേരും നാട്ടുകാര്യങ്ങളും വീട്ടുകാര്യങ്ങളും ലോകകാര്യങ്ങളും പറഞ്ഞു പതുക്കെ നടന്നു: പുസ്തകങ്ങൾകൊണ്ടു വക്ഷോജങ്ങൾ അമർത്തിപ്പിടിച്ചു്, പുഞ്ചിരിതൂകി നിരവധി വിദ്യാർത്ഥിനികൾ മന്ദംമന്ദം അതിലേനടന്നു പോകുന്നുണ്ടായിരുന്നു. അതവരുടെ ശ്രദ്ധയെ പ്രത്യേകമാകർഷിച്ചു. ബുദ്ധിമാനായ മാത്തുവക്കീൽസന്ദർഭോചിതമായി സംഭാഷണം മാററി.

മാത്തു—സൗഭാഗ്യവതികൾ-!! മി. ബാലചന്ദ്രൻ എന്താ ഇതിൽ ഒന്നിനെ തിരഞ്ഞെടുക്കാത്തതു്?

ബാല:—ഏതിൽ ഒന്നിനെ?

മാത്തു:—ഈ പ്രദർശനവസ്തുക്കളിൽ ഒന്നിനെ. ഈ ഭൂലോകരംഭകളിൽ ഒന്നിനെ.

ബാല:—ഉം.

മാത്തു:—എന്താ, വിവാഹം വേണ്ടെന്നാണോ നിശ്ചയിച്ചിരിക്കുന്നതു്.

ബാല:—സമയമാകട്ടെ...!

മാത്തു:—ഇനിയെന്നാണു സമയമാകുന്നതു്. മൂത്തുനരച്ചില്ലേ.

ബാല:—അതെല്ലാം വഴിയെ നടക്കും.

മാത്തു:—വഴിയേനടന്നു് ഒടുവിൽ വഴി തെററരുതു്.

ബാല:—അതെല്ലാം വിധിച്ചതുപോലെ നടക്കും.

മാത്തു—ക്ഷമിക്കണേ! ഈയിടെ ചിലതെല്ലാം കേട്ടല്ലോ. അതിൽ വല്ല പരമാർത്ഥവുമുണ്ടോ?

ബാല—ആരുപറഞ്ഞു?

മാത്തു—ആരുപറഞ്ഞാലുംനിങ്ങളെപ്പോലുള്ള യോഗ്യന്മാർക്കു അതൊന്നും കൊള്ളുകയില്ല.

ബാല—എന്റെ അന്വേഷണത്തിൽ എനിക്കേററവും യോജിച്ചൊരു വിവാഹമാണു ഞാൻ നിശ്ചയിച്ചിരിക്കുന്നതു്. എന്റെ വധു പത്തുനാല്പതുരൂപ ശമ്പളമുള്ള ഒരുദ്യോഗസ്ഥയാണു്. വേണ്ടുവോളം വിദ്യാഭ്യാസമുണ്ടു്. യോഗ്യതയുണ്ടു്. അതിനും പുറമേ പരമരസികൻ സ്വഭാവം.

മാത്തു—അതെല്ലാംശരി; പക്ഷെ ജാതി...

ബാല—ജാതി—!! നിന്ദ്യവും നീചവുമായ ജാതി. അതിനെയാരു വകവയ്ക്കാൻ പോകുന്നു. ലോകത്തിലൊരു ജാതിമാത്രമേ ഉള്ളു. മനുഷ്യജാതി. അതിൽ രണ്ടുവർഗ്ഗം സ്ത്രീയും പുരുഷനും.

മാത്തു—അതെല്ലാം ശരി. എന്നാൽ ഇക്കാര്യത്തിൽ മാത്രം ആലോചനാരഹിതമായി യാതൊന്നും പ്രവർത്തിക്കുവാൻ പാടില്ല. ഞാനെന്റെ സ്വന്തം അനുഭവങ്ങൾ കൊണ്ടു പറയുന്നതാണു്. ഞാനൊരിക്കൽ ഇതുമാതിരി ഒരു കുരുക്കിലകപ്പെട്ടു. അതെ, അതൊരു നീണ്ട കഥയാണു്. വരണം. നമുക്കു് ഈ മരത്തിന്റെ തണലിൽ

നില്ക്കാം. ആഫീസ്സിൽപോകാൻ സമയമായില്ലല്ലോ.

പാളയത്തിലുള്ള വലിയ പള്ളിയുടെ എതിർവശം നില്ക്കുന്ന പ്ലാവിന്റെ തണലിൽ അവർ നിന്നു. മാതുവക്കീൽ അയാളുടെ കഥ തുടർന്നു.

ഏഴെട്ടുവർഷം മുമ്പു ഞാൻ ഇവിടത്തെ ജില്ലാക്കോടതിയിൽ ഒരു ക്ലാക്കായിരുന്നു. പ്ലീഡർഷിപ്പ്പരീക്ഷയ്ക്കു് എഴുതി ഒരാഴ്ച കഴിഞ്ഞപ്പോഴാണു് എനിക്കു ജോലി കിട്ടിയതു്. ജോലി ആക്ടിങ്ങ് ആയിരുന്നു. അന്നു് ഒരു സ്ക്കൂൾഫൈനൽക്കാരിയെ അവിടെ ടൈപ്പിസ്റ്റായി നിയമിച്ചു. അവളെ കണ്ടാൽ ആരുമൊന്നു നോക്കും. ഉടുത്തൊരുങ്ങിവന്നാൽ ഒരു സിനിമാതാരമാണെന്നു തോന്നും. അന്നു ഞങ്ങളുടെ ആഫീസിലെ മററു ക്ലാക്കന്മാരെല്ലാം പെൻഷൻ പററാറായ വൃദ്ധന്മാരായിരുന്നു. ഞാൻ മാത്രമൊരു ചെറുപ്പക്കാരൻ. മല്ലിക—അതായിരുന്നു അവളുടെ പേരു്—അത്യധികം സാമർത്ഥ്യമുള്ളൊരു ടൈപ്പിസ്ററായിരുന്നു. എങ്കിലും ആദ്യമാദ്യം ചിലരുടെ കയ്യക്ഷരം വായിക്കുവാനൊരു വിഷമം. അതെല്ലാം ഞാൻ വായിച്ചുകൊടുക്കും. മല്ലികയെ സഹായിക്കുന്നതിൽ എനിക്കൊരു പ്രത്യേകസുഖം. മല്ലിക ടൈപ്പ്ചെയ്യുമ്പോൾ അവളുടെ ഡാലക്കു്, ക്ലാക്കിന്റെ പെൻഡുലംപോലെയാട്ടം. ഞാനതു നോക്കി രസിക്കും. ഞങ്ങളുടെ സീററുകൾ വളരെ അടുത്തടുത്തായിരുന്നു. അതിനാൽ സംസാരിക്കുന്നതിനും തമാശ പറയുന്നതിനും വലിയ സൗകര്യമുണ്ടായിരുന്നു. ആ സൗകര്യപ്രദമായ പരിതസ്ഥിതിയിൽ ഞങ്ങളറിയാതെ ഒരു പ്രണയവല്ലി മുളച്ചു മൊട്ടിട്ടു. എനിക്കു മല്ലികയെക്കൂടാതെ ജീവിക്കാനൊരു വിഷമം. മല്ലികയ്ക്കു് എന്നെ കാണാതിരിക്കാൻ സാധിക്കയില്ല. ഒഴിവുദിവസങ്ങളിൽപോലും അന്യോന്യം കാണുന്നതിനു ഞങ്ങൾ സൗകര്യപ്രദമായ സ്ഥലങ്ങൾ കണ്ടുപിടിച്ചു. മ്യൂസിയം, ബീച്ച്, വാട്ടർവർക്സ്ഗാർഡൻ മുതലായവ ഞങ്ങളുടെ വിഹാരരംഗങ്ങളായി. ഒടുവിൽ ഞാൻ മല്ലികയെ വിവാഹംചെയ്തു. രജിസ്ററർ വിവാഹം—നാട്ടുകാരും വീട്ടുകാരും അറിയാതുള്ളൊരു വിവാഹം. എന്റെ അമ്മാവന്റെ മൂത്തമകളെ, അന്നു വീട്ടിലുള്ളവർ എനിക്കായി 'റിസർവ്വ്' ചെയ്തിരുന്നു. അതുകൊണ്ടാണു്, മല്ലികയെ വീട്ടുകാരറിയാതെ വിവാഹംചെയ്യാനിടയായതു്. ഞങ്ങളുടെ മധുവിധുകാലം!! അതോർക്കുമ്പോൾ എനിക്കിന്നും രോമാഞ്ചമുണ്ടാകുന്നു. വിദ്യാസമ്പന്നയും സൗന്ദര്യവതിയുമായൊരു പ്രേമഭാജനത്തെ ലഭിക്കുക. അതൊരു പരമഭാഗ്യംതന്നെ. ഒരു സ്ത്രീയുടെ സൗന്ദര്യത്തിനു സംപൂർണ്ണതലഭിക്കണമെങ്കിൽ അവൾക്കു ശരിയായ വിദ്യാഭ്യാസമുണ്ടായിരിക്കണം. വിദ്യാഭ്യാസമില്ലാത്ത സ്ത്രീയുടെ സൗന്ദര്യം പാവകളുടെ സൗന്ദര്യത്തിനു തുല്യമാണു്. അതു കണ്ണിനാനന്ദം നൽകും. പക്ഷെ, ഹൃദയാനന്ദം നൽകുകയില്ല. മല്ലിക, വിദ്യാസമ്പന്നയായിരുന്നു, സൗന്ദര്യവതിയായിരുന്നു. അവളുടെ സരസസല്ലാപങ്ങൾ---!! അതിനൊരു പ്രത്യേകതയുണ്ടായിരുന്നു. അവളുടെ വശീകരണസാമർത്ഥ്യം—!! അതു് അതിരററതായിരുന്നു. അതെ, ഏഴെട്ടുമാസം ഞാൻ സ്വർഗ്ഗീയസുഖമനുഭവിച്ചു.

അന്നത്തെ രാത്രിയിലെ സംഭവം ഞാനിന്നും ഇന്നലെ നടന്നപോലെ ഓക്കുന്നു. അന്നു സ്വദേശത്തേക്കു പോകാൻ മല്ലികയോടു യാത്രപറഞ്ഞു പിരിഞ്ഞ എനിക്കു ട്രെയിൻ കിട്ടിയില്ല. റെയിൽവേസ്റ്റേഷനിൽ ചുററിക്കറങ്ങി ഞാൻ വീട്ടിൽ മടങ്ങിയെത്തിയപ്പോഠം മണി പന്ത്രണ്ടടിച്ചു. തുറന്നുകിടന്നിരുന്ന എൻെറ മുറിക്കുള്ളിൽ മങ്ങിയ വെളിച്ചമുണ്ടായിരുന്നു. അതിനകത്തേക്കു ഞാനൊന്നു നോക്കി. അവിടെ കണ്ടതു ഗംഭീരവദനനായി കച്ചേരിയിൽ വന്നു കേസുകഠം വിസ്തരിക്കുന്ന ജഡ്ജിയദ്ദേഹത്തെയാണു. അദ്ദേഹം മല്ലികയോടു ചേൎന്നുനിന്നു എന്തോ സംസാരിക്കുന്നു. പുഞ്ചിരിതൂകി സല്ലപിച്ചുകൊണ്ടു നില്ക്കുന്നു മല്ലിക. എൻെറ ദേഹംമുഴുവൻ വിറച്ചു. എൻെറ തലയിൽ തീ കോരിയിട്ടതുപോലെ എനിക്കു തോന്നി, ഞാൻ അടുത്തുകിടന്നിരുന്ന ഒരു തടി കയ്യിലെടുത്തു. ഒരു ഭ്രാന്തനെപ്പോലെ ഓടി അകത്തുപ്രവേശിച്ചു. വരാന്തയിൽ പതുങ്ങിനിന്നിരുന്ന ജഡ്ജിയദ്ദേഹത്തിൻെറ ഡ്രൈവർ എന്നെ തൂക്കിയെടുത്തു മുററത്തിട്ടു വൃത്തിയായി ചവിട്ടി. ആ രാക്ഷസൻെറ കയ്യിൽനിന്നും എങ്ങനെയോ രക്ഷപ്പെട്ടു ഞാൻ പ്രാണനും കൊണ്ടോടി. ആ രാത്രിതന്നെ തിരുവനന്തപുരം വിട്ടു. അതിനുശേഷം ഇന്നാണു ഞാൻ തിരുവനന്തപുരത്തു വരുന്നതു.

മി. ബാലചന്ദ്രൻ! നിങ്ങഠം വളരെ ചെറുപ്പമാണു. ഞാനൊരുകാൎയ്യം തുറന്നുപറയാം. ഈ പട്ടണത്തിൽ കാണുന്നതധികവും വെറും പടം വെറും സിനിമ നോക്കണം! ഈ അണിഞ്ഞൊരുങ്ങി പോകുന്നതു കണ്ടില്ലേ. ഇതെല്ലാമെന്തിനു? വെറും ലാഭക്കച്ചവടത്തിനു നിങ്ങളെപ്പോലുള്ള സാധുക്കളെ — പച്ചവെള്ളം ചവച്ചുകുടിക്കുന്ന സാധുക്കളെ പാട്ടിലാക്കാൻ. അവൎക്കറിയാം നാട്ടിൻപുറത്തുനിന്നും വരുന്നവൎക്കെല്ലാം നാലുകാശിൻെറ വകയുണ്ടെന്നു. പിന്നെ, പ്രണയകടാക്ഷമായി, പ്രേമലേഖനമായി എന്നുവേണ്ട നിങ്ങളെപ്പോലുള്ള ചെറുപ്പക്കാരനെ കുരുക്കിലാക്കാനുള്ള വഴിയെല്ലാം അവൎക്കറിയാം. ഒന്നോ രണ്ടോ പ്രാവശ്യമൊന്നു കണ്ടാൽമതി, ഏഴുജന്മങ്ങളിൽ ഭാൎയ്യാഭൎത്താക്കന്മാരായി ജീവിച്ച പരിചയം അവർ കാണിക്കും. അവരുടെ നോക്കും ഭാവവും കണ്ടാൽ മാനവും മൎയ്യാദയുമുള്ളവർ അമ്പരന്നുപോകും.

ബാല — നിങ്ങളെ ഒരു ദുഷ്ടി വഞ്ചിച്ചതുകൊണ്ടു പട്ടണത്തിലുള്ളവർ എല്ലാവരും ആ സ്വഭാവക്കാരാണെന്നാണോ നിങ്ങളുടെ അഭിപ്രായം. തീക്കൊള്ളികൊണ്ടടികൊള്ളുന്ന പൂച്ച മിന്നാമിനുങ്ങിനെ കാണുമ്പോഠം ഭയപ്പെടുന്നതു സാധാരണമാണു.

മാത്തു — പട്ടണത്തിലെ പുഞ്ചിരിയിൽ വഞ്ചനയുണ്ടെന്നാണു ഞാൻ പറയുന്നതു. മിന്നുന്നതെല്ലാം പൊന്നല്ല.

ബാല — എന്നാൽ പൊന്നു മിന്നിയാൽ പൊന്നല്ലെന്നു വരികയില്ലല്ലോ.

മാത്തു — മി. ബാലചന്ദ്രൻ! നിങ്ങളുടെ പ്രേമഭാജനം സൽഗ്ഗുണങ്ങളുള്ളൊരു യുവതിയായിരിക്കാം.

ബാല — തീൎച്ചയായും. അതിനു യാതൊരുസംശയവുമില്ല. എനിക്കു അവരുമായി എഴെട്ടു മാസക്കാലത്തെ അടുത്ത പരിചയമുണ്ടു. പരമരസികൻ സ്വഭാവം. വേണമെങ്കിൽ ഞാൻ ആളിനെക്കാണിച്ചുതരാം.

മാത്തു — ഉം എവിടെ...?

ബാല — അതാ......നോക്കണം. രണ്ടുപേർ വരുന്നില്ലേ.

അമ്മയും കുഞ്ഞും.

പേത്രൂർ എസ്. മാധവൻ-വിദ്വാൻ

(മഞ്ജരി)

കെട്ടിപ്പുറകിൽതിരുകിയ പൂഞ്ചായൽ-
ക്കെട്ടഴിഞ്ഞിട്ടുമറിഞ്ഞിടാതെ
ഒട്ടൊന്നു ചാഞ്ഞു തലയണതന്നിൽ കൈ-
മുട്ടൂന്നിയപ്പൊൻ കരതലത്തിൽ
ശ്രീമൽകപോലത്തെത്താങ്ങിമറുകൈയൊ
രോമൽകുഞ്ഞിന്റെ തുടയിൽചേർത്തും,
തന്നിലൊതുങ്ങാത്തൊരാനന്ദത്തുമധു
നൻമൂളിപ്പാട്ടു വഴിക്കുതിർന്നും,
തെക്കിനിമച്ചിന്റെ തെക്കുവശത്തൊരു
മൈക്കണ്ണിയാളുണ്ടു ശയ്യകൊൾവൂ
പ്രേമമസൃണമാംനെഞ്ചിൽനിന്നൂറുന്നൊ-
രാമുലപ്പാലുണ്ണും കുഞ്ഞിൻമുഖം
വ്യാരുററമൊട്ടിന്റെ സാമീപ്യംകയ്ക്കൊണ്ട
വാരിജപ്പൂവിന്റെയോർമ്മചേർപ്പൂ.
പൈതലാപ്പൊല്ക്കുംഭദാസൻ ഹാ!മറേറതും
കൈവരാൻകണ്ണുംകരവുംചേർപ്പൂ.

അംഗുലിദണ്ഡത്താലായതിൽമെല്ലവേ
ഭംഗിയിൽകുഞ്ഞുതലോടീടുന്നു.
നെന്മേനിവാകയിൽ പൂമ്പാററപോന്നൊട്ടെ
ഭംഗമതിനില്ല;ഭംഗിയത്രെ.
പേലവമാകുമപ്പൂവിനുതാങ്ങാമോ
പ്രൗഢനഖമുഖപീഡനങ്ങൾ.
പ്രേമസർവ്വസ്വമാമക്കുഞ്ഞു രണ്ടു പൽ-
പ്പൂമൊട്ടിൻവെണ്മപരക്കുംവണ്ണം
തേഞ്ചോരിവായ്മലർ ചെററു വിടുർത്തിതാ
പുഞ്ചിരിതൂകുന്നു ചേതോഹരം.
മുത്തുംപവിഴവുമൊത്തുചേരുമ്പോഴി-
ക്കൊച്ചുമുഖത്തിന്നഴകോതാമോ?
വാർകുനുകുന്തളം തത്തിക്കളിക്കുമി-
യാരക്തമായ കവിൾത്തടത്തിൽ
പ്രേമഹർഷാദിവശംവദയാമമ്മ
രോമഹർഷാഞ്ചിത ചുംബിക്കുന്നു.

മാത്തു — ഉം.

ബാല — അതിന്റെ പുറകിൽ......

മാത്തു — ഉം.

ബാല — ബാഗ്ഗും തൂക്കിക്കൊണ്ടു വരുന്നില്ലേ — അതുതന്നെ — ആ ചട്ടക്കാരി.

മാത്തു — ഏതു്...? ഏതു്...?

ബാല — അതാ നോക്കണം. ആ പോകുന്നതുതന്നെ. അതാ അവർ ഇങ്ങോട്ടുനോക്കുന്നു. നോക്കണം.

മാത്തു — ഏതു്? ഈ. പോകുന്നതാണോ? ഈ ദുഷ്ടയാണോ? ഈ ചണ്ഡാലിയാണോ? അയ്യോ! ഈ ദുഷ്ടതന്നെയാണു് ആ ജഡ്ജിയദേഹത്തിന്റെ ആൾ. എന്നെ വഞ്ചിച്ച ആ ലേഡിടൈപ്പിസ്റ്റ് മല്ലിക.

ബാല — ഹേ! നിങ്ങൾ എന്താണു പറയുന്നതു്. നിങ്ങളുടെ തലയ്ക്കു ലക്കില്ലേ. ഇതു നിങ്ങളുടെ മല്ലികയുംമററുമല്ല. ഇതു മിസ് മറിയമാണു്.

മാത്തു — മറിയമോ...!! ഇതെന്തു മറിമായം!!! ഇതു് ആ മല്ലികതന്നെ. വല്ല തൊമ്മാച്ചനേയും കുരുക്കിലാക്കാൻവേണ്ടി ഇവൾ വേദത്തിൽചേർന്നു പേർ മാററിയിരിക്കാം. ഏതായാലും ആൾ ഇതുതന്നെ. നാലുതരം. എന്റെ ഭാര്യയെ എനിക്കറിഞ്ഞുകൂടെ...അതുകൊള്ളാം.

മാത്തുവക്കീലിനെ കണ്ടപ്പോൾ അവ-
ളൊന്നു ഞെട്ടി. ...

'കൈയ്' വെട്ടിയാൽപോരാ'

(എം. ദിവാകരൻ ബി. ഏ. ബി. എൽ.)

'ശത്രുവിന്റെ കൈയ്' വെട്ടിയാൽപോരാ, കഴുത്തറുക്കണം'. കാക്കസസ്സിലെ ജാർജിയായിൽ വളരെ പ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു പഴമൊഴിയാണിതു്. ഇന്നു ലോകത്തിന്റെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്ന സ്റ്റാലിൻ ജനിച്ചതു് അവിടെയാണു്. ആദ്യം ശ്വസിച്ച വായുവിൽനിന്നു ലഭിച്ച ഈ 'വേദവാക്യ'ത്തെ മുൻനിറുത്തി കുട്ടിക്കാലംമുതൽ ഇന്നുവരെ സ്റ്റാലിൻ പ്രവർത്തിച്ചു. മദ്യപാനത്തിനു പണം തികയാത്തതിനാൽ മകനെക്കൂടി തന്റെ പണിയിൽ ഏർപ്പെടുത്താമെന്നു ചെരുപ്പുകുത്തിയായ അച്ഛൻ ഉറച്ചു. വളരെ നേർച്ചകൾ നടത്തിയതിന്റെ ഫലമായി പിറന്ന മകനെ വൈദികനാക്കണമെന്നു അമ്മയും ശഠിച്ചു. ഭർത്താവിന്റെ മദ്യപാനത്തിനും മകന്റെ പഠിത്തത്തിനും വേണ്ട പണം വല്ലവർക്കും മുണ്ടലക്കിയും പാത്രംതേച്ചും ആ പാവം ഉണ്ടാക്കണമായിരുന്നു. എന്നാൽ സോഡോ (അതായിരുന്നു സ്റ്റാലിന്റെ കുട്ടിക്കാലത്തെ പേർ) ഈ വരുതികൾക്കൊന്നും വഴിപ്പെട്ടില്ല. അവനു ശത്രുവിനെ കാണണം. അവൻ 'കുരുത്തംകെട്ടവ'നായി വളർന്നു. കുരുത്തംകെട്ട ചെറുപ്പക്കാർക്കു അന്നത്തെ അഭയസ്ഥാനമായിരുന്നു ഗൂഢപ്രവർത്തനം നടത്തുന്ന വിപ്ലവസംഘങ്ങൾ. അവൻ ശത്രുവിനെക്കണ്ടു. — സാർചക്രവർത്തി. ബുദ്ധിപൂർവം ആസൂത്രണംചെയ്ത പരിപാടിയനുസരിച്ചു പ്രതിഭാശാലികളായ ലെനിൻ, ട്രാട്സ്കി മുതലായവർ വിപ്ലവപ്രസ്ഥാനത്തെ നയിച്ചിരുന്നു. അവർക്കു റഷ്യയെ അറിയാം. ചക്രവർത്തിയുടെ ഭരണംഎന്തെന്നറിയാം. എന്തിനായി തങ്ങൾ ശ്രമിക്കുന്നുവെന്നറിയാം. എന്നാൽ കോബായ്ക്കാകട്ടെ (വിപ്ലവസംഘത്തിൽ ചേർന്നപ്പോൾ, സോഡോ കോബായായി) ഇതൊന്നും അറിയണമെന്നില്ല. സാർചക്രവർത്തിയും ബൂർഷ്വാഭരണവുമൊക്കെ ശത്രുക്കളാണെന്നു വിപ്ലവസംഘക്കാർ പറഞ്ഞു. എന്നാൽ 'കഴുത്തറുക്കണം' എന്നു സ്റ്റാലിനും നിനച്ചു. എന്തിനായാലും എങ്ങനെയായാലും കൊള്ളാം. വിപ്ലവത്തിനുവേണ്ടി കോബാ തന്റെ ജീവിതം അർപ്പിച്ചു. ആദർശമേന്മയൊന്നും അയാളെ ദർശിച്ചില്ല. ജാർജിയൻതലസ്ഥാനമായ ടിഫ്ലിസ്സിൽനിന്നും കൊണ്ടുപോയ സർക്കാർവക പണപ്പെട്ടി അകമ്പടിക്കാരെ വകവരുത്തി കോബാ കൊള്ളചെയ്തതു വിപ്ലവത്തിനുവേണ്ടിയായിരുന്നു. തുടർച്ചയായുണ്ടായ ജയിൽവാസം, ജയിൽചാട്ടം, നാടുകടത്തപ്പെട്ട സൈബീരിയായിൽനിന്നു് ഒളിച്ചോട്ടം ഇതെല്ലാം വിപ്ലവത്തിനുവേണ്ടിത്തന്നെ. സൈബീരിയായിൽനിന്നു മടങ്ങിവന്നശേഷം കോബാ അറിയപ്പെട്ടതു സ്റ്റാലിൻ (ഉരുക്കുമനുഷ്യൻ) എന്ന പേരിലാണു്......

1917 ൽ വിപ്ലവം വിജയിച്ചതിനെ തുടർന്നു ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക്കുകൾ ഭരണഭാരം കൈയേല്ക്കുന്നതുവരെ സ്റ്റാലിൻ കേവലം അപ്രശസ്തനായി

രുന്നു. കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ പ്രവേശിക്കുകയും പ്രവർത്തനസാമർത്ഥ്യംമൂലം അതിന്റെ ജനറൽസെക്രട്ടറിപദം ലഭിക്കുകയും ചെയ്തശേഷമാണ് സ്റ്റാലിന്റെ പേർ റഷ്യൻവിപ്ലവചരിത്രത്തിൽ കണ്ടുതുടങ്ങുന്നതു്. എന്നാൽ അവിടെയും അദ്ദേഹം ശത്രുവിനെ ആരാഞ്ഞുതുടങ്ങി. പാർട്ടിക്കുള്ളിൽ ശത്രുക്കളെക്കണ്ടെത്തി. എന്നിട്ടു പുറത്തു മിണ്ടിയില്ല. റഷ്യൻവിപ്ലവത്തെ അടിസ്ഥാനമാക്കി ലോകവിപ്ലവം സാദ്ധ്യമാക്കുന്നതിനുള്ള പദ്ധതികളെപ്പററി ട്രാട്സ്കി, ബുക്കാറിൻ, കമനീവ്, സിനോവീവ് തുടങ്ങിയ പ്രതിഭാശാലികളായ നേതാക്കന്മാർ തലകാഞ്ഞു ആലോചിക്കുകയും കണ്ടുക്ഷോഭം നടത്തുകയും ചെയ്തപ്പോൾ ഒരു സങ്കുചിതമായ റഷ്യൻദേശീയതത്വത്തെ വിഭാവനചെയ്തുകൊണ്ടു വിപ്ലവത്തിന്റെ മഹത്തായ ആശയങ്ങളെ ദൂഷണം ചെയ്തു സ്വാധിപത്യം സ്ഥാപിക്കാനുള്ള കളമൊരുക്കുകയാണു സ്ററാലിൻ ചെയ്തതു്. ഇതിൽ തനിക്കു ശത്രുവായി ആരു പ്രത്യക്ഷപ്പെട്ടാലും കഴുത്തറുക്കാനുള്ള കരുക്കൾ സ്ററാലിൻ ശേഖരിച്ചുകൊണ്ടിരുന്നു. പാർട്ടിയന്ത്രം താൻ പിടിക്കുന്ന വഴിയിലേക്കു തിരിയത്തക്കവണ്ണം ഇളക്കേണ്ട ആണികൾ ഇളക്കിയും മുറുക്കേണ്ട ആണികൾ മുറുക്കിയും വച്ചു. തന്റെ കാര്യസാദ്ധ്യത്തിനുവേണ്ടി ഒടുവിൽ ഒരു ദൈവത്തെയും ഒരു ചെകുത്താനെയും സ്ററാലിൻസൃഷ്ടിച്ചു—ലെനിൻ ദൈവവും ട്രാട്സ്കി ചെകുത്താനും. എന്തിനേറെ വിസ്തരിക്കുന്നു, ലെനിന്റെ മരണശേഷം തന്റെ 'ശത്രു'ക്കളുടെയെല്ലാം——ധീരദേശാഭിമാനികളായ അനവധി വിപ്ലവനേതാക്കന്മാരുടെ——'കഴുത്തറുത്തു' സ്ററാലിൻ റഷ്യൻ സ്വാധിപതിയായി. അതേനയം തന്നെ പിന്തുടർന്നു കമ്മ്യൂണിസ്റ്റ് റഷ്യയ്ക്കു രൂപം നല്കുവാനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനു നടത്തിയ കൂട്ടക്കൊലകൾ സംഭ്രമംകൂടാതെ സ്മരിക്കുക സാദ്ധ്യമല്ല. എന്നാൽ മാർഗ്ഗം എന്തായിരുന്നാലും മോഹനവും ശക്തിമത്തും മാതൃകായോഗ്യവുമായ ഒരു റഷ്യയെ, വേലക്കാരുടെ നിയന്ത്രണത്തിനുള്ള ഒരു ഉത്തമഭരണകൂടത്തെ സൃഷ്ടിക്കുവാൻ സ്ററാലിനു സാധിച്ചു എന്നു കമ്മ്യൂണിസ്റ്റുവൈരികൾകൂടി സമ്മതിക്കാതിരിക്കാൻ നിർവ്വാഹമില്ല......

സ്ററാലിന്റെ നേതൃത്വത്തിൽ രൂപമെടുത്ത റഷ്യ ശത്രുവായിക്കണ്ടതു ഫാസിസത്തെയാണ്. ആ ശത്രുവിന്റെ കഴുത്തറുക്കാൻ സ്ററാലിൻ ഉറച്ചു. അതസാദ്ധ്യമെന്നു ലോകം കരുതിയെങ്കിലും യൂറോപ്പിനെ സംബന്ധിച്ചിടത്തോളം അതു സാധിച്ചിരിക്കുന്നു. പ്രവൃത്തിപ്രധാനമായ ഒരു മനോഭാവമാണ് അദ്ദേഹത്തിനുള്ളതു്. സ്ററാലിൻ അധികം വാദിക്കാൻ നില്ക്കുകയില്ല, പറയുകയേ ഉള്ളു; പറയുന്നതിനെത്തുടർന്നു പ്രവൃത്തിയും. എന്നാൽ പറയുകതന്നെ അപൂർവ്വം; പറയാതെയാണ് അധികം പ്രവൃത്തിയും. ഇന്നു സ്ററാലിൻ എന്തുപറയുന്നു എന്നു ലോകം ഉൽക്കണ്ഠയോടെ ആരായുന്നു. പുതിയ സാർവ്വലൌകികവ്യവസ്ഥിതിയിൽ അദ്ദേഹത്തിന്റെ സ്വരം, അല്പമെങ്കിലും ഉയർന്നുകേൾക്കുന്നു. യുദ്ധാരംഭത്തിൽ ബർണാഡ്ഷായാണെന്നു തോന്നുന്നു പറകയുണ്ടായി "ഒടുവിൽ സ്ററാലിൻ ബർളിനിലിരുന്നു സമാധാനനിർദ്ദേശങ്ങൾ കല്പിക്കും" എന്ന്. മി. ഷാ സമർത്ഥനായ ഒരു ദീർഘദർശിതന്നെ.

വനസ്മരണകൾ.

(കെ. സി)

പതിനഞ്ചുകൊല്ലങ്ങൾക്കു മുമ്പു് ചെന്തുരുണി റെയിഞ്ചിൽപെട്ട കളംകുന്നിൽ ആനപിടിത്തം സംബന്ധിച്ചുണ്ടായ ആകസ്മികവും എന്നാൽ അത്യാഹിതവുമായ ഒരുദാരുണസംഭവത്തെക്കുറിച്ചാണു് ഈലക്കത്തിൽ പ്രതിപാദിക്കുവാൻ പോകുന്നതു്. അന്നും ഇന്നും സഞ്ചായം തുറമൂലം ഇവിടുത്തെ "പണ്ടാരസഞ്ചി"യെ വീർപ്പിക്കുന്ന വരവിനങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു ആനപിടിത്തം. കാട്ടിൽനിന്നും ആനകളെ പിടിക്കുന്നതിനു് കൊപ്പം, കെഡ്ഡാ, കുഴി എന്നിങ്ങനെ പലസമ്പ്രദായങ്ങളും ഓരോനാട്ടിലും നടപ്പിലിരിക്കുന്നുണ്ടു്. ഇതിൽ ഏററവും നിർദ്ദോഷമെന്നു് അനുഭവത്തിൽ കണ്ടിട്ടുള്ള കുഴിസമ്പ്രദായമാണു നമ്മുടെ നാട്ടിൽ ഇന്നും നിലവിലിരിക്കുന്നതു്. അതിന്റെ വിശദവിവരണം ഇവിടെ നൽകണമെന്നു വിചാരിക്കുന്നില്ല. വനത്തിൽ കാട്ടാനകൾ സഞ്ചരിക്കുന്ന താരകളുടെ മിക്കവാറും സംയോജനസ്ഥാനങ്ങളിൽ കുഴികൾ എടുത്തു മറവുചെയ്തു് അതുകളിൽ വീഴുന്ന ആനകളെ പരിചയം ലഭിച്ചിട്ടുള്ള താപ്പാനകളുടേയും സമർത്ഥന്മാരായ പാപ്പാന്മാരുടേയും സഹായത്തോടുകൂടി കരയ്ക്കുകയററി കൂട്ടിലടച്ചു ഇടത്തും വലത്തും പഠിപ്പിച്ചു പഴക്കിയെടുക്കുന്നു എന്നുമാത്രം ഈ കഥയുടെ ആവശ്യത്തിനറിഞ്ഞാൽ മതിയാവും.

ചെന്തുരുണിറെയിഞ്ചിൽ അക്കാലത്തെ റെയിഞ്ചർ പുരോതനായ മി. മുത്തുസ്വാമിപ്പിള്ള ആയിരുന്നു. അദ്ദേഹത്തെക്കുറിച്ചു് അല്പമൊക്കെ ഈ കഥയിൽനിന്നും നിങ്ങൾക്കു പിറകെ മനസ്സിലാക്കാം. തെന്മലയ്ക്കു തെക്കുള്ള കളംകുന്നു തീപ്പെട്ടിഫാക്ടറിയുടെ പൂർവ്വപ്രാന്തത്തിൽകൂടി നിർഗ്ഗമിക്കുന്ന 'പരപ്പാർ'ആററിന്റെ കിഴക്കേ തീരത്തായിരുന്നു ആനക്കുഴികൾ എടുത്തിരുന്നതു്. അടുത്തടുത്തു മൂന്നുസ്ഥലങ്ങളിലായി രണ്ടു മുക്കുഴികളും ഒരൊററക്കുഴിയും ഉൾപ്പെടെ ആകെ ഏഴുകുഴികൾ ഉണ്ടായിരുന്നു. ഫാറസ്ററർ മി. കരിക്കോട്ടു വേലായുധൻപിള്ളയുടേയും പെരുകര മൂട്ടുകാണിയുടേയും നേരിട്ടുള്ള അന്വേഷണത്തിൽ ആയിരുന്നു ആനപിടിത്തം സംബന്ധിച്ചുള്ള ജോലികൾ നിർവ്വഹിച്ചിരുന്നതു്. വേനൽക്കാലത്തിന്റെ പ്രാരംഭദശയിൽത്തന്നെ ജോലികൾ മിക്കതും പൂർത്തിയാക്കിയിരുന്നു. മകരം കുംഭമാസത്തിലെ, എള്ളിട്ടാൽ പൊരിയുന്ന ഘോരാതപം! പ്രഭാകരന്റെ പ്രചണ്ഡമായ ഉഷ്മാവേററു് കുല്യകളും ക്രമങ്ങളും വരണ്ടുതുടങ്ങി. പരന്ന പാറപ്പരപ്പുകളിൽ മദ്ധ്യാഹ്നത്തിനുമുമ്പുതന്നെ കാനൽജലം തരംഗലീലകൾ ആരംഭിച്ചു. അടവികൾ ശുഷ്കിച്ചു കാട്ടുതീകൊണ്ടുള്ള കമ്പംകെട്ടുകൾ പുൽമേടുകളിലും മുളങ്കാടുകളിലും പ്രകമ്പനം ഉളവാക്കി. പരശുരാമസമുദ്ധൃതമായ ഭാർഗ്ഗവക്ഷേത്രത്തിന്റെ ഉദഗ്രമായ ഗർഭഗൃഹത്തിൽ നിശാകാലം ജ്വലിച്ചു പ്രകാശിച്ചു ഈ ദീപസമൂഹങ്ങൾ അകലെ അനന്തമായഅറേബ്യൻകടലിന്റെ

അലകഠംമുറിച്ചു സഞ്ചരിച്ചിരുന്ന അഗതികളായ മത്സ്യഹാരകന്മാക്കു് അടയാളവും ആനന്ദവും നല്കി. മരവിരികൊണ്ടും മാൻതോലുകൊണ്ടും കഷ്ടിച്ചു നഗ്നതമറച്ചിരുന്ന മലമ്പണ്ടാരങ്ങഠം പ്രൗഢകളായ അവരുടെ സഹധമ്മിണികളുമൊത്തു ക്രുമ്മങ്ങളേയും കലീരങ്ങളേയും വേട്ടചെയ്തു ചുട്ടുതിന്നുവാൻ വറണ്ട നിർചാലുകഠം തേടിനടകൊണ്ടു. വസന്തംകൊണ്ടുവരുന്നതായ വണ്ണപ്പട്ടുകഠം പുതച്ചു് നഗ്നതമറയ്ക്കുവാനുള്ള ആവേശത്താൽ തരുവൃന്ദങ്ങഠം കരങ്ങഠംനീട്ടി നിശ്ചേഷ്ടരായി നിലകൊണ്ടു. തീററിയും വെള്ളവും അന്വേഷിച്ചു് കാട്ടാനകളും കടമാൻക്കൂട്ടങ്ങളും പച്ചക്കാടുകഠം നോക്കി പ്രയാണംചെയ്തു. അക്കൂട്ടത്തിൽ ഗർഭിണിയായ ഒരു പുഷ്കരിണിപരപ്പാർതീരത്തിലുള്ള ആനക്കുഴികളിൽ ഒന്നിൽ പാതിരാസമയം അധഃപതിച്ചു.

നിസ്സഹായയായ അവളെ നിർദ്ദയം നിരാകരിച്ചുപോകുവാൻ കൂട്ടുകാരായ മററാനകഠംക്കു മനസ്സുവന്നില്ലാ. അവർ കുഴിക്കുചുററുംനിന്നു കരുവുന്നതിനും കുസൃതികഠംകാണിക്കുന്നതിനും മുതിന്നു. പൂർവ്വദിക്കിൽ ബാലാക്കപ്രസവം നടന്നിട്ടും അവർ അവിടം വിട്ടുപോയില്ലാ. പതിവുപോലെ കുഴിവാച്ചുറന്മാർ പരിശോധനയ്ക്കു വന്നപ്പോഠം ഒരുപററം കാട്ടാനകഠം കുഴിക്കുചുററും നില്ക്കുന്നതുകണ്ടു കായ്യം ഗ്രഹിച്ചു. വാച്ചറന്മാരിൽ രണ്ടുപേർ ഉടൻതന്നെ ഓടിപ്പോയി ഫാറസ്ററരെ വിവരം ധരിപ്പിച്ചു. അദ്ദേഹം വിവരത്തിനു റയിഞ്ചക്കു് അറിവുകൊടുത്തതിനുശേഷം തിപ്പെട്ടിയാഫീസിലെ റാവുത്തന്മാരായ ഏതാനും ഉദ്യോഗസ്ഥന്മാരോടും ഒട്ടനവധി തൊഴിലാളികളോടുംകൂടികുഴിക്കരെയിൽവന്നുചേന്നു. ആഗതരായതൊഴിലാളിസഖാക്കളുടെ "ഇൻക്വിലാബു്" വിളികഠംകേട്ടും റാവുത്തരന്മാരുടെ വിവിധവണ്ണത്തിലുള്ള വേഷവിധാനങ്ങഠം കണ്ടുംകുഴിവക്കിൽനിന്നിരുന്നകരിവരന്മാർ നാനാഭാഗത്തേക്കും വിരണ്ടോടി. ആ ബഹളത്തിനിടയിൽ അടുത്തടുത്തു മററു ആറു കുഴികളിലായി ആറാനകഠംകൂടി വീണു. അവിടംമുഴുക്കെ അതോടുകൂടി ഒരു ആനപ്രളയംതന്നെ ഉണ്ടായി. വിളികളും മുഴക്കങ്ങളുംകൊണ്ടു് അന്തരീക്ഷം മുഖരിതമായി. അത്യുച്ചത്തിലുള്ള ആനകളുടെ ദയനീയരോദനം ഏത്ര കഠിനഹൃദയരുടേയും മനസ്സലിയിപ്പിക്കുവാൻ പര്യാപ്തമായിരുന്നുവെങ്കിലും അവിടെ കൂടിയിരുന്നവരിൽ ആരുംതന്നെ ഒരുതുള്ളി കണ്ണുനീർപൊഴിച്ചില്ലാ. അനുകമ്പാപൂർവ്വം ഒററമൊഴിപോലും ഉരിയാടിയതുമില്ല. പ്രത്യുത വിജയാഘോഷത്തിൻെറ പ്രതീതിയാണു് അവരിൽ പ്രതിബിംബിച്ചുകണ്ടതു്. നീചനായ മനുഷ്യൻെറ വക്രബുദ്ധിയുടെ പ്രവൎത്തനത്തിൽ വീഴാത്തുള്ള വിവേകശാലികഠം സ്വന്തം വൎഗ്ഗത്തിൽപോലും വിരളമായിരിക്കെ വനാന്തരത്തിൽ വീരോചിതമായി വസിക്കുന്ന വന്യമൃഗങ്ങളിൽ ചിലതു വഞ്ചിതരായിപ്പോകുന്നതിൽ ഒരുവിജയവും ഞാൻ കാണുന്നില്ലാ. എന്നുമാത്രമല്ലാ ചില കാട്ടാനത്തലവന്മാർ വടികഠം ഊന്നി സംശയനിവൃത്തി വരുത്തി ഇത്തരം അപകടസ്ഥാനങ്ങഠം ഒഴിഞ്ഞുമാറി പോകാറുണ്ടെന്നുള്ള പരമാത്ഥവും അതി ബുദ്ധിമാന്മാരെന്നഹങ്കരിക്കുന്ന മനുഷ്യർ അറിഞ്ഞിരിക്കേണ്ടതാണു്. അവിടം അങ്ങനെ നില്ക്കട്ടെ.

ഓടിപ്പോയ ആനകഠം മടങ്ങിവന്നു വീണ്ടും ശല്യംതുടങ്ങിയേക്കുമോയെന്നു ജനങ്ങഠം ഭയപ്പെടാതിരുന്നില്ലാ. ഏതാനും പേർ അടുത്തുള്ള വൃക്ഷങ്ങളിൽകയറി ഇരുപ്പുറപ്പിച്ചു. താഴെ നിന്നവർ വേണ്ടിവ

ന്നാൽ ആനകളുമായി ഒരു ഏറ്റുമുട്ടൽ നടത്തിക്കളയാമെന്നുള്ള മട്ടിൽ കല്ലുകളുമായി നിലകൊണ്ടു. വഞ്ചനനിറഞ്ഞ മനുഷ്യകീടങ്ങളോടു തിരിഞ്ഞുനിന്നു മല്ലിടുവാൻ ഓടി രക്ഷപ്പെട്ട കരിവരന്മാരിൽ ആരും തന്നെ മുതിർന്നില്ല. പത്തുനാഴിക പുലർന്നതോടുകൂടി കുളത്തുപ്പുഴയിൽനിന്നും റെയിഞ്ചർ മി. മുത്തുസ്വാമിപ്പിള്ള വന്നുചേർന്നു. അദ്ദേഹം ആനക്കുഴികൾ ഓരോന്നായി പരിശോധിച്ചു. എല്ലാക്കുഴികളിലും പിടിയാനകൾമാത്രം വീണുകിടക്കുന്നതുകണ്ടതിശയിച്ചു. ആണുങ്ങൾക്കൊപ്പം കാര്യക്ഷമത എല്ലാവിഷയത്തിലും പെണ്ണുങ്ങൾക്കുമുണ്ടെന്നു വാദിക്കുന്ന ഇന്നത്തെ സ്ത്രീലോകം ഈ സംഭവത്തെക്കുറിച്ചു് എന്തു വ്യാഖ്യാനമാണു നല്കുവാൻ പോകുന്നതെന്നു അറിയുവാൻ രസമുള്ള ഒരുകാര്യമാണു്.

അടുത്തുള്ള മുക്കുഴിയിൽ വീണതായ മൂന്നു പിടിയാനകൾ വീഴ്ചയിൽതന്നെ യമപുരിക്കു യാത്രയായി. കഷ്ടം! ആ ദയനീയ കാഴ്ച ഇന്നും എൻെറമനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്നു. അല്പം അകലെയായിട്ടായിരുന്നു മററു മൂന്നുകുഴികൾ. അതുകളിൽവീണിരുന്ന മൂന്നാനകൾ കേവലം വൃദ്ധകളായിരുന്നതിനാൽ അവരെ കരയ്ക്കുകയററി കാട്ടിൽ വിട്ടേക്കുവാൻ തീരുമാനിച്ചു. അവിടെനിന്നും അല്പംഅകലെയുള്ള ഒററക്കുഴിയിൽ തലേദിവസം രാത്രിയിൽ വീണതായ പിടിയാന പ്രൗഢയും പ്രഗത്ഭയുമായിരുന്നു. അതിനാൽ അവളെ കരയ്ക്കുകയററി കൂട്ടിലടയ്ക്കുവാൻ നിശ്ചയിച്ചു. രൂപവതിയായ അവൾക്കു 'സുന്ദരി'യെന്നു നാമകരണവുംചെയ്തു. മനുഷ്യരിൽ കറുത്ത പെണ്ണിനു വെളുമ്പിയെന്നും അഴകില്ലാത്തവനു് അഴകപ്പാപിള്ളയെന്നും പേരിടാറുള്ളതുപോലെ അർത്ഥശൂന്യവും അപരിഷ്കൃതവുമായ പേരുകളല്ല ആനകൾക്കിടാറുള്ളതു്. കാർത്ത്യായനി, ത്രിപുരസുന്ദരി, ക്ലിയോപാററ്റാ തുടങ്ങിയ സുന്ദരനാമങ്ങൾ വഹിക്കുന്ന ആനകൾ ഇന്നു ധാരാളമുണ്ടു്.

സുന്ദരിയെ കരയ്ക്കുകയററുവാനായി വലിയ കമ്പുകളും തടികളും കുഴിക്കുമീതേനിരത്തി "ഇട്ടുകെട്ടി"യതിനുശേഷം മുക്കുഴിയിൽകിടപ്പുള്ള മൂന്നു വൃദ്ധകളേയും കയററിവിടുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ചപ്പും ചവറും മണ്ണും ഇട്ടു കുഴികൾ മിക്കവാറും നികത്തി രണ്ടാനകളെ കരയ്ക്കുകയററിവിട്ടു. അവർ ജീവരക്ഷാർത്ഥം ഓടി കാട്ടിൽ മറഞ്ഞു. മൂന്നാമത്തവൾ വലിയ ശല്യക്കാരിയായിരുന്നതിനാൽ അവളെ കരയ്ക്കുകയററുവാൻ കൂടുതൽതാമസം വേണ്ടിവന്നു. അവളുടെ ദുർഭാഗ്യത്തിൻെറ കൂടുതൽകൊണ്ടു് അപ്പോഴാണു വിരുതനായ മി. മുത്തുസ്വാമിപ്പിള്ളയുടെ വിചിത്രമസ്തിഷ്കത്തിൽ അസംബന്ധമായ ഒരു നൂതനചിന്ത കടന്നുകൂടിയതു്. കയററിവിടേണ്ട ആനകൾക്കു് എന്തെങ്കിലും കാണത്തക്ക ഒരടയാളം കൊടുത്തിട്ടുവേണം അങ്ങനെചെയ്യേണ്ടതെന്നു് ഫാറസ്ററ്മാനുവലിൽ എവിടെയോ വായിച്ചിട്ടുള്ളതായി ഒരോർമ്മ ആ വിദ്വാനുണ്ടായി. അയാൾ ഉടൻതന്നെ ഖഡ്ഗം എടുത്തു ആനയുടെവാലിൻെറ അഗ്രംഛേദിച്ചു. വീഴ്ചകൊണ്ടും അതിനുശേഷമുള്ള പരാക്രമംകൊണ്ടും പരവശതയനുഭവിച്ചുകൊണ്ടിരുന്ന സാധുവൃദ്ധഗജം റെയിഞ്ചരുടെനിർദ്ദയദണ്ഡനയ്ക്കുകൂടി വിധേയയായപ്പോൾ വാവിട്ടുനിലവിളിച്ചു കണ്ണുനീർ ഒഴുക്കുകതന്നെ ചെയ്തു. സർക്കാരുദ്യോഗം സാധുക്കളെ പീഡിപ്പിക്കുവാനുള്ള സഞ്ജീവനമായി കരുതുന്ന ഉപദ്രവകാ

രികൾ ഇന്നും വർദ്ധിച്ചുവരുന്നതല്ലാതെ ഒരു കുറവും കാണുന്നില്ല.

ആനപിടിത്തംകണ്ടു രസിക്കുവാൻ ഇതിനകം അനവധിയാളുകൾ അടുത്തുള്ള സ്ഥലങ്ങളിൽനിന്നും വന്നുചേർന്നിരുന്നു. അക്കൂട്ടത്തിൽ തെന്മല ഡിപ്പോആഫീസർ മി. വിശ്വനാഥഅയ്യരും രണ്ടുമൂന്നു് അക്കൌണ്ടന്മാരും ഉണ്ടായിരുന്നു. ശത്രുക്കൾ പറക്കുംകോട്ടകളിലിരുന്നു് ആഗ്നേയാസ്ത്രങ്ങൾ വർഷിക്കുന്നതുപോലും കണ്ടുരസിക്കുവാൻ ആളുകൾ കൂടാറുള്ള സ്ഥിതിക്കു് അടുത്തുള്ള കാട്ടിൽനടക്കുന്ന ആനപിടിത്തം കാണുവാൻ ജനങ്ങൾകൂടിയതിൽ തെററില്ല. ആപത്തുവരിച്ചും ആനന്ദമാസ്വാദിക്കുന്നതു് മനുഷ്യരുടെ നൈസർഗ്ഗികമായിട്ടുള്ള ഒരു ഗുണവിശേഷമായിട്ടല്ലാതെ അജ്ഞതകൊണ്ടാണെന്നു കരുതുവാൻ പാടില്ല. മി. അയ്യരുടെ കാലിനു് അല്പം ഏന്തുണ്ടായിരുന്നു എങ്കിലും ആൾ സുന്ദരനും, സുഭഗനും, സുശീലനും ആയിരുന്നു. അദ്ദേഹവും സിൽബന്ധികളും കുഴിവക്കിൽവന്നതും ആന കുഴിയിൽനിന്നും കരയ്ക്കു കയറിയതും മിക്കവാറും ഒരേ സമയത്തായിരുന്നു. ആളുകൾ തിങ്ങിക്കൂടി കുഴിയുടെ നാലുവശത്തും നിന്നിരുന്നതിനാൽ കുഴിയിൽനിന്നും പെട്ടെന്നു കയറിയ ആനയ്ക്കു് ഓടി രക്ഷപെടുവാനുള്ള മാർഗ്ഗങ്ങൾ അടഞ്ഞിരിക്കുന്നതായിത്തോന്നി. അതുവിരണ്ടോടി. ജനങ്ങളും സംഭ്രാന്തരായി. ആനപിടിത്തത്തിൽ അല്പമെങ്കിലുംപരിചയമുള്ള ഒരുദ്യോഗസ്ഥനായിരുന്നുവെങ്കിൽ കുഴിയിൽനിന്നും ആന കയറിയാൽ അതിനു ഓടിപ്പോകുന്നതിനായി പ്രത്യേകം ഒരു വഴ വെട്ടിവയ്ക്കുമായിരുന്നു. അവിടെആരും മാർഗ്ഗതടസ്സംചെയ്തു നില്ക്കുന്നതിനു് അനുവദിക്കയുമില്ലായിരുന്നു. പരിചയംവേണ്ട ജോലികളിൽ അതില്ലാത്ത ആളുകളെ നിയോഗിക്കുന്ന വഷളത്തരമായ ഏർപ്പാടു് ഇന്നുംഇന്നലെയും ആരംഭിച്ചതല്ലെന്നു നമുക്കു സമാധാനപ്പെടാം.

കുഴിയിൽനിന്നും കയറിയ ആനയും അവിടെ തടിച്ചുകൂടിയിരുന്ന കാഴ്ചക്കാരായ ജനങ്ങളും ആർത്തു നിലവിളിച്ചുകൊണ്ടു നാലുപാടും ഓട്ടംതുടങ്ങി. മി. അയ്യരും അക്കൌണ്ടന്മാരും പരിചയം ഭാവിച്ചുകൊണ്ടു് ആനയുടെ ഗതിവിഗതികൾ നോക്കി കുഴിക്കുചുററും വലത്തുവച്ചു. ആനയുടെ ശ്രദ്ധയും അവരിൽതന്നെ പതിഞ്ഞു. അങ്ങനെ അവരും ആനയുമായി ഒരു കിളിയാൻ തട്ടുകളിയിൽ ഏർപ്പെട്ടു. കളി ഒടുവിൽ കാര്യമായി അവസാനിച്ചു. കുഴിക്കുചുററും ഓടിയിരുന്നവരിൽ അയ്യരൊഴിച്ചു ശേഷമുള്ളവർ തക്കംനോക്കി ആനയുടെ ദൃഷ്ടിയിൽനിന്നും മറഞ്ഞു് കാട്ടിൽ ഒളിച്ചു. സാധു വിശ്വനാഥഅയ്യർമാത്രം കുഴിക്കരയിൽ അവശേഷിച്ചു. രംഗം അതി ഭയങ്കരമായി മാറി. മരത്തിൽ കയറിയിരുന്നവരും കാട്ടിൽ മറഞ്ഞിരുന്നവരും ശരണംവിളികൾകൊണ്ടും കല്ലേറുകൾകൊണ്ടും ആനയെ വിരട്ടി. അവിടംമുഴുക്കെ അയ്യപ്പൻവിളികൾകൊണ്ടു മുഖരിതമായി. മി. അയ്യർ അവസാനം മുക്കുഴികളുടെ മദ്ധ്യേയുള്ള തിട്ടയിൽ കമഴ്ന്നുവീണു. ആ സാധുബ്രാഹ്മണന്റെ പരിതാപകരമായ കിടപ്പിൽ സകലരും വിഷമിച്ചു. അടുത്തു മരത്തിലിരുന്നവരുടെ നിറമുള്ള തൊപ്പികളും ഉറുമാലകളും കണ്ടു് ആനയുടെ ദൃഷ്ടികൾ മിക്കവാറും അവരിൽതന്നെ പതിച്ചിരുന്നു. മുക്കുഴിമദ്ധ്യത്തിലുള്ള തിട്ടയിൽ കയറുന്നതിനു് ആനയും ഭയപ്പെട്ടു. എങ്കിലും മുൻകാലുകൾ നീട്ടി അയ്യരെ മർദ്ദിക്കുവാൻ നോക്കി. അപ്പോഴെല്ലാം ആളുകൾ കൂട്ട

തിരുമുൽക്കാഴ്ച.

ഒരു അനുകരണം

(കെ. കേശവൻനായർ ബി. എസ്. സി.)

സുപ്രഭാതം. നവംനവങ്ങളായ ആശാകിരണങ്ങളാൽ അലംകൃതനായ ബാലഭാസ്കരൻ പൂർവ്വനഭസ്സിന്റെ പൂങ്കവിൾത്തടത്തിൽ ആനന്ദമൃദുപ്പുംപുഞ്ചിരിപ്പാൽപുരട്ടി ജീവജാലങ്ങളുടെ ഹൃദയപഞ്ജരത്തിൽ ആശയും വിശ്വാസവും വളൎത്തുന്നു. ബാലരവിയുടെ കിരണങ്ങൾ നീലനീരന്ധ്രനിബിഡമായ കേരവൃക്ഷങ്ങളിലും പച്ചപ്പരവതാനിസദൃശമായ നെല്പാടങ്ങളിലും മനോമോഹനങ്ങളായ ഉദ്യാനങ്ങളിലും രമ്യങ്ങളായ സരസ്സുകളിലും സോല്ലാസം സഞ്ചരിച്ചു. പ്രകൃതിയുടെ സൗന്ദൎയ്യതരംഗത്തിൽ രണ്ടു പാതകൾ ദൃശ്യമായി. ആ പാതകൾ തമ്മിൽചേരുന്ന ദിക്കിൽ ശുഭ്രവസ്ത്രധാരിയായ ഒരു ഗംഭീരപുരുഷനെയും കാണുന്നുണ്ടു്. രണ്ടുദിക്കുകളിലേക്കായി തിരിഞ്ഞുപോയിരു

തൽ ശരണംവിളിച്ചു. അതിനകം ആന ഒന്നുരണ്ടുമർദ്ദനം അയ്യൎക്കു് ഏല്പിച്ചുകഴിഞ്ഞു. പാവപ്പെട്ട മി. വിശ്വനാഥഅയ്യർ നിശ്ശേഷം ബോധരഹിതനായി, നിശ്ചലനായി, നിശ്ശബ്ദനായിത്തീൎന്നു. കണ്ടിരുന്നവരുടെ കണ്ണുകളിൽനിന്നും ജലധാരപുറപ്പെട്ടു. ആന വാലിൽക്കൂടി രക്തവുമൊലിപ്പിച്ചു കലവിളി വിളിച്ചുകൊണ്ടു് കാട്ടിലേക്കു് ഓടിമറഞ്ഞു. എല്ലാം നിശ്ശബ്ദം. അല്പനേരത്തേക്കു് ആരുമാരും ഒന്നുമുരിയാടിയില്ല. ആനപോയേ! സാമിയെക്കൊന്നേ! എന്നുള്ളവിളികൾ ഉത്തരക്ഷണത്തിൽആകാശത്തിലേക്കുയൎന്നു. സകലരും ഓടിയെത്തി. മി. അയ്യരെ പൊക്കിയെടുത്തു മലൎത്തിക്കിടത്തി. അദ്ദേഹത്തിന്റെ മടിയിൽ അപ്പോഴും ഉണ്ടായിരുന്ന ഭസ്മച്ചിമിഴ തുറന്നു ഭസ്മമെടുത്തു നെററിയിൽ തൊട്ടു. അദ്ദേഹത്തിന്റെ ശ്വാസം പൂൎണ്ണമായി നിലച്ചിട്ടില്ലാത്തതായിക്കണ്ടു. രോമകൂപങ്ങളിൽനിന്നും രക്തബിന്ദുക്കൾ പൊടിച്ചുകൊണ്ടിരിക്കുന്നതായിക്കണ്ടു. ആനയുടെ നഖക്ഷതം ഏററ ഒന്നുരണ്ടു സ്ഥാനങ്ങളിൽനിന്നും ക്രൂരതരമായി രക്തം ഒലിച്ചു. ഒട്ടും താമസിയാതെ ഒരു ബസ്സുവരുത്തി അതിൽ അദ്ദേഹത്തെ കിടത്തി പുനലൂർ ആസ്പത്രിയിലേക്കു കൊണ്ടുപോയി. പ്രഥമശുശ്രൂഷകൾക്കുശേഷം അവിടെനിന്നും അദ്ദേഹം തിരുവനന്തപുരം ജനറൽ ആസ്പത്രിയിലേക്കു നീക്കപ്പെട്ടു.

ആറുമാസത്തെ സമൎത്ഥമായ ചികിത്സയ്ക്കുശേഷം അദ്ദേഹം വീണ്ടും തെന്മലഡിപ്പോവിൽ ജോലിയിൽ പ്രവേശിച്ചു. സുന്ദരിയും അതിനകം അതിസമൎത്ഥനായ ഒരുകൊമ്പനെ പ്രസവിച്ചു കുളത്തൂപ്പുഴആനക്കൂട്ടിൽ സസുഖം കഴിഞ്ഞുകൂടുകയുംചെയ്തു.

ന്ന ആ പാതകളിൽ ഏതാണു ഉദ്ദിഷ്ടസ്ഥാനത്തേക്കു നയിക്കുന്നതെന്നു് ആ വന്ദ്യവയോവൃദ്ധനായ മനുഷ്യപുംഗവനു് അറിവാൻ പാടില്ലാതിരിക്കയൊവാം. ആ ഗംഭീരവദനത്തിൽ ഗാഢമായ ആലോചനാഭാവം സ്ഫുരിച്ചുകണ്ടു. അദ്ദേഹം മന്ത്രിച്ചു; മന്ദവും സ്ഫുടവുമായ സ്വരത്തിലായിരുന്നു അദ്ദേഹത്തിന്റെ മന്ത്രണം. "മനുഷ്യൻ ആശിച്ചുകൊണ്ടിരിക്കുന്ന വേറൊരുലോകത്തിനുവേണ്ടി ജീവിക്കുക; അവന്റെ ജീവൻ വേറൊരുലോകത്തിനുവേണ്ടി ബലികഴിക്കുക, പ്രാർത്ഥനാപൂജകൾകൊണ്ടു് ആകാശത്തിന്റെ അപ്പുറത്തുള്ള ഒരു സങ്കല്പശക്തിയുടെ അനുഭാവത്തിനും സഹായത്തിനും വേണ്ടി അപേക്ഷിച്ചുംകൊണ്ടു നടക്കുക — ഈ മനുഷ്യനുപോകുവാനുള്ളതാണു് ഇതിൽ ഒരു പാത. ഗാഢമായി ചിന്തിച്ചു, സൂക്ഷ്മാവലോകനംചെയ്തു, വിവേകമാകുന്ന മാധുര്യത്തെ ഭുജിച്ചു ആ തേജസ്സിനെ പിൻതുടരുക" — ഇത്തരം മനുഷ്യനുള്ളതാണു് മറെറാരു പാത.

"ദേവന്മാർക്കും, ദേവികൾക്കും, മറവുമൂർത്തികൾക്കും, നിഴലുകൾക്കുംവേണ്ടി ബുദ്ധിമുട്ടി പ്രയത്നിച്ചു മറെറാരുലോകത്തിൽ അവർ സമ്മാനംതരുമെന്നാശിച്ചുകൊണ്ടു് ജീവിക്കുന്ന മനുഷ്യനുള്ളതാണു് ഒരു പാത."

"ചുറവും കാണുന്ന ജീവജാലങ്ങൾക്കും കളത്രപുത്രാദികൾക്കുംവേണ്ടി ജീവിച്ചു് അവരുടെ ദുഃഖത്തേയും അസംതൃപ്തിയേയുംമാററി അവർക്കു സുഖമുണ്ടാക്കിക്കൊടുക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യനുള്ളതാണു് മറെറാരു പാത."

"സ്വന്ത ആലോചനാശക്തിയേയും വിവേകത്തേയുംനശിപ്പിച്ച ലോകതത്വങ്ങൾ പാടേ പഠിച്ചവരെന്നു സ്വയം ഘോഷിച്ചുകൊണ്ടുനടക്കുന്ന ജീവിതദ്രോഹികളെ നമസ്കരിച്ചു അവരുടെ ചൊല്പടിയിൽനടക്കുന്ന മനുഷ്യനുള്ളതാണു് ഒരു പാത."

"വിവേകബുദ്ധിക്കു പ്രാധാന്യംകൊടുത്തു സ്വയം ചിന്തിച്ചു നരകത്തെയും സ്വർഗ്ഗത്തെയും അഗണ്യമാക്കി പൌരുഷത്തോടുകൂടി ജീവിതപ്പോരുനടത്തി വിജയത്തിലേക്കു കുതിച്ചുപായുന്ന മനുഷ്യനുള്ളതാണു മറെറാരു പാത."

"അരാജകത്വവും ഇരുട്ടും നിറഞ്ഞതാണു് മറെറാരു പാത."

"സംസ്കാരവും മാധുര്യവും നിറഞ്ഞതാണു മറെറാരുപാത"

ശുഭ്രവസ്ത്രധാരിയായ ആ മനുഷ്യൻതെല്ലിട ആലോചനയിലാണ്ടു. സ്ഥിരനിശ്ചയം ആ മുഖത്തു വ്യാപരിച്ചു. തേജസ്സുനിറഞ്ഞ രണ്ടാമത്തെ പാതയിൽക്കൂടി അദ്ദേഹം മന്ദംമന്ദം നടന്നു. സമുന്നതമായ ശിരസ്സിനേയും, ഉയർത്തിപ്പിടിച്ച വക്ഷസ്സിനെയും, ദൃഢമായി പിന്നിൽകെട്ടിയ കരങ്ങളേയും ആ ശക്തിയേറിയ പാദങ്ങൾ വഹിച്ചുകൊണ്ടു മുന്നോട്ടുപോയി. ജീവിതത്തിനെ വെല്ലുവിളിച്ചുകൊണ്ടുള്ള ആ ഗംഭീരഘോഷയാത്ര കുരുക്ഷേത്രത്തിൽ ധർമ്മയുദ്ധത്തിനിറങ്ങിയ ഭീഷ്മയോഗിയെ ഓർമ്മിപ്പിച്ചു.

"ജീവിതമേ" ആ വീരയോദ്ധാവു വിളിച്ചുപറഞ്ഞു. "നീ എന്നെ വേദനിപ്പിക്കുന്നതിനു ശ്രമിക്കുന്നുണ്ടു്. പക്ഷെ ആ വേദനയെ സഹിക്കുന്നതിനു് എനിക്കു കഴിയും. ആ വേദനയിൽ ഞാൻ മന്ദഹസിക്കും. പിന്നീടു പൊട്ടിച്ചിരിക്കും."

"നിന്നിൽ കാണുന്ന ആനന്ദവും സുഖവും ഞാൻ അനുഭവിക്കും നീ അതിനു സമ്മതിക്കുകയില്ല, പക്ഷെ നിന്നെ ഞാൻ തോല്പിക്കും."

"നീ എന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചു. കാതുകൾ തുരന്നു പ്രകൃതിയിൽനിന്നും എന്നെ അകററും. എന്റെ ഹൃദയത്തിൽ ഞാൻ പിന്നീടും സന്തോഷിക്കും. നിന്റെ ക്രൗര്യവും പൈശാചികത്വവും ഞാൻ അപ്പോൾ കാണുകയില്ല. നിന്റെ മററു സന്താനങ്ങളുടെ, കരിങ്കല്ലിനെപ്പോലും ഉരുക്കുന്ന നിരന്തരമായ സന്താപധ്വനികൾ എന്റെ ചെവികളിൽ അന്നു പറന്നെത്തുകയില്ല."

"ധനത്തിനോടുള്ള അതിമോഹം എന്നിൽ ഉളവാക്കി എന്നെക്കൊണ്ടു പാപം ചെയ്യിക്കാൻ നി വൃഥാ പരിശ്രമിക്കും. ആ ദുരാഗ്രഹത്തിലകപ്പെടാതെ മാറിനിന്നു് ഞാൻ നിന്നെ തോൽപിക്കും."

"ചില സ്നേഹിതന്മാരെ നീ എനിക്കു നൽകും. അവരിൽ വിരോധമുണ്ടാക്കി, നീ അവരെ എന്നിൽനിന്നകററും. എന്നാലും എന്റെ ഹൃദയം ക്രൂരമായിത്തീരുകയില്ല. യഥാർത്ഥസ്നേഹിതന്മാരെ കണ്ടറിഞ്ഞു ഞാൻ അവരെ പരിരംഭണം ചെയ്യും. അതിലും നിന്നെ ഞാൻ തോൽപിക്കും"

"എന്നിൽ ദുരഭിമാനവും അത്യാഗ്രഹവും വളർത്തി എന്നെ വ്യാകുലപ്പെടുത്താൻ നീ ശ്രമിക്കും. പക്ഷെ വിശ്വാസവും ആശയുംകൊണ്ടു് ഞാൻ നിന്നെ തോല്പിക്കും."

"എന്റെ കീർത്തിയെ അപഹരിച്ചു് എന്നെ ഒരു പക്ഷവാതരോഗിയെപ്പോലെയാക്കിത്തീർക്കുവാൻ നീ ശ്രമിക്കും; മിന്നിത്തിളങ്ങുന്നതായ ആ ജീവിതവ്യഭിചാരത്തെ ഞാൻ ഇപ്പോൾതന്നെ കളഞ്ഞു കൈകഴുകിയിരിക്കുന്നു."

"എന്നെ ഭയങ്കരനായ തെററുകാരനാക്കി ലോകസമക്ഷം നീ അവതരിപ്പിക്കും; സത്യത്തിൽ മുറുകെപ്പിടിച്ചു ചെയ്തുപോയ അപരാധത്തിൽ പശ്ചാത്തപിച്ചു ഞാൻ മുമ്പോട്ടുപായും. അവിടെയും നിനക്കാണത്രെ പരാജയം."

"എന്നെ ദാരിദ്ര്യത്തിൽ ജനിപ്പിച്ചു, വിശപ്പിൽ വരട്ടി രോഗത്തിലിടാനു നീനക്കു സാധിക്കും, പക്ഷെ ആ അവസ്ഥയിൽ ഞാൻ അനേകഗുണങ്ങൾ ഗ്രഹിച്ചു്, ജ്ഞാനം സമ്പാദിച്ചു നിന്നെ തൃണവൽഗണിക്കുവാൻ പ്രാപ്തനായിത്തീരും."

"അവസാനത്തിൽ നീ മരണഭീതിയാൽ എന്നെ ഭയപ്പെടുത്തുവാൻ ശ്രമിക്കും. എന്റെ വസതിയുടെ വാതായനങ്ങൾ അഗതികൾക്കും; അനാഥർക്കും, അതിഥികൾക്കും എന്നും തുറന്നിട്ടിരിക്കുകയാണു്. മരണമാകുന്ന അഗതിയെ മാനവസംസ്കാരത്തിനുതകുന്നവണ്ണം സ്വീകരിച്ചു നിന്നെ ഞാൻ ലജ്ജിപ്പിക്കും."

"ജീവിതമെ! നീ ലജ്ജിക്കാതെ! വ്യാകുലപ്പെടാതെ. നിന്റെ പ്രവൃത്തികൾ നീ തുടർന്നുകൊൾക. അതിനു മടിക്കേണ്ട—"

ആ ഗംഭീരപുരുഷൻ തിരിഞ്ഞുനോക്കാതെ മുമ്പോട്ടു നടന്നുപോയി ഈ കാഴ്ച കണ്ടും കേട്ടും നിന്ന മനുഷ്യന്റെ ദേഹത്തു സ്വേദകണങ്ങൾ പൊടിഞ്ഞു; നേത്രങ്ങളിൽനിന്നും നിർമ്മലമുത്തുകൾ അടർന്നുപൊഴിഞ്ഞു. നിരാശ അവനെ വിട്ടൊഴിഞ്ഞു. അവൻ എഴുന്നേററു ദീർഘമായൊന്നു ശ്വസിച്ചശേഷം ബാലാദിത്യന്റെ മുമ്പിലായി ദണ്ഡനമസ്കാരംചെയ്തു. അവന്റെ ചഞ്ചലമായ മനസ്സുമാത്രമെ അവനു തിരുമുല്ക്കാഴ്ച വയ്ക്കാൻ അപ്പോൾ കൈവശമുണ്ടായിരുന്നുള്ളു.

ആശാന്റെ നായകന്മാർ

(വിദ്വാൻ, കെ. കെ. വാദ്ധ്യാർ)

ആശാന്റെ കവിതകൾ നായികാപ്രധാനമെന്ന അഭിപ്രായമാണ് സാഹിത്യലോകത്തിൽ പൊതുവേ ഉള്ളത്. അതുകൊണ്ടായിരിക്കണമല്ലോ, "ആശാന്റെ നായികമാ"രെക്കുറിച്ച് ത്രയേറെ പ്രബന്ധങ്ങളും പ്രഭാഷണങ്ങളും, പുസ്തകങ്ങൾ കൂടയും ഉണ്ടായിട്ടുള്ളതും. സൂക്ഷ്മചിന്തയിൽ ഈ അഭിപ്രായം തികച്ചുംശരിയായിരിക്കുമോ?

'അതേ, എന്ന ഉത്തരമായിരിക്കും അധികംപേരിൽ നിന്നും അത്യുച്ചത്തിൽ പുറപ്പെടുക. ആശാന്റെ പ്രധാനകവിതകളിലെല്ലാം, നായികമാരാണ് നമ്മുടെ ചിന്താമണ്ഡലത്തിൽ ആധിപത്യം വഹിച്ചുകൊണ്ട് അത്യുജ്ജ്വലപ്രഭ വിതറിവിലസുന്നത്; നായികമാരുടെ വികാരവിചാരവാഗ്വ്യാപാരങ്ങളാകുന്ന മോഹനമുക്താമണികൾ കോർത്താണ് ആശാൻ തന്റെ കമനീയകാവ്യഹാരങ്ങൾ നിർമ്മിച്ചിരിക്കുന്നത്. ശരിതന്നെ—എന്നാൽ, ആ മുത്തുമാലകൾക്ക് നൂലായിനില്ക്കുന്നതോ? നായകകഥയല്ലേ? പക്ഷേ, ആ ചരട്, മാലയുടെ ആദ്യന്തർഭാഗങ്ങളിൽ മാത്രമേ സ്പഷ്ടദൃഷ്ടമായുള്ളൂ എന്നുവരാം; മണികളുടെമദ്ധ്യേ കാണപ്പെടുന്ന നൂല് കാണികളുടെ ദൃഷ്ടിയെ അത്രയേറെ ആകർഷിച്ചില്ലെന്നും വരാം. എന്നാലും മാലയിൽ നൂലിനുള്ള പ്രാധാന്യത്തെ ആർക്കാണ് അപലപിക്കാവുന്നത്.

"മയിസർവ്വമിദംപ്രോതം
സൂത്രേമണിഗണാവിവ"

(ഈ സവ്ലോകങ്ങളും ഈശ്വരനായ) എന്നിൽ, നൂലിൽ രത്നങ്ങളെന്നപോലെ കോർക്കപ്പെട്ടിരിക്കുന്നു) എന്ന ഗീതാവചനം ഇവിടെ സ്മർത്തവ്യമാണ്. നായികമാരുടെ വാങ്മനഃകായകർമ്മങ്ങളിലൂടെയാണ് കവിയുടെ കാവ്യശില്പമെങ്കിലും ആ കർമ്മങ്ങളെല്ലാം നായകന്മാരെ ആധാരമാക്കി, അവരെ അഭിമുഖീകരിച്ചു, അവരെ കേന്ദ്രമാക്കിക്കൊള്ളുന്നതാകയാൽ നായകപ്രാധാന്യമാണ് ന്യായമായി പറയാവുന്നത്. ആധേയത്തേക്കാൾ ആധാരത്തിനല്ലേ പ്രാധാന്യം?

കാവ്യകലാകർമ്മങ്ങളെ സംബന്ധിച്ചിടത്തോളം ശാസ്ത്രാദികളേക്കാൾ സഹൃദയാനുഭവത്തിനാണ് കൂടുതൽ പ്രാധാന്യമെന്നും ആശാന്റെ കാവ്യങ്ങളെ അനവരതം ആസ്വദിക്കുന്ന യഥാർത്ഥ സഹൃദയന്മാരുടെ അനുഭവം വച്ചുകൊണ്ടുവേണം ഇക്കാര്യത്തിൽ തീർപ്പുകല്പിക്കാനെന്നും ഒരു വാദം വരാം. കാവ്യത്തിന്റെ പരമധർമ്മത്തെക്കുറിച്ചുപോലും

"വിദഗ്ധചർവ്വണംതന്നെ
പ്രമാണംതത്രകേവലം"—എന്ന് പ്രാചീനാചാര്യന്മാരുംസമ്മതിച്ചിട്ടുള്ളതാണ്.

ആശാന്റെ കാവ്യത്തിൽ നമ്മുടെ ചർവ്വണം എന്തനുഭവമാണു നല്കുന്നതു്—നായികാപ്രാധാന്യമല്ലേ? ആണെന്നു സമ്മതിച്ചുകൊണ്ടുതന്നെ മറ്റൊരു മാർഗ്ഗത്തിലേക്കു ചിന്തയെ നയിക്കാം.

ഉണ്ണുനീലിസന്ദേശം, മയൂരസന്ദേശംമുതലായി കൈരളിസാഹിത്യത്തിനു് അഭിമാനഹേതുകങ്ങളായ വരിഷ്ഠസന്ദേശകാവ്യങ്ങളില്ലേ—അവ നായികാപ്രധാനമോ നായകപ്രധാനമോ? വിരഹിയായ ഒരു നായകനെയാണു് അത്തരംകവിതകളിൽ ആദ്യന്തം കാണുന്നതു്. നായകൻ നായികയോടു വേർപെടാനുണ്ടായ ഹേതുക്കളും അപ്പോളനുഭവിക്കുന്ന അസഹവിരഹപീഡയും അതിന്റെ ശാന്തിക്കായി സന്ദേശഹരൻ ചെയ്യേണ്ട ദൗത്യകർമ്മവിവരണവും—ഇതൊക്കെയല്ലേ സന്ദേശകാവ്യങ്ങളിലുള്ളതു്. ഈ കൃതികൾ—നായിക ഒരിക്കലും രംഗത്തിൽ പ്രവേശിക്കാത്തുള്ള ഈ കൃതികൾ—നായകപ്രധാനമായിട്ടല്ല നായികാപ്രധാനമായിട്ടുതന്നെയാണു് സഹൃദയന്മാർ സമ്മതിച്ചുവരുന്നതു്. "കണ്ണുനീർത്തുള്ളി" എന്ന ആ വിശ്രുതമായ വിലാപകാവ്യത്തിന്റെ കഥ നോക്കുക; നായിക മൃതയായിക്കഴിഞ്ഞു, നായകന്റെ വികാരവിചാരങ്ങളാണു് വർണ്ണ്യം,—എന്നിട്ടും അക്കാവ്യം നായികാപ്രധാനമെന്നാണു് മനസ്സു മന്ത്രിക്കുന്നതു്. അതേ ആസ്വാദനപ്രകാരങ്ങളെ ആശാൻകൃതികളോടും അനുബന്ധിക്കുക; അപ്പോൾ കാണാം—നായികമാരുടെ ജീവിതനൗകയ്ക്കു ദീപസ്തംഭങ്ങളായും പല നായികമാരുടെയും ജീവിതദീപങ്ങൾക്കു് തൈലവും വർത്തികയുമായും ചുരുക്കിപ്പറഞ്ഞാൽ നായികാജീവിതത്തിനു് ആധാരമായും നായകന്മാരെ നിബന്ധിച്ചിട്ടുള്ള ആശാൻകവിതകൾ നായകപ്രധാനമെന്നു പറയുകയാണു് കൂടുതൽ ശരിയായിരിക്കുക എന്നു്.

പ്രാധാന്യത്തെക്കുറിച്ചുള്ള ഈ ചിന്തകൾ പരമാബദ്ധമെന്നു വിചാരിക്കുന്നവർപോലും ഒരു കാര്യം സമ്മതിക്കും. ആശാന്റെ കാവ്യങ്ങളിൽ നായികമാരേക്കാൾ ഔൽകൃഷ്ട്യം തീർച്ചയായും നായകന്മാർക്കാണു്; ആദർശത്തിലും സ്വഭാവഗതിയിലും നായകന്മാർ നായികമാരേക്കാൾ എത്രയോ മികച്ചുനില്ക്കുന്നു. നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ ഈ കാവ്യങ്ങളിലെ നായികാനായകന്മാരെ നമ്മുടെ മനോമണ്ഡലത്തിൽ ജോടിയായി നിരത്തിനിറുത്തി ഒന്നു താരതമ്യം ചെയ്തുനോക്കുക.

കരുണയിലെ നായിക, വാസവദത്ത ജന്മനാ വേശ്യയാണു്. കുലശുദ്ധിതന്നെ ഇല്ല. കർമ്മത്തിലും വേശ്യതന്നെ. മണിത്തേരിൽ വന്നിറങ്ങിയ സുഭഗമ്മന്യനായ കറമ്പൻചെട്ടിയാരുടെ ധനത്തിൽ കൊതിപൂണ്ടു് ഒട്ടുനാൾ മുമ്പുമുതലേതന്നെ ഇഷ്ടകാമുകിയായിക്കരുതിവരുന്ന തൊഴിലാളിത്തലവനെ ആ ഭയങ്കരി വധിക്കുകകൂടി ചെയ്യുന്നു. എന്തൊരു ധനതൃഷ്ണ! പ്രേമശൂന്യത! അവളിൽ ഒന്നുരണ്ടു സൽഗുണങ്ങളുണ്ടായിരുന്നു—അന്ധകൂപത്തിൽ പ്രസരിക്കുന്ന ചില പൊൽക്കതിരുകൾപോലെ. ഉപഗുപ്തനിൽത്തോന്നിയ യഥാർത്ഥാനുരാഗവും, ശ്മശാനദേശത്തിലും ശുശ്രൂഷക്കായി ഒരു സഖി വന്നിരിക്കത്തക്കവിധത്തിലുള്ള ഔദാര്യവും. അന്ധതാമലീമസമായ ആ ഹൃദയത്തിലെ മൃദുലമോഹനമായ ഈ വശങ്ങൾതന്നെയാണു് അ

ന്ത്യത്തിൽ അവൾക്കു് "ബുദ്ധമാതാവെഴും പുണ്യലോകം പൂകു"വാനുള്ള സോപാനമായി പരിണമിച്ചതും. നായകനായ ഉപഗുപ്തനോ—വിശ്വവശ്യയായ ആ വാരനാരീമുടിപ്പൂൺപിന്റെ നിരന്തരക്ഷണങ്ങളെ "സമയമായില്ല" എന്നുതന്നെ പറഞ്ഞു എപ്പോഴും എതിർത്ത ധീരൻ, അവൾ "വിശസനമതിൽ വാടിവീണ" സമയംനോക്കി ശ്മശാനത്തിലും പാഞ്ഞെത്തി, പാപപ്പാഴ്ചെളിക്കുണ്ടിൽനിന്നു് ആ രത്നത്തെ പരിനിർവാണത്തിന്റെ വിരിമാറിലേക്കുയർത്തിയ കരുണാശീതളസ്വാന്തനായ യോഗിവര്യൻ—ഹാ അവർ തമ്മിലുള്ള അന്തരം!

ചണ്ഡാലഭിക്ഷുകിയിലെക്കാര്യം ചുരുക്കിപ്പറയാനേയുള്ളു. നായകനെക്കണ്ട നിമിഷംമുതൽ "പറവാനാകാത്ത" ഒരാമയത്തിനടിമയായി വീട്ടുവിട്ടിറങ്ങി നാട്ടുനീളെ നായകനെത്തേടിയലഞ്ഞു് ഒടുവിൽ അവൾ നായകതുല്യമായ ഒരു ഉന്നതാദർശത്തിലെത്തിച്ചേരുന്നു; വ്യക്തിപ്രേമത്തിലൂടെ അവൾ വിശ്വപ്രേമത്തിലെത്തി. എന്തെല്ലാം ചാപലങ്ങൾക്കുശേഷമാണു് അവൾ നായകന്റെ നിലയിലേക്കുയർന്നതു്!

നളിനീദിവാകരന്മാർ—അവർ രണ്ടുപേരും 'നല്ല ഹൈമവതഭൂവി'ലെത്തി തപശ്ചര്യയിൽക്കഴിയുന്നു. നായികയുടെ തപസ്സു് ഏകദേശം കുമാരസംഭവത്തിലെ പാർവതിയുടെ തപസ്സിനോടു് ഉപമിക്കാം. പാർവതി വരലാഭത്തെത്തന്നെ ലക്ഷ്യമാക്കിയിരുന്നു. നളിനി വരലാഭത്തിൽ നിരാശയായിത്തീർന്നു് സാക്ഷാൽ മോക്ഷത്തെത്തന്നെ ഉദ്ദേശിച്ചാണു തപസ്സു്.

"ജീവിതാശകൾനശിച്ചു, വാടിയുൾ-
പ്പൂവു, ജീവഗതിയോർത്തുചെയ്യുയാം
ദേവദേവ പദസേവയേവമീ-
ഭൂവിലാവിലത പോവതിന്നിവൾ"

എന്നു കവിതന്നെ തുറന്നു പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെയൊരു മേന്മയുണ്ടു് നളിനിക്കു്. പക്ഷേ 'താതനോർത്തൊരു വിവാഹനിശ്ചയം' കാതിലെത്തിയക്ഷണം വീട്ടുവിട്ടുപോന്നു് കാട്ടുപൊയ്കയിൽ ചാടി മരിക്കാൻശ്രമിച്ച കഥ—അതു് പാർവതിയെക്കാൾ നളിനിക്കു വളരെ താഴ്മയുണ്ടാക്കുന്നു. തപസ്സിൽ ഏർപ്പെട്ടിട്ടോ—"മാനസം ഭഗവദംഘ്രിപങ്കജധ്യാനധാരയിലുറച്ചിടാതെ" പാവം വിഷമിക്കുന്നു. ദിവാകരൻ പ്രാഗ്ജന്മസംസ്കാരജന്യമായി സ്വയമുദിച്ച വൈരാഗ്യത്താൽ തപസ്സിനുപോന്നു. ആ തപസ്സു്—ബാല്യകാലസഖിയായ നളിനിയുടെ ദർശനത്തിൽ ചലിക്കാതെ, "യൂനാം ഹൃദന്തക്കൊമ്പാട്ടു"വാൻതക്ക അവളുടെ ആത്മകഥാകഥനത്തിലും ഇളകാതെ, തന്നിൽ അത്യന്തം അനുരക്തയാണെന്നു അപ്പോൾ നേരിട്ടു പറഞ്ഞ ആ നളിനിതന്നെ, തന്റെ മാറിടത്തിൽ ഒരു പൂമാലപോലങ്ങനെ പററിക്കിടന്നു് കണ്ണുനീർ പൊഴിച്ചിട്ടും സഞ്ചലിക്കാതെ നിൽക്കുവാൻ ആ യുവധീമാനെ പ്രാപ്തനാക്കിയിരുന്നു. ലീലയ്ക്കു് മദനനെ അപേക്ഷിച്ചുള്ള താഴ്മ പറയാനുമില്ലല്ലോ.

അല്പമൊരാശങ്കവരാവുന്നതു "ദുരവസ്ഥ"യുടെ കാര്യത്തിലാണു്. ബ്രാഹ്മണകുലത്തിൽ പിറന്നുവളൎന്ന ആ സാവിത്രി പുലക്കിടാത്തനായ ചാത്തനേക്കാൾ സൗന്ദര്യശ്രീവിലാസത്തിലും മാനസസംസ്കാരത്തിലും എത്രയോ ഉയൎന്ന നിലയിൽ നില്ക്കുന്നു എന്നു സമ്മതിക്കാം. എങ്കിലും, സൂക്ഷ്മചിന്തയിൽ അവിടെയും, വികാരങ്ങളുടെ

കാൎയ്യത്തിൽ വിശേഷിച്ചും, ചാത്തനാണു മേൽത്തരത്തിൽപ്പെടുന്നതെന്നു കാണുവാൻപ്രയാസമില്ല. "ക്രൂരമഹന്മദരാക്ഷസന്മാർ" ഇല്ലത്തിനു തീവയ്ക്കുകയും തനിക്കു പ്രിയപ്പെട്ടവരായുള്ളവരെയെല്ലാം ക്രൂരദണ്ഡങ്ങളേല്പിച്ചു് കൊല്ലുകയോ കൊല്ലാനായി കൊണ്ടുപോകയോ ചെയ്യുകയും—ഇങ്ങനെയുള്ളൊരു സമയത്തു് സാവിത്രി സ്വജീവനെ പ്രധാനമായി പരിഗണിച്ചു് ഒളിച്ചോടിപോന്നതിൽ കുററംപറയാനില്ലെന്നുവയ്ക്കുക. ഗത്യന്തരമില്ലാഞ്ഞിട്ടാണെങ്കിൽക്കൂടിയും സാവിത്രിയുടെ ചിന്തകൾ

"ക്ഷീണിച്ചെന്നംഗങ്ങൾ തീരെത്തള-
(ൎന്നാൽഞാൻ
കാണിനേരംനിന്നു വിശ്രമിക്കും
ആണത്തമാൎന്നട്ടത്തേലുമെൻ-
(ചാത്തന്റെ
ചേണുററമേനിതൻ ഛായപററി."
"ആഹാപുലയയുവാവേ നിൻബുദ്ധിയും
സ്നേഹവും താഴ്മയുമൗദാൎയ്യവും"
"ഹന്തതരുണൻ സുമുഖൻ ദൃഢകായൻ"
"എത്രവിലപെറും വസ്തുഹാനി ചാത്താ"

ഇങ്ങനെയൊക്കെ ചാത്തനിലേക്കു സംക്രമിക്കുകയും, "തെന്നൽതല്ലുംവഴിക്കു ചാഞ്ഞുകൊൾവാൻ" അനുവദിക്കപ്പെട്ട ചിത്തലത ചാത്തനിൽ ചുററിപ്പററിക്കയറുകയും ചെയ്യുന്നു. സുന്ദരിയും യുവതിയുമായ ആ തമ്പുരാട്ടിയുമായി, ആ ഹേമന്തനിശീഥിനികളിൽ ആ കുടിലിൽ കഴിഞ്ഞുകൂടിയ ചാത്തനോ; "ചിന്തവേറില്ലാത്ത പൈതൽപോലെ"അവിടെ തങ്ങിയുറങ്ങിപോലും! "പ്രായത്തിനുള്ള ചാപല്യത്തെ ബന്ധിക്കു-
മായതമാമീ വിനയപാശം

ആയത്തമല്ലിതുപോലോതിക്കോന്മാൎക്കും
പ്രായേണ തോലിട്ടോരുണ്ണികൾക്കും"

എന്നിങ്ങനെ സാവിത്രിതന്നെ ചാത്തന്റെ മനഃസംയമത്തിനു്, ചാരിത്രനിഷ്ഠയ്ക്കു്, സാക്ഷ്യപത്രം നൽകുണ്ടു്.

ആശാന്റെ ഏതു കാവ്യത്തിലും, അചഞ്ചലമായ ധൎമ്മനിഷ്ഠയും അവ്യഭിചരിതമായ ആദൎശശുദ്ധിയുംപൂണ്ടു് വികാരവിപ്ലവത്തിൽ തരംഗലീലയുടെ തടശിലകളായി നില്ക്കുന്നതു് നായികമാരല്ല—നായകന്മാരാണു്. നായികമാരോ, വെറും സാധാരണ സ്ത്രീകൾമാത്രം.

ഒന്നാംതരം മലയാളം പുസ്തകങ്ങൾ
വേണ്ടവർ, കൊല്ലം ശ്രീരാമവിലാസം
പ്രസ്സിൽ ആവശ്യപ്പെടുവിൻ!

കണ്ണുനീർ

(എം. കെ. നാരായണൻ, പറവൂർ.)

ഓണത്തിന്നനുജത്തിയായതൈപ്പൂയംവന്നു.
ചേണെഴുംമകരപ്പൂകൊയ്യേണ്ടകാലംവന്നു.

ചിററാടച്ചെന്നൂക്കളാലാനാട്ടു പൂയക്കാവി-
ത്തറവട്ടത്തൊരുങ്ങുന്നിതുത്സവമാഘോഷിക്കാൻ

കാവടിയാട്ടം നടത്തീടുന്നകാറെറത്തുമ്പോൾ
പൂവണിമാന്തോപ്പുകൾനാടൻനൎത്തകരെങ്ങും

ഉത്സവത്തിരക്കായി നോക്കിയാലെങ്ങുംവിവാ-
ഹോത്സവം, നാടിന്നൊരുപുത്തനാം ജീവൻവീണു.

കാണുന്നുകുലചാഞ്ഞവാഴകൾ ആ നാടിൻെറ
നാണിച്ചുതലതാഴ്ത്തിനില്ക്കുന്നനവോഢകൾ

കൊന്നപ്പൂത്താലിക്കൂട്ടം പച്ചന്തളിന്മേൽകോത്തു
വന്നുപൂക്കാലംകൊച്ചുനാടിനെവേൾക്കാൻവേണ്ടി.

പൊങ്ങുന്നനാദസ്വരവാദ്യമങ്ങൊരുദിക്കിൽ
തെങ്ങോലതലയാട്ടിനില്പിതാസ്സംഗീതത്താൽ

കൊണ്ടാടുന്നൊരുകൊച്ചു കുടുംബമതിന്നാദ്യ-
മുണ്ടായസുതന്നൊരു കല്യാണംസകൗതുകം.

നേരമായ് വധൂഗൃഹയാത്രയ്ക്കുവന്നെത്തുന്നി-
തോരോരോന്നുരുക്കന്മാർ ബന്ധുക്കൾ സഖാക്കളും

വൈവാഹവേഷംപേറി ജീവിതംപാടേമാറി
മെയ്മറന്നതാനിൽപ്പൂവരനും യാത്രോദ്യുക്തൻ

ഭാഗിനേയിയാം കൊച്ചുലീലചെന്നമ്മാവൻെറ
കൈപിടിച്ചതാനിൽപ്പൂ പുത്തനായുടുപ്പിട്ട്

ഇറങ്ങാൻപുരുഷന്മാർ തിടുക്കംകൂട്ടീടുന്നു.
ഏരവിൽചന്തംനോക്കി പെണ്ണുങ്ങൾനിന്നീടുന്നു.

*　　　*　　　*

അമ്മതൻപാദംതൊട്ടു വന്ദിക്കാൻകുനിഞ്ഞപ്പോ-
ളമ്മകന്നെന്തോ ജലംനിറഞ്ഞുനേത്രങ്ങളിൽ

ഇമ്മന്നിൽനിറഭേദം നെടുനാൾനോക്കിക്കണ്ടോ-
രമ്മയുംകരഞ്ഞുപോയെന്തിനിന്നന്തസ്സാരം

ജീവിതത്തിലെപ്പൂത്തുപൂക്കാലം വിവാഹമ-
തീവിധംകണ്ണീർകൊണ്ടുമലിനപ്പെടുത്താമോ?

കർക്കടക്കാറുംകോളും വെള്ളപ്പൊക്കവുംപിന്നെ
ഉൽക്കടമായ്ത്തുമ്പാറക്കെട്ടിലെക്കയങ്ങളും

മംഗലപ്പുഴമുക്കം ഓർക്കുമ്പോൾവിവാഹമാം
മംഗളപ്പെരിയാററിൽ മുങ്ങുവാനാളുണ്ടാകാ-

പഞ്ചാരമണൽത്തിട്ടിൽവേനൽക്കുകളിക്കുവാൻ
തഞ്ചാരുതിരക്കയ്യാലാനദിവിളിക്കുമ്പോൾ

ഗാർഹസ്ഥ്യം വിളമ്പുന്ന ക്ലേശങ്ങൾചിന്തിക്കാതെ
അച്ഛതൻപോലുംജന്മവാസനാബലംകാട്ടും.

*　　　*　　　*

കാലത്തിൻമീനച്ചൂടിൽ വാടിപ്പോയൊരുഭൂത-
കാലത്തിൻസ്മരണയാലമ്മയ്ക്കു കണ്ണീർവന്നു.

എണ്ണുവാൻതുടങ്ങിയമ്മാതാവുകേറിപ്പോന്ന
വെണ്ണക്കല്പടവാന്ന ഭൂതകാലത്തിൻകോണി:—

"രണ്ടാളുമൊത്തീവീട്ടിൽ ഞങ്ങളാദാമ്പത്യത്തിൻ-
ചെണ്ടണിവസന്തത്തിലെത്രനാളാനന്ദിച്ചു

സഹോദരി

പേടിയാണക്കാലത്തിൽ ഞങ്ങളെ രോഗത്തിനു-
മാടലിൻതീക്കൊള്ളിയെ യൗവനംകെടുത്തീടും·

ദാരിദ്ര്യം ദ്വേഷ്യപ്പെട്ടു പല്ലുരുമ്മുമ്പോൾ ഞങ്ങൾ
മാറിനിന്നതുനോക്കിച്ചിരിച്ചകാലംപോയി

ചീരയും പഞ്ഞപ്പുല്ലും ചേനയും ചേമ്പുംമററും
ധാരാളം കൃഷിചെയ്തു തോപ്പതു നിറയുമ്പോൾ

കാററാടിത്തുടങ്ങുന്ന പൊക്കാളിപ്പാടംപോലെ
ചുററുമാക്കാണുംകാഴ്ച ഞങ്ങൾകണ്ടാനന്ദിക്കും

പയററിൻവാരംവെട്ടുമപ്പന്റെ പിമ്പേചെന്നു
പലതും നേരമ്പോക്കു പറയും നാണുക്കുട്ടൻ

അതുകേട്ടപ്പൻ വാരിയെടുത്താച്ചങ്ങാതിക്കു
മതിയാവോളമുമ്മവയ്ക്കും പൂങ്കപോലത്തിൽ

കാലത്തിൻതിരശ്ശീലയ്ക്കപ്പുറംപോയകാലം
ലോലനപ്പിതാവുംതന്നന്ത്യശയ്യയിലാണ്ടു

ആയിരമാശാശതം കാററിനോടോതുന്നുണ്ടാ-
മാമഹാനുറങ്ങുന്നശയ്യയാച്ചിതയിന്നും.

ഉത്തമാംഗത്തിൽക്കൂടി വാർദ്ധക്യം ചിരിക്കുന്നു
ചിത്തമാമാതാവിന്നു ചിന്തയാൽ കരയുന്നു

"ജീവിതം കണ്ണീർപ്പുഴയാണതിൽ ചിലേടത്തു
പൂവണിത്തുരുത്തുകൾ ചിലപ്പോൾ പൊങ്ങിക്കാണാം.

അതുകണ്ടാനന്ദത്താലോടിയെത്തീടും ദേഹി
പുതുതാംദുഃഖച്ചാലുനീന്തണം വീണ്ടും വീണ്ടും.

ആയിരംപ്രാവശ്യമീയ"ക്കരപ്പച്ച"ക്കളി-
യാവർത്തിച്ചറിഞ്ഞാലും പിന്തിരികില്ലാ മർത്ത്യൻ.

ഏകരംഗം.

ദൈവത്തിന്റെ കളി.

(ജഗതി, എൻ. കെ. ആചാരി.)

—ജീർണ്ണിച്ചുകിടക്കുന്ന ഒരു കുടിലിന്റെ അന്തർഭാഗം അകത്തു വ്യാപിച്ചിട്ടുള്ള പാണ്ഡുരപ്രഭയിൽ, ഒന്നുരണ്ടു മൺപാത്രങ്ങളും ഒരു ചാക്കുകട്ടിലിൽ കിടന്നു പുളയുന്ന ഒരു സ്ത്രീരൂപവും, സമീപത്തു് ഏങ്ങിയേങ്ങിക്കരയുന്ന ഒരു ബാലികയും പ്രത്യക്ഷമാകുന്നു—

സ്ത്രീ—മോളേ!...നിന്റെ അച്ഛൻ വന്നോടീ?

ബാലിക—ഇല്ലമ്മാ! അയ്യോ ഇരുട്ടായി.

സ്ത്രീ—തങ്കം! നീ വിളക്കു കത്തിച്ചു വെയ്ക്കു്.

—ബാലിക ഒരു ചെറിയ മൺവിളക്കു കത്തിക്കാൻ ഒരുമ്പെടുന്നു. ഭിത്തിയിലുണ്ടായിരുന്ന ഒരു സുഷിരത്തിൽനിന്നും തീപ്പെട്ടിയെടുക്കുന്നു.

സ്ത്രീ—മോളേ! തീപ്പെട്ടിക്കോൽ എത്രയുണ്ടു്?

ബാലിക—ഒന്നു്.

സ്ത്രീ—അതു നാലായിപ്പിളക്കു്......അയ്യോ...

ബാലിക—അമ്മാ?

സ്ത്രീ—ഒന്നുമില്ല മോളേ...വയറു കത്തുന്നു...അയ്യോ.

—ബാലിക തീപ്പെട്ടിക്കോൽ പിളക്കാനൊരുമ്പെടുന്നു. ഒരു കറുത്തുതടിച്ച പുരുഷൻ പ്രവേശിക്കുന്നു. ബാലികയെ നോക്കി—

പുരുഷൻ—എടീ നിന്റെ തള്ളയെവിടെ?

—ബാലിക (ആളെ മനസ്സിലാക്കിയിട്ടു) അമ്മാ! യജമാനന്റെ അവിടുത്തെ ശിപായിഅങ്ങുന്നു വന്നുനില്ക്കുന്നു.

സ്ത്രീ—അയ്യോ! കൊച്ചങ്ങുന്നേ! ഞാൻ കിടപ്പിലായിപ്പോയി.

ശിപായി—എടീ! ആ കോട്ടും ഷർട്ടും നിന്നെയേല്പിച്ചിട്ടെത്രനാളായി?

ബാലിക...അയ്യോ അങ്ങുന്നേ മഴയായിപ്പോയി.

ശിപായി—മിണ്ടിപ്പോകരുതു ശവമേ! (കൈയോങ്ങുന്നു, ബാലിക പരിഭ്രമിച്ചു പിന്നോക്കം മാറുന്നു)

സ്ത്രീ—അങ്ങുന്നേ! രണ്ടുദിവസത്തിനകം ഞാനാരെയെങ്കിലുംകൊണ്ടു വെളുപ്പിച്ചുതരാം...അയ്യോ.

ശിപായി—നിനക്കെന്തു സുഖക്കേടു്? മസൂരിയാണെങ്കിൽ നേരത്തേ പറ.

സ്ത്രീ—അയ്യോ...അമ്മേ...വയ്യ.

—ഒരുവശത്തെ ചെററയുടെ വിടവിൽക്കൂടി ഒരു വെളുത്തുതടിച്ച സ്ത്രീ തല അകത്തേക്കു നീട്ടിക്കൊണ്ടു്—

"എടീ നിന്റെതള്ള പെറേറാടീ?"

ബാലിക—എന്തോ! വല്യമ്മ ഒന്നിങ്ങു വരുമോ?

"ഫൂ" (സ്ത്രീ തലവലിച്ചെടുക്കുന്നു)

ശിപായി—ഓഹോ!

സ്ത്രീ—(അന്ധകാരം ബാധിക്കുന്നതുകണ്ടു്) മോളേ വിളക്കുകൊളുത്തെടീ!

ശിപായി ചെവിയുടെ മടക്കിൽനിന്നും ഒരു ബീഡിയെടുത്തുകൊണ്ടു് എടീ ആ തീപ്പെട്ടിയിങ്ങുതാ!

ബാലിക—അയ്യോ വിളക്കു കൊളുത്തണം.

—ശിപായി തീപ്പെട്ടി തട്ടിപ്പറിച്ചു് ബീഡികത്തിക്കുന്നു. ബാലിക ആ മൺവിളക്കു മുയത്തിപ്പിടിച്ചുകൊണ്ടുനില്ക്കുന്നു. ശിപായി ബീഡികത്തിച്ചിട്ടു്, ബാലികയെ ഗൗനിക്കാതെ തീപ്പെട്ടിക്കോൽ അങ്ങോട്ടുമിങ്ങോട്ടും വിശിയണച്ചിട്ടു നിലത്തിടുന്നു. പക്ഷെ അതു വീണ്ടും കത്തുന്നു. ശിപായി ചവിട്ടിത്തേക്കുന്നു. രംഗത്തിൽ ഇരുളും വ്യാപിക്കുന്നു. ശിപായി ഒരു വശത്തുക്കൂടെബീഡിയുംവലിച്ചുകൊണ്ടു പോകുന്നു. മറുവശത്തുക്കൂടി ഒരുമദ്ധ്യവയസ്കൻ തപ്പിത്തടഞ്ഞു പ്രവേശിക്കുന്നു.

സ്ത്രീ—മോളേ വിളക്കുകൊളുത്തമ്മാ.

ബാലി—തീപ്പെട്ടി ഇല്ല... (കണ്ണുകൾ നിറയുന്നു)

പ്രവേശിച്ച പുരുഷൻ—തങ്കം!

ബാലി—അച്ഛാ!

സ്ത്രീ—നിന്റെ അച്ഛൻ വന്നോടീ? അയ്യോ ഇങ്ങുവരാൻപറ.

പുരു—വിളക്കു്?

സ്ത്രീ—മോളേ 'വിളക്കു് വിളക്കു്!

—ഒരു ഹരിക്കെയിൻറാന്തലുമായി ഒരു ബാലൻ പ്രവേശിക്കുന്നു. ശാന്തസുന്ദരമായ മുഖം. ശുഭ്രവേഷം. വിളക്കുകണ്ടയുടൻതന്നെ ബാലിക കൈകൊട്ടിച്ചാടുന്നു. പുരുഷൻ സ്ത്രീയുടെ ശയ്യയുടെ അടുക്കലേക്കോടുന്നു—

ബാലിക—അയ്യോ! ഇതാ അപ്പുറത്തെ കൊച്ചുങ്ങുന്നു വിളക്കു കൊണ്ടുവന്നു!!

ബാലൻ—വേഗം കഞ്ഞിയോ മറ്റോ കുടിച്ചോളിൻ. അച്ഛൻ അറിയാതെയാണു് ഞാൻ വിളക്കു എടുത്തുകൊണ്ടുവന്നതു്. മണ്ണെണ്ണയില്ലെങ്കിൽ ഈ റാന്തലിൽ നിന്നെടുത്തോ.

ബാലിക—(ചുററും നോക്കി സംഭ്രമത്തോടെ) അച്ഛാ! അച്ഛൻ മൺവെട്ടി കൊണ്ടുവെച്ചപ്പോൾ കലം ഉടഞ്ഞുപോയി കഞ്ഞിയെല്ലാം ക...ള...ഞ്ഞു...പോ...യി.

ബാലൻ—എടീ നീയെന്റെക്കൂടെവന്നാൽ കുറച്ചു ചോറും കറിയും ഞാൻ എടുത്തുതരാം.

(അണിയറയിൽ) "നിനക്കു കാച്ചിവച്ചിരിക്കുന്ന പാലുക്കൂടി എടുത്തുകൊടുക്കെടാ റാസ്കൽ!"

—ബാലൻ പിന്തിരിഞ്ഞുനോക്കുന്നു. ഒരു മദ്ധ്യവയസ്കൻ ചുവന്ന ഒരു കമ്പിളി മൂടിക്കൊണ്ടു പ്രവേശിക്കുന്നു. വേറൊരു കമ്പിളി പതിനാറായി മടക്കി തലയിൽ വെച്ചിട്ടുമുണ്ടു്. രൂക്ഷമായ മുഖഭാവം—

ബാലൻ—അയ്യോ അച്ഛാ! ഇവളുടെ അമ്മയ്ക്കു്—

അച്ഛൻ—റാന്തലെടുക്കെടാ!

ബാലൻ വിഷണ്ണനായി പതുക്കെ എടുക്കുന്നു.

അച്ഛൻ—നടക്കു്!

ബാലൻ—അച്ഛാ! കഷ്ടം പാവങ്ങൾ!

അച്ഛൻ—നടക്കെടാ!

—ബാലൻ പതുക്കെ നടക്കുന്നു. അശ്രുകലുഷിതങ്ങളായ ബാലികയുടെ കണ്ണുകളുമായി ബാലന്റെ കണ്ണുകൾ ഇടയുന്നു. ബാലൻ പെട്ടെന്നു നിശ്ചലനായി നില്ക്കുന്നു—

ബാലൻ—അച്ഛാ! ഈ വിളക്ക് എനിക്കു പഠിക്കാനുള്ളതാണ്.

അച്ഛ—ഇതാണോ നിന്റെ പഠിത്തം?

ബാല—(ധൈര്യത്തോടെ) അതെ!

അച്ഛ—ധിക്കാരം.

ബാല—ഇതു ധിക്കാരമാണെങ്കിൽ ഞാൻ ഒരു വലിയ ധിക്കാരിയാകാൻ ആശിക്കുന്നു.

അച്ഛ—എടാ! നീയിതാരോടു സംസാരിക്കുന്നു?

ബാല—എന്റെ അമ്മ അച്ഛനെന്നു പറഞ്ഞുതന്നിട്ടുള്ളയാളോട്.

അച്ഛ—എടാ ഞാനാര്.

ബാല—എനിക്കറിയാൻവയ്യാ.

അച്ഛൻ—ദുഷ്ടൻ!

ബാലൻ—ആയിരിക്കാം.

അച്ഛൻ—എടാ! നിന്നെ ഞാൻ വീട്ടിൽ കേററുകില്ല!

ബാലൻ—വേണ്ട വേണ്ട! (ബാലികയേ സമീപിച്ച്) ഇതാ ഈ വിളക്കു നീയെടുത്തോ. പേടിക്കാതെ, ഞാനൊരിടത്തും പോകുന്നില്ല. നീ നിന്റെ അമ്മയുടെ അടുത്തുപോ. (അടുത്തുകിടന്ന ഒരു ഓലക്കീറിൽ നിവന്നു നീണ്ടുകിടക്കുന്നു. ബാലന്റെ പിതാവ് ഇതികർത്തവ്യതാമൂഢനായി നില്ക്കുന്നു)

—ബാലിക ആവേശത്തോടെ ഒരു വശത്തേക്കോടിമറയുന്നു. ബാലൻ അതുകണ്ടു എഴുന്നേററു പിന്തുടരുന്നു. ബാലികയുടെ പിതാവ് ഒരു വശത്തു ചാരിവച്ചിരുന്ന ഒരു ചെററയെടുത്തു രോഗിണിയുടെ ശയ്യയുടെ മുൻവശത്തു വിലങ്ങനെ വെയ്ക്കുന്നു. അങ്ങിനെ അവളുടെ ശയ്യ രംഗത്തിൽനിന്നും മറയുന്നു. ബാലന്റെ പിതാവ് മദ്ധ്യത്തിലിരിക്കുന്ന റാന്തലെടുക്കാനായി രണ്ടു മൂന്നു തവണയൊരുമ്പെട്ടന്നെങ്കിലും എടുക്കുന്നില്ല. അവസാനം വേണ്ടെന്നുവെച്ചു പോകാൻ തുടങ്ങുന്നു. അപ്പോൾ ഡോക്ടരും, ബാലികയും, ബാലനും, ശിപായിയും പ്രവേശിക്കുന്നു. ഡോക്ടരും അയൽവാസിയായ ഗൃഹസ്ഥനും പരസ്പരം വന്ദിക്കുന്നു—

ഡോക്ടർ—അവിടുന്നു പറഞ്ഞയച്ചതുകൊണ്ടാണു ഞാൻ വന്നതു്. മാത്രവുമല്ല അവിടത്തെ സൺകൂടി വന്നതുകൊണ്ടാണ്.

ഗൃഹസ്ഥൻ—(വിഷണ്ണനായി) വന്നതിൽ സന്തോഷം.

ഡോക്ടർ—ഞാൻ ഈനശിച്ച കൂട്ടക്ക് അറിഞ്ഞോ അറിയാതെയോ യാതൊരുപകാരവും ചെയ്യുകയില്ലെന്നു ശപഥം ചെയ്തിരിക്കയാണ്. Dirty beggars......(ബാലികയെനോക്കി) എടീ നിന്റെ തന്തയേ വിളിക്കു്.

—ചെററയ്ക്കകത്തുനിന്നുംബാലികയുടെ പിതാവു വരുന്നു. തുവത്തരയിൽ ചുററി വളഞ്ഞുനില്ക്കുന്നു—

ഡോക്കട—എടാ രാമാ! നിന്നോടു ഒരു കൊല്ലത്തിനു മുമ്പ് ഞാൻ പറഞ്ഞതെന്താണ്?

രാമൻ—(മൗനം)

ഡാക്കടർ—(ഗൃഹസ്ഥനോട്) ഒന്നുചോദിക്കണം.

ഗൃഹസ്ഥൻ—എന്താ?

രാമൻ—(വിക്കി വിക്കി) പിന്നേ...അവൾ ഇനി പെററാൽ-ച-ത്തു-പോ-വു-മെന്നു്...

(ചെററയ്ക്കകത്തു്) "അമ്മോ!"

ഡോക്കടർ—നോക്കണം വൃത്തികെട്ടശവങ്ങൾ. കഴിഞ്ഞ പ്രസവംതന്നെ വലിയവിഷമത്തിലായിരുന്നു. ഞാനന്നു കർശനമായി ഉപദേശിച്ചതാണിവനോട്

രാമൻ—അയ്യോ ഞാനൊന്നുമറിഞ്ഞില്ല! ദൈവത്തിന്റെ കളി!

ഗൃഹ—പോടാഭ്രാന്താ! ദൈവത്തിന്റെ കളിപോലും!

—ഡോക്ടർ ചെററയ്ക്കകത്തു പോകുന്നു. ബാലിക വെളിയിൽപ്പോരുന്നു. ഒരു നിശ്ശബ്ദത. രാമനും ഗൃഹസ്ഥനും നിന്നിമേഷരായി നില്ക്കുന്നു. ചെററയ്ക്കകത്തുനിന്നും ഒരു ശിശുവിന്റെ കരച്ചിൽ കേൾക്കുന്നു. ബാലിക തുള്ളിച്ചാടുന്നു. ശിശുവിന്റെ രോദനം പൊങ്ങുന്നതോടുകൂടി ഒന്നുരണ്ടു സ്ത്രീകളും പ്രവേശിക്കുന്നു. അവസാനം ഒരു വൃദ്ധ പ്രവേശിച്ചു 'രാമ രാമ' എന്നു ജപിച്ചുകൊണ്ടു ചെററയ്ക്കകത്തു പോകുന്നു ഡോക്ടർ വിയർത്തു്.

നിണമണിഞ്ഞ കൈകളോടു വെളിയിൽവരുന്നു. ശിപായി ഒരു പാത്രം ജലം ഉയർത്തി ഡോക്ടരുടെ കൈയിൽ ഒഴിക്കുന്നു. ഡോക്ടർ ഗൃഹസ്ഥനോടു് സ്വകാര്യമായി.

"തള്ള പൊയ്യോയി!"

രാമൻ (പരിഭ്രാന്തനായി) ചതിച്ചു! ദൈവം ചതിച്ചു!!

(ചെററയ്ക്കകത്തു മറയുന്നു. ബാലികയും കൂടെയോടുന്നു. ഡോക്ടരുടെ മുഖത്തിൽ ഒരു കാളിമ വ്യാപിക്കുന്നു.)

ഡോ—എനിക്കു നെഞ്ചിനകത്തൊരു വേദന. ഇങ്ങിനെയൊരുകേസ്സ് ഞാനിതുവരെ കണ്ടിട്ടില്ല. (ഒരു ഗൗളി ഓലയ്ക്കിടയിലിരുന്നുശബ്ദിക്കുന്നു; ഡോക്ടർ പരിക്ഷീണനായി പതറി പതറി നടക്കുന്നു. ശിപായിയും ഗൃഹസ്ഥനും ഡോക്ടരെത്താങ്ങിക്കൊണ്ടു മറയുന്നു. ഒരു വൃദ്ധ ശിശുവിനെ തുണിയിൽ പൊതിഞ്ഞു് രംഗമദ്ധ്യത്തിൽ കൊണ്ടുവരുന്നു. കൂടെ ഒന്നുരണ്ടു സ്ത്രീകളും. അവരിൽ ഒരുത്തി റാന്തൽ തെളിക്കുന്നു.

വൃദ്ധ—നോക്കിൻ പെണ്ണുങ്ങളേ! ദൈവത്തിന്റെ കളി! ആ അപ്പാത്തിക്കിരിയേപ്പോലല്ല്യോ കൊച്ചിരിക്കിണതു്!

സ്ത്രീകൾ—തന്നെ തന്നെ. വാസ്തവം.

ഒരുത്തി—ആ മൂക്കാണു്!

വേറൊരുത്തി—മീശയുടെ കുറവു്!

—രാമൻ ചെററയ്ക്കകത്തുനിന്നും ഒരു ഭ്രാന്തനെപ്പോലെ ഓടി വരുന്നു. വൃദ്ധയുടെ കയ്യിൽനിന്നും ശിശുവിനെ ബലത്തോടെ പറിച്ചെടുക്കുന്നു. അനന്തരം റാന്തലും തട്ടിപ്പറിച്ചു് നിലത്തടിക്കുന്നു. കണ്ണാടിച്ചില്ലുകൾ നാലുപാടും ചിതറുന്നതോടൊന്നിച്ചു് സ്ത്രീകളും മറയുന്നു. ബാലിക "അയ്യോ" എന്നു വിളിച്ചുകൊണ്ടു് നിലം പതിക്കുന്നു.

നിശ്ശബ്ദത.

ബാലൻ ഒരു മെഴുകുതിരിയുമായി പ്രവേശിക്കുന്നു. ബാലികയെത്താങ്ങിയെടുക്കുന്നു.

ബാലിക—(കണ്ണുതുറന്നു്) എന്റെ അമ്മ ചത്തുപോയോ?

ബാലൻ—(മൗനം)

ബാലിക—എന്റെ അച്ഛനും ചത്തുപോയോ?

ബാലൻ—(മൗനം)

ബാലിക—അ.. ന...ജ,..നും ചത്തുപോയോ?

(ബാലിക മയങ്ങുന്നു)

—വിളക്കുമായി ഡോക്ടരുടെ ജോലിക്കാർ പ്രവേശിക്കുന്നു. ശവസംസ്കാരത്തിനൊരുമ്പെട്ടു വന്നിരിക്കയാണെന്നു സ്പഷ്ടം. അവർ ചെററക്കകത്തു പോകുന്നു—

ബാലിക—(തലയുയർത്തി, കണ്ണുകൾ പകുതി തുറന്നുകൊണ്ടു്) തീപ്പെട്ടിക്കോൽ ഒന്നേയുള്ളൂ.

(ചെററക്കെത്തു്) "അതു നാലായി പിളൎക്ക്.

"വേണ്ടടേ! രണ്ടു മുളവെച്ചു കെട്ടിയാൽ മതി"

ബാലിക (വീണ്ടും കൺമിഴിച്ചു്) ആ തീയിങ്ങു തരണം. വിളക്കുകൊളുത്താൻ.

(ചെററക്കെത്തു്) "ആ തീ തറയിലിട്ടു് ചവുട്ടിത്തേയ്ക്കു്! വൈക്കോലിൽ തീ പിടിക്കും"

—ബാലിക മയങ്ങുന്നു. ബാലൻെറ നയനങ്ങൾ നനയുന്നു.

ചെററക്കെത്തുനിന്നും ശവത്തെച്ചുമന്നു കൊണ്ടവർ ഒരുവശത്തുകൂടി മറയുന്നു. ഒരു പിശാചിൻെറ ഘോഷയാത്രപോലെ നിഴലുകൾ ഭിത്തിയിൽക്കാണുന്നു. ബാലൻ തൻെറ മെഴുകുതിരി കൈയിലെടുക്കുന്നു പക്ഷെ അതു പൊലിഞ്ഞുപോകുന്നു. അകലെയായി മങ്ങിയ ഒരു അൎദ്ധചന്ദ്രൻ കിളരുന്നു. ബാലിക ഉണരുന്നു.

ബാലിക—(ചന്ദ്രനെ നോക്കി) അതാ! ഒരു വലിയ വിളക്കു്!

ബാലൻ അവളെത്തലോടുന്നു. അവൾ വീണ്ടും അവൻെറ തോളിൽ തലചായ്ക്കുന്നു. രാമൻ ഒരു ചെറിയ പൊതികെട്ടുമായി ചെററയ്ക്കകത്തുനിന്നും ഒരു പിശാചിനേപ്പോലെ പുറത്തുവരുന്നു.

രാമൻ ഇതാ! ഇതാ! ഇതുംകൂടി കൊണ്ടുപോവിൻ. ഇതെനിക്കുവേണ്ട! (ഓടുന്നു)

"ഇതാ! ഇതാ" എന്നുള്ള വിളി അകലെയായികേൾക്കുന്നു. ചന്ദ്രൻ കൂടുതൽ ഭാസ്വത്താകുന്നു.

ബാലിക—(ഉണൎന്നു്) അമ്മാ അതാ വലിയ ഒരു വിളക്കു്.

"കുറ്ങ്ങേ!" എന്നു ശബ്ദിച്ചുകൊണ്ടു് ഒരു പൂച്ച ചെററയ്ക്കകത്തുനിന്നും ചാടിയോടുന്നു.

ബാലൻ—വാ നമുക്കു പോകാം.

ബാലിക—എവിടെ?

ബാലൻ—കുപ്പിയോടും രക്തത്തുണികളും ഇല്ലാത്ത ഒരു സ്ഥലത്തു്.

ബാലിക—അവിടെ തീപ്പെട്ടിയുണ്ടോ?

ബാലൻ—ഓ! ധാരാളം ഉരച്ചാലൊട്ടു അണയാത്തവ, കത്തിച്ചാലണയാത്തവ.

ബാലിക—(ഒരു നേരിയ മന്ദഹാസത്തോടെ) എന്നാപ്പോകാം.

ബാലൻ അവളെ കൈകൊണ്ടു താങ്ങിക്കൊണ്ടുപോകുന്നു.

(യവനിക)

ഭാരതജാതകം

(ഗാനകാവ്യം)

ഭാരതനേതാക്കൾക്കു് നാരായണഗുരു ഉപദേശിക്കുന്നു. സ്വാമിതിരുനാളിനും സമാധിദിനത്തിനും പാടി ശ്രീനാരായണധൎമ്മം പരത്തുവിൻ.

ഗ്രന്ഥകൎത്താവു്—വി. ആർ. നാണു

ഓണവില അണ 4. കൂടുതൽ വാങ്ങുന്നവൎക്കു് 25 ശതമാനം കമ്മിഷൻ.

വി. പി. അയയ്ക്കുവാൻ അപേക്ഷിക്കുക.

മാനേജർ, സ്വരാജ്യപ്രസ്സ്—കായംകുളം.

അ മ ര പീ യൂ ഷം

(The Best Nervine Tonic.)

സ്ഥിരമായ ആരോഗ്യത്തെയും ആയുർദൈർഘ്യത്തെയും ആഗ്രഹിക്കുന്നവർ ഞങ്ങളുടെ അമരപീയൂഷം വാങ്ങി സേവിക്കുക. അകാല ജരാനരകളുടെയും ജനനേന്ദ്രിയസംബന്ധമായ സകലവിധ കേടുപാടുകളേയും പോക്കി, ശരീരത്തിനു് നവീനമായ തേജസ്സും, ഓജസ്സും പ്രദാനംചെയ്തു് ഐഹികപാരത്രികസുഖങ്ങളെ അനുഭവിപ്പിച്ചു് മനുഷ്യനെ യഥാൎത്ഥ മനുഷ്യനാക്കിത്തീൎക്കുന്ന ദിവ്യൌഷധം.

അമരപീയൂഷം 24 ഔ. കുപ്പി 1-ക്കു വില 3 രൂ. 8 ണ.

N. B. ഇവിടെ രോഗികളെ നേരിട്ടു പരിശോധിച്ചു് ഔഷധം നിശ്ചയിച്ചു കൊടുക്കുന്നതു കൂടാതെ, സകലവിധ ആയുർവേദ ഔഷധങ്ങളും മിതമായ വിലയ്ക്കു കൊടുക്കപ്പെടും. അഗതികളായ രോഗികളെ ധൎമ്മമായി ചികിത്സിക്കുന്നതാണു്. കൂടുതൽ വിവരം അറിയണമെന്നുള്ളവർ രണ്ടണാ സ്റ്റാമ്പുസഹിതം മലയാളത്തിലോ, ഇംഗ്ലീഷിലോ, തമിഴിലോ ഉള്ള ക്യാററ്ലാഗിനു് ആവശ്യപ്പെടുക.

മാനേജിംഗ് പ്രൊപ്രൈറ്റർ,

എം. പി. കൃഷ്ണൻവൈദ്യർ,

ശ്രീകൃഷ്ണവിലാസം ആയുർവേദ ഫാർമസി &

ബ്രാഞ്ചു്:—പുത്തൻചന്ത, തിരുവനന്തപുരം. } ഗ്രാൻറു് ഇൻ എയിഡ് വൈദ്യശാല, കൊല്ലം.

ഇപ്പോൾ നടപ്പിലിരിക്കുന്നതും, പ്രൌഢങ്ങളുമായ

൨൦-ആട്ടക്കഥകളുടെ വ്യാഖ്യാനം

തയ്യാറായി.

വില രൂപാ ഒന്നേകാൽ.

ഭാസനും ബാലചരിതവും.

(ന്യായഭൂഷണം, കെ. കരുണാകരപ്പുതുവാൾ—ശിരോമണി)

മനുഷ്യന്റെ വികാരങ്ങളെ തട്ടിയുണർത്തുവാനും, ജീവിതത്തിലെ ഓരോ വശങ്ങളേയും വളരെ തന്മയത്വത്തോടുകൂടി വ്യക്തമാക്കുവാനും, നാടകത്തെപ്പോലെ മററു സാഹിത്യവിഭാഗങ്ങളെക്കൊണ്ടു സാദ്ധ്യമാകുമെന്നു തോന്നുന്നില്ല അതുകൊണ്ടുതന്നെയാണ് "കാവ്യേഷു നാടകം രമ്യം" "നാടകാന്തം കവിത്വം" എന്നുംമററുമുള്ള മഹദ്വാക്യങ്ങൾ ഉണ്ടായതു്. ഈ നാടകപ്രസ്ഥാനം യവനന്മാരിൽനിന്നു് ഭാരതീയർക്കോ, ഇന്ത്യക്കാരിൽനിന്നു ഗ്രീക്കുകാർക്കോ കിട്ടിയതെന്ന കാര്യത്തിൽ നമുക്കു ചിന്തിച്ചിട്ടാവശ്യമില്ല. നാടകത്തെപ്പററിയുള്ള നിയമങ്ങളും, രസാവിഷ്കരണത്തിലുള്ള നിഷ്കർഷയും മററും കാണുമ്പോൾ ഭാരതീയരോളം മററുള്ളവർ പുരോഗമിച്ചിട്ടില്ലെന്നുള്ളതു് ഏവരും സമ്മതിക്കുന്ന സംഗതിയാണ്. സംസ്കൃതസാഹിത്യത്തിൽ സഹൃദയാവർജ്ജകങ്ങളായ പലേ നാടകങ്ങളുമുള്ളതിൽ ഒട്ടുംതന്നെ അപ്രധാനമല്ലാത്ത സ്ഥാനം പ്രസ്തുത ബാലചരിതത്തിനു കല്പിക്കാം.

ഭാസൻ:—കാളിദാസൻ ബാണൻ മുതലായ മഹാകവികളാൽക്കൂടി പുകഴ്ത്തപ്പെട്ട ഭാസനാണ് ഈ നാടകത്തിന്റെ രചയിതാവ്. കാളിദാസന്റെ കാലം ബി. സി. ഒന്നാംനൂററാണ്ടുവരെ എത്തിക്കാനാണ് ഇപ്പോൾ പണ്ഡിതന്മാരുടെ ശ്രമം. ഏതായാലും കാളിദാസന്റെ മാർഗ്ഗദർശിയായിരുന്ന ഭാസന്റെ കാലം ക്രിസ്തുവിനു മുമ്പാണ് എന്നതു തീർച്ചതന്നെയാണ്. വാല്മീകി ആദികവിയായതുപോലെയും, വ്യാസൻ ആദിപുരാണകർത്താവായതുപോലെയും, ഭാസൻ ആദിനാടകകർത്താവാകുന്നു! അദ്ദേഹം ബി. സി. 700-നും, 800-നും മദ്ധ്യത്തിൽ ജീവിച്ചിരുന്നു. പാണിനി മുതലായ വൈയാകരണന്മാരെക്കാൾ വളരെ പൂർവ്വികനാണ് ഭാസൻ എന്നുള്ളതിലേക്ക് വ്യാകരണവിരുദ്ധങ്ങളായ പ്രയോഗങ്ങൾ ലക്ഷ്യങ്ങളാണ്. ഭരതമുനിയുടെ നാട്യശാസ്ത്രലക്ഷണങ്ങൾ അനുസരിക്കാത്തതിനാൽ അദ്ദേഹം നാട്യശാസ്ത്രകാലത്തിനുമുമ്പു ജീവിച്ചിരുന്നു. അന്നു സംസ്കൃതം സംസാരഭാഷയായിരുന്നുവെന്നും മററും മഹാമഹോപാദ്ധ്യായൻ ഗണപതിശാസ്ത്രികൾ സയുക്തികം സ്ഥാപിക്കുന്നു. "ശാസ്ത്രികൾ പറയുന്ന നാടകങ്ങളുടെ രചയിതാവല്ല ഭാസൻ. അദ്ദേഹത്തിന്റെ കൃതികൾ നമുക്കു കിട്ടിയിട്ടില്ല. ഇപ്പോൾ കിട്ടിയിട്ടുള്ളവ മററു ചിലരുടെ കപോലകല്പിതങ്ങളാണ്" എന്നുംമററും ഡാക്ടർ ബാറൻറ് മുതലായ പണ്ഡിതന്മാരും വാദിക്കുന്നു. എന്തെങ്കിലുമാകട്ടെ, നമുക്കു പ്രകൃതമനുസരിക്കാം. ഭാസൻ ഒരു കവിയായിരുന്നുവെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ കൃതികളായി സ്വപ്നവാസവദത്തം, പ്രതിജ്ഞായൗഗന്ധരായണം, പ്രതിമാനാടകം, വിച്ഛിന്നാഭിഷേകം മുതലായി പലതും പ്രസിദ്ധീകരിച്ചുവരുന്നുണ്ട

ല്ലോ. നാന്ദി, ഭരതവാക്യം, സ്ഥാപനംമുതലായ നാടകാന്തർഗ്ഗതവസ്തുക്കൾക്കു അത്യധികം സാദൃശ്യംകാണുന്നതിലാണു് ഇവ ഭാസന്റേതാണെന്നു ശാസ്ത്രികൾ പറയുന്നതു്. ആവകയുക്തികൾകൊണ്ടു നോക്കുകയാണെങ്കിൽ 'ബാലചരിത'വും ഭാസന്റേതാണെന്നു സ്വീകരിക്കാം. മററുനാടകങ്ങൾ അദ്ദേഹത്തിന്റേതായി കിട്ടുന്നതുവരെ ഇവ ഭാസന്റേതാണെന്നു നമുക്കു വിശ്വസിക്കുന്നതിൽ അസാംഗത്യമൊന്നുമില്ല. കഥാഘടന, പാത്രസൃഷ്ടി, രസപരിപുഷ്ടി മുതലായ നാടകഗുണങ്ങൾ ഈ കൃതികളിലും കാണുന്നതിനാൽ ഏതോ ഒരു മഹാകവിയുടെ പ്രതിഭാവിലാസം ഇവയിൽപ്രതിഫലിച്ചിട്ടുണ്ടെന്നതു തീർച്ചതന്നെ. അദ്ദേഹം ഭാസനായാലും വേണ്ടതില്ല, മററാരായാലും വേണ്ടതില്ല.

കഥാവസ്തു:—ശ്രീകൃഷ്ണന്റെ ജന്മംമുതൽ കംസവധംവരെയുള്ള ചരിത്രമാണു് ഇതിലെ പ്രതിപാദ്യം. ഭാസന്റെ തൂലിക ഭാഗവതകഥയിൽനിന്നു പുതിയ ഒരു സരണിയിൽക്കൂടി ചിലപ്പോൾ പോകുന്നുണ്ടു്. കംസനിൽനിന്നു രക്ഷിക്കുവാൻവേണ്ടി, ജനിച്ചയുടനേതന്നെ കുട്ടിയെ ഉപേക്ഷിക്കുവാൻ നിശ്ചയിച്ചു് വസുദേവൻ ഗോപന്മാരുടെ തെരുവിന്റെ അടുക്കൽ എത്തുന്നു. ആ സമയം അമ്പാടിയിൽ യശോദ ജീവനില്ലാത്ത കുട്ടിയെ പ്രസവിക്കുകയും, പിറേറദിവസം അവിടെ ഉത്സവംനടക്കുന്നതിനാൽ ആ ദുഃഖവാർത്ത ആരെയും അറിയിക്കാതെ, നന്ദഗോപൻ കുട്ടിയെ കളയുവാൻ വരുമ്പോൾ വസുദേവനെ കണ്ടുമുട്ടുകയും ചെയ്യുന്നു. മരിച്ച കുട്ടിയെക്കളഞ്ഞു തന്റെമകനെ സ്വീകരിക്കുവാൻ വസുദേവൻ ഉപദേശിക്കുന്നു. പക്ഷെ കംസനെപ്പേടിച്ചു് ആദ്യം വിസമ്മതിച്ചുവെങ്കിലും ഒടുക്കം കൃഷ്ണനെ സ്വീകരിക്കുന്നു. നന്ദഗോപൻ പോയസമയം മരിച്ച ബാലിക കരയുകയും കംസനെ വഞ്ചിക്കാമെന്നുദ്ദേശിച്ചു് വസുദേവൻ ആ കുട്ടിയെ എടുത്തു ദേവകിയുടെ അടുക്കലേക്കു പോകുകയുംചെയ്യുന്നു." ഈ ഭാഗത്തിന്നു പുരാണകഥയേക്കാൾ എത്ര അധികം സംഭാവ്യതയുണ്ടു്? കംസന്റെ ആദേശപ്രകാരം വസുദേവൻ ഒരിക്കൽ നന്ദഗോപനെ അടിക്കുകയും, ചങ്ങലയ്ക്കിടുകയും ചെയ്തതായി കവി പറയുന്നുണ്ടു്. കാരണമെന്തെന്നു വ്യക്തമാകുന്നുമില്ല. ശ്രീകൃഷ്ണന്റെ ജനനത്തെ അറിയിക്കുന്നതിനും കംസവധാനന്തരം നന്ദിപറയുന്നതിനും നാരദനെ പ്രവേശിപ്പിക്കുന്നു. പൂതനാവധം, കേശീവധം മുതലായി പലതും "പ്രവേശകം"കൊണ്ടു നിർവ്വഹിക്കുന്നു. കാളിയമർദ്ദനവും, അരിഷ്ടർഷഭവധവും, പാത്രപ്രവേശംകൊണ്ടുതന്നെ കാണിക്കുന്നു. ഗരുഡൻ മുതലായ വിഷ്ണുവിന്റെ സഹായികളേയും, 'മനോജവൻ' മുതലായി ദേവീസഹായികളേയും; ശാപത്തെയും 'ജ്യേഷ്ഠ' പരിജനത്തേയും ആകൃതിയിൽ പ്രവേശിപ്പിക്കുന്നുണ്ടു്—മററുഭാഗങ്ങളിൽ വലിയ വ്യത്യാസമൊന്നും ചെയ്തിട്ടില്ല. കഥാവസ്തു വളരെ സരസമായിട്ടുണ്ടു്.

കേരളവും ബാലചരിതവും:—ഭാസന്റെ ഇന്നുകാണുന്ന നാടകങ്ങൾക്കും, കേരളത്തിന്നുംതമ്മിൽ ശാശ്വതികമായ ബന്ധമുണ്ടു്. വീരാരാധനയിൽനിന്നായിരിക്കണം അഭിനയകലയുടെ ഉത്ഭവം. കേരളത്തിലെ കലകൾക്കു വിദേശീയകലകളുമായി വിദൂരസാജാത്യംമാത്രമേയുള്ളു. വളരെ പ്രാചീനകാലംമുതൽക്കുതന്നെ കേരളത്തിൽ സ്ഥിരപ്രതിഷ്ഠയെ നേടിയതാണു്

ചാക്യാന്മാരുടെ അഭിനയകല. നാടകങ്ങളെ അഭിനയിക്കുവാനുള്ള ചുമതല അവരുടേതായിരുന്നുവല്ലോ. അവയുടെ അഭിനയക്രമങ്ങളും, ചടങ്ങുകളും അവരുടെ സ്വകാര്യസ്വത്തായിട്ടാണല്ലോ ഇന്നും കാണപ്പെടുന്നത്. ഭാസന്റെ നാടകങ്ങളിൽ വിച്ഛിന്നാഭിഷേകം, പ്രതിജ്ഞായൗഗന്ധരായണം മുതലായത് ഇന്നും അവർ അഭിനയിച്ചുവരുന്നുണ്ട്. ഭാസന്റേതെന്നുപറയുന്നവയിൽപലതും അവരുടെഗൃഹങ്ങളിൽനിന്നാണുകണ്ടുകിട്ടിയിട്ടുള്ളത്. 'ബാലചരിതം'ആ തരത്തിൽ അഭിനയിച്ചിരുന്നു എന്ന് ഊഹിക്കാൻ വഴിയുണ്ട്. ചാക്യാന്മാരുടെ ആദ്യത്തെ രംഗപ്രവേശം അഥവാ 'അരങ്ങുകയററം'—എന്ന ക്രിയയ്ക്കു് "ശംഖക്ഷീരവപുഃപുരാകൃതയുഗേ" എന്ന ബാലചരിതത്തിലെ ആദ്യശ്ലോകം ചൊല്ലിയാടുന്നതായി കാണുന്നു. ബാക്കി ഭാഗങ്ങൾ നടിക്കേണ്ട ക്രമം അവരുടെ ഗ്രന്ഥങ്ങളിൽ വിശദീകരിച്ചിട്ടുണ്ടോ എന്നു സംശയമാണ്. മററു നാടകങ്ങളിൽതന്നെ കുറച്ചുഭാഗങ്ങൾ മാത്രമേ അഭിനയിക്കാറുള്ളു. അതുപോലെ ബാലചരിതവും കുറച്ചുഭാഗം മാത്രമേ അഭിനയിച്ചിരുന്നുള്ളു എന്നുവരാം. ഒരുപക്ഷെ, മുഴുവൻ അഭിനയിച്ചിരുന്നു എന്നും, കാലചക്രത്തിന്റെ ഭ്രമണത്തിൽ പല കലകളും അതിനടിയിൽ അന്തർദ്ധാനംചെയ്യുന്നതുപോലെ ഇതും മറഞ്ഞതായിരിക്കാം എന്നു വിശ്വസിക്കുന്നതിന്നും വഴിയുണ്ട്. 'ബാലചരിത'ത്തിന്നും മററു ഭാസനാടകങ്ങൾക്കും കേരളത്തിലെപ്പോലെ മററാരിടത്തു പ്രചുരപ്രചാരം ഉണ്ടായിരുന്നില്ല എന്നതു നിർവ്വിവാദമാണ്.

കവിതാശൈലി.—കവിതാകാമിനിയുടെ 'ഹാസ'മാണ് ഭാസൻ എന്നാണു കവികൾ അദ്ദേഹത്തെ പുകഴ്ത്തുന്നത്. ഹാസം, സ്വാഭാവികവും, ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നുവരുന്നതും, ആകുമ്പോൾഎത്ര മനോഹരതയുണ്ടോ അത്ര മനോഹരവും, അകൃത്രിമവുമാണ് ഭാസകവിത. ഗഹനങ്ങളായ ഉൽപ്രേക്ഷകൾകൊണ്ടോ, ക്ലിഷ്ടശ്ലേഷകല്പനകൾകൊണ്ടോ, ചമല്ക്കാരമില്ലാത്ത അതിശയോക്തികൾകൊണ്ടോ യമകാദിചക്രഭ്രമണംകൊണ്ടോ "അമ്മാന"മാടുന്ന കൃത്രിമസ്വഭാവം ഭാസന്റെ കവിതയിൽ എവിടെ നോക്കിയാലും കണ്ടുകിട്ടുവാൻ പ്രയാസമായിരിക്കും. നാടകത്തിൽ ഗദ്യഭാഗങ്ങളും പദ്യങ്ങളും പാത്രങ്ങൾക്കു സമുചിതമായ രീതിയിൽ വാർത്തെടുക്കേണ്ടതാണ്. ആ വിഷയത്തിൽ പ്രസ്തുത കൃതി ഒട്ടും പിന്നോക്കമല്ല. പ്രസിദ്ധമായ "ലസതീവതമോംഗാനിവർഷതീവാഞ്ജനംനഭഃ" എന്ന പദ്യം വസുദേവൻ അന്ധകാരത്തെ വർണ്ണിക്കുന്നതാണ്. ഇതിൽ ഉൽപ്രേക്ഷയുടെ സ്വാരസ്യവും, സംസ്കൃതചിത്തനായ പാത്രത്തിന്നുള്ള യോജിപ്പും എത്ര ഹൃദയാവർജ്ജകമായിരിക്കുന്നു. അതുപോലെ,

ദുർദ്ദിനവിനഷ്ടജ്യോൽസ്നാരാത്രിർവ്വർത്തതേ
നിമീലിതാകാരാ
സംപ്രാവൃതപ്രസുപ്താ നീലനിവസനാ
യഥാഗോപീ"

എന്നനന്ദഗോപന്റെ വർണ്ണനയും നോക്കുക. കറുത്ത കരിമ്പടംകൊണ്ടു് നല്ലവണ്ണം പുതച്ചുകിടക്കുന്ന ഗോപസ്ത്രീയോടു് ഇരുട്ടുനിറഞ്ഞ രാത്രിയെ വർണ്ണിച്ചിരിക്കുന്നു. ഇതിലധികം ഒരു 'ഇടയൻ' എങ്ങനെ വർണ്ണിക്കും. ഇങ്ങനെ രസത്തിന്നും, പാത്രങ്ങൾക്കും, സന്ദർഭത്തിന്നും, ഏററവും യോജിച്ചതരത്തിൽ അശ്ലിഷ്ടശൈ

ലിയിൽ കവിതയെഴുതുവാൻ മററുകവികൾക്ക 'ഭഗീരഥപ്രയത്നം'കൊണ്ടും സാദ്ധ്യമല്ല.

“ഗദ്യംകവീനാം നികഷംവദന്തി” എന്ന മഹദുക്തിയുടെ യാഥാർത്ഥ്യം അറിയേണമെങ്കിൽ പ്രസ്തുത കവിയുടെ സംഭാഷണരീതിയിൽ ഒന്നു കണ്ണോടിച്ചാൽമതി. സമാസബാഹുല്യവും, വർണ്ണനാകോലാഹലങ്ങളും ഇദ്ദേഹത്തിൻെറ കവിതയിൽ സ്ഥലംപിടിച്ചിട്ടില്ല. അർത്ഥഗർഭവും, മിതവുമായ രീതിയിലുള്ള ബാലചരിതത്തിലെ ഗദ്യശകലങ്ങൾ ഇതിനു ദൃഷ്ടാന്തമാണു്. വിസ്തരഭയത്താൽ ഇവിടെ ഉദാഹരിക്കുന്നില്ല. കവിതയുടെ 'മർമ്മം' മനസ്സിലാക്കിയ മഹാകവികളിൽ ഒന്നാംസ്ഥാനം ഭാസനു കൊടുക്കുവാൻ സഹൃദയന്മാർ സശിരഃകമ്പം സമ്മതിക്കുന്നതാണു്.

പാത്രസൃഷ്ടി:—രസത്തിനും, പ്രകൃതത്തിനും യോജിച്ചവിധം പാത്രങ്ങളെ സൃഷ്ടിക്കുന്നതിലാണു് നാടകകൃത്തുകൾ വിജയിക്കുന്നതു്. ബാലചരിതത്തിൽ നായകൻ ശ്രീകൃഷ്ണനാണല്ലോ. 'ഹല്ലീസകം' എന്ന ക്രീഡയ്ക്കു ഒരുങ്ങിയവനായിട്ടാണു് അദ്ദേഹത്തെ പ്രവേശിപ്പിക്കുന്നതു്. പൂതനാമോക്ഷം മുതലായ ഭാഗം അഭിനയിക്കുവാനുള്ള വൈഷമ്യം മനസ്സിലാക്കിയ കവി 'വൃദ്ധഗോപാലകൻ' മുഖാന്തിരം 'കഥാപ്രസംഗത്താൽ കാര്യം നിർവ്വഹിക്കുന്നു—എങ്കിലും 'കഥ' കുറച്ചു നീണ്ടുപോയില്ലേ? 'നാരദ'ൻെറ ആത്മവർണ്ണന അധികമായില്ലേ? 'ശംഖചക്രാദി'കളുടേയും, 'മനോജവ'ൻ മുതലായവരുടേയും പ്രവേശംകൊണ്ടു് പ്രയോജനം എന്തു്? 'കാളിയൻ' സർപ്പമാണെങ്കിൽ സംസാരിക്കുമോ? 'ശാപ'ത്തിനു നടക്കുവാനും ഭയപ്പെടുത്താനും ഒക്കുമോ? എന്നും മററുമുള്ള അസംഭാവ്യതയും അനൗചിത്യവും ചിലപ്പോൾ സഹൃദയരെ നെററിചുളിപ്പിച്ചേക്കാം—പക്ഷേ 'സിനിമ' ലോകത്തിൽ ആഹ്ലാദിക്കുന്ന ഇന്നത്തെ പണ്ഡിതന്മാരും, പാമരന്മാരും സന്തോഷിക്കുകയും, ഈ തരത്തിൽ കഥാപാത്രങ്ങളെ ഇണക്കിയതിനു കവിയെ അഭിനന്ദിക്കുകയും ചെയ്യുമെന്നതിനു സംശയമില്ല. 'വസുദേവൻ' ദേവകി, കംസൻ മുതലായ പാത്രങ്ങളെ സ്നേഹം, മാതൃഭാവം, അഹങ്കാരം മുതലായവയ്ക്കു 'മൂർത്തീഭാവം' വരുത്തുവാൻ കവി നിഷ്കർഷിച്ചിട്ടുണ്ടു്. കംസനെ കൊന്ന സന്തോഷത്താൽ 'ഉഗ്രസേന'നെ പ്രവേശിപ്പിച്ചതും വളരെ നന്നായിട്ടുണ്ടു്. ആകപ്പാടെ 'പാത്രരചന' തരക്കേടില്ല എന്നു പറയാം.—

രംഗവിധാനം മുതലായവ:—രസം, പാത്രങ്ങൾ മുതലായവയെപ്പോലെ രംഗങ്ങളും സാമാജികരെ ഏററവും രസിപ്പിക്കുന്നതും, വികാരോത്തേജകങ്ങളുമാണല്ലോ. നാടകത്തിൽ 'സിനിമ'പോലെ ആകാശത്തിൽ നിന്നു പറക്കുവാനും, കാളിന്ദിയെ രണ്ടായി തിരിച്ചുകാണിപ്പാനും പ്രയാസമാണു്. ആ വിഷയത്തിൽ 'ബാലചരിതം' 'ചില വിട്ടുവീഴ്ചകൾ' ചെയ്യാമെങ്കിൽ തരക്കേടില്ല. 'ഭാസനും' ഈ വിഷയത്തിൽ കഴിയുന്നതും മനസ്സിരുത്തീട്ടുണ്ടു്. നല്ലവണ്ണം മിനുക്കുവാൻ സമർത്ഥനായ കവി നാരദനെ ആകാശത്തിൽ പ്രവേശിപ്പിച്ചതു് എന്തിനാണു്? ആവോ? ആത്മഗതം, ജനാന്തികം മുതലായി സംസ്കൃതനാടകത്തിൽ ധാരാളമായ പലതും ബാലചരിതത്തിൽ വളരെ കുറച്ചുമാത്രമേ കാണുവാൻ സാധിക്കയുള്ളു. നാലാളുകൾ രംഗത്തിൽ ഉള്ളപ്പോൾ രണ്ടുപേർമാത്രം അറിയേണ്ടുന്ന കാര്യങ്ങൾ പ

റയേണ്ടതായിവരും. പക്ഷെ സാമാജികർ കേൾക്കുവാൻ ഉറക്കെ പറകയുംവേണം. കവി, കഴങ്ങുകയേ നിവൃത്തിയുള്ളു എങ്കിലും സമർത്ഥന്മാൎക്കു കഴിയുന്നതും കുറയ്ക്കുവാൻ സാധിക്കുമെന്നു ബാലചരിതം പഠിപ്പിക്കുന്നുണ്ടു്.

ഉപസംഹാരം:—മനുഷ്യന്റെ ബാല്യകാലസ്മരണകളെ തട്ടിയുണൎത്തുന്നതിനും, ശ്രീകൃഷ്ണന്റെ ബാലക്രീഡകളെ തന്മയത്വത്തോടെ ആസ്വദിപ്പിക്കുന്നതിനും 'കൃഷ്ണനാട്ടം' മുതലായി അല്പം ചില അഭിനേയകാവ്യങ്ങളുള്ളതിൽ അഗ്രിമസ്ഥാനം ബാലചരിതത്തിനു് നൽകാമെന്നു സഹൃദയന്മാർ ഐകകണ്ഠ്യേന സമ്മതിക്കുന്നതാണു്.

നായകൻ, രസം, ശാസ്ത്രീയലംഘനം, നാടകവാദം മുതലായി പലതും പ്രകൃതത്തിൽ നിരൂപിക്കാനുണ്ടെങ്കിലും അതു മറ്റൊരവസരത്തിലേക്കു നീക്കിവെച്ചു തല്ക്കാലം ഉപസംഹരിച്ചുകൊള്ളുന്നു.

അറിയിപ്പ്.

"ഗോപാൽസോപ്പ്"

"ലക്ഷ്മിസോപ്പ്"

എന്നീ നാമത്തിൽ നടത്തിവന്നിരുന്ന സോപ്പ്‌വ്യവസായം യുദ്ധപരിതസ്ഥിതിമൂലം ഏതാണ്ടു നാലുകൊല്ലക്കാലം നിറുത്തിവച്ചിരുന്നു. വീണ്ടും ടി വ്യവസായം പൊതുജനങ്ങൾക്കു് ഉപയോഗപ്രദമായ രീതിയിൽ ആരംഭിച്ചിരിക്കുന്നു. മുൻപു ലഭിച്ചതുപോലെയുള്ള സഹായസഹകരണങ്ങൾ പൊതുജനങ്ങളിൽനിന്നും കച്ചവടക്കാരിൽനിന്നും ലഭിക്കുമെന്നു് പരിപൂൎണ്ണമായി വിശ്വസിക്കുന്നു.

ആർ. സുബ്രഹ്മണ്യം
മാനേജർ
ശ്രീ ഗോപാൽ ഇങ്ക്‌വർക്സ് & ഇൻഡസ്ട്രിയൽസ്,
പള്ളിത്തോട്ടം, കൊല്ലം.

ഉദ്ധാരണകല

(മൂർക്കോത്തു കുഞ്ഞപ്പ)

മംഗളോദയത്തിന്റെ മൂന്നൊരു ലക്കത്തിൽ "ലേഖകന്മാരോടു് ഒരപേക്ഷ" എന്ന തലക്കെട്ടിൽ "മിത്രൻ" ഇങ്ങിനെ എഴുതിയിരിക്കുന്നു:—

"മാന്യലേഖകന്മാർ അന്യഭാഷകളിൽനിന്നു് എന്തെങ്കിലും ഉദ്ധരിക്കുമ്പോൾ അതിന്റെ വിവർത്തനംകൂടി ചേർക്കുന്നതു ഇംഗ്ലീഷ് അറിയാത്തവർക്കു് ഉപകാരപ്രദമായിരിക്കും."

ഈ അഭിപ്രായം ആദരണീയമാണെന്നു മംഗളോദയം പത്രാധിപർ സംവദിക്കുന്നു. ഈ അപേക്ഷ സംസ്കൃതവിദ്വാന്മാരോടും ചെയ്യേണ്ടതാണെന്നു ഒരു മാന്യസ്നേഹിതൻ പറഞ്ഞതിനോടു ഞാനും സർവ്വാത്മനാ യോജിക്കുന്നു. സംസ്കൃതത്തിൽ അഗാധമായ പാണ്ഡിത്യമുള്ള ഉള്ളൂരും മററും സംസ്കൃതത്തിൽനിന്നു വല്ലതും ഉദ്ധരിച്ചെഴുതുമ്പോൾ അവർ അതിന്റെ സാരം മലയാളത്തിൽ കൊടുത്തുകാണുന്നതുകൊണ്ടു് തങ്ങൾ ഉദ്ധരിക്കുന്നതിന്റെ അർത്ഥം അറിയുന്നവരൊക്കെ അങ്ങിനെ ചെയ്യാതിരിക്കയില്ല എന്നാണു് എന്റെ സ്നേഹിതന്റെ അഭിപ്രായം. അതു മുഴുവനും വകവെച്ചുകൊടുക്കാൻ ഞാൻ ഒരുക്കമില്ലെങ്കിലും, ചിലർ ഉദ്ധാരണംചെയ്തിട്ടുള്ള സന്ദർഭങ്ങൾ ആലോചിക്കുമ്പോൾ കാര്യം ശരിയായി ഗ്രഹിക്കാത്തതുകൊണ്ടല്ലേ അവർ അങ്ങിനെ ചെയ്തതു് എന്നു് ഒന്നുരണ്ടു തവണ എനിക്കും തോന്നിപ്പോയിട്ടുണ്ടു്. ഉദ്ധരിച്ച അഭിപ്രായത്തിന്റെ വാക്യാർത്ഥം മനസ്സിലായിട്ടുണ്ടായിരിക്കാം. പക്ഷെ ധ്വനിയും ആന്തരവും ഉദ്ധരിച്ച വിദ്വാനു് പിടി കിട്ടീട്ടില്ല. എന്നു വായനക്കാരനു തോന്നുന്ന ഘട്ടങ്ങൾ ആദ്യം പറഞ്ഞതിനേക്കാളും സുലഭമാണു്: അഭിപ്രായങ്ങളെ പ്രമാണങ്ങളാക്കി കരുതി ഉദ്ധരിക്കുന്നവർ അതിലും കൂടുതൽ സംഖ്യ കാണും. വാക്കിനു വാക്കായി തർജ്ജിമചെയ്താൽ ഒരു വാചകം എഴുതിയ ഭാഷയിലുള്ള അർത്ഥമല്ല, അതിനു തർജ്ജിമഭാഷയിൽ ഉണ്ടായിത്തീരുകയെന്നു മനസ്സിലാകാത്തവർ ഇതിലെല്ലാററിലും കൂടുതലാണുതാനും.

ശരിയായി ഉപയോഗിച്ചാൽ, സന്ദർഭാനുസരണം പ്രയോഗിച്ചാൽ ഉദ്ധാരണങ്ങൾ ലേഖനത്തിനു് അർത്ഥപുഷ്ടി നൽകുമെന്നു മാത്രമല്ല, അതിന്റെ കൌതുകം വർദ്ധിപ്പിക്കുകയും അതിനെ ആകർഷണീയമാക്കുകയും ചെയ്യുമെന്നു് അല്പം ആലോചിച്ചാൽ ആർക്കും ബോദ്ധ്യമാവുന്ന ഒരു പരമാർത്ഥമാണു്. അഞ്ചെട്ടു പേജിലോ, പത്തുപന്ത്രണ്ടു കോളത്തിലോ പരന്നുകിടക്കുന്ന ഗദ്യത്തിൽ അവിടവിടെയായി ചില ശ്ലോകങ്ങൾ ഉണ്ടാവുന്നതു മരുഭൂമിയിൽ ജലാശയങ്ങൾപോലെ കണ്ണിനു കുളിർമ നൽകുന്നതാണു്. ശ്ലോകങ്ങൾ ഉള്ള ഒരു ലേഖനവും, ഇല്ലാത്ത ഒരു ലേഖനവുമായി താരതമ്യപ്പെടുത്തി നോക്കിയാൽ, ശ്ലോകങ്ങളുള്ള

തായിരിക്കും ആദ്യം വായിക്കുവാൻ തോന്നുക. സാഹിത്യം പുരാതനകാലംമുതല്ക്കേ ഒരു ശ്രാവ്യകലയായിരുന്നു. ഇന്നും ശ്രവണസുഖം അതിന്നു് ഒഴിച്ചുകൂടാത്ത ഒരു കാൎയ്യമാണു്. എന്നിരുന്നാലും ജനങ്ങൾ ഇന്നു സാഹിത്യം പുസ്തകങ്ങളിൽ നോക്കി വായിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് അതു ആദ്യം കണ്ണിനെ ആകൎഷിക്കണം. ഈ തത്വം ശരിയായി മനസ്സിലാക്കീട്ടാണു് പത്രക്കാർ ദീൎഘലേഖനങ്ങളെ പല ഖണ്ഡങ്ങളായി പിരിച്ചു് ഓരോന്നിന്നും രസകരങ്ങളായ തലവാചകങ്ങൾ അഥവാ ഉപതലവാചകങ്ങൾ കൊടുക്കുന്നതു്. വേറെയും പല വിധത്തിലും പത്രക്കാർ പത്രത്തെ കണ്ണിന്നു ആകൎഷണീയമാക്കുവാൻ ശ്രമിക്കാറുണ്ടു്. മലയാളത്തിലെ വിവിധപത്രങ്ങളെ കാണുവാൻ തരമുള്ള ഒരാൾക്കു് ഇക്കാൎയ്യത്തിൽ അവയോരോന്നും എത്രത്തോളം വിജയം പ്രാപിച്ചിട്ടുണ്ടെന്നു് താരതമ്യപ്പെടുത്തുവാൻ സാധിക്കും. അതിവിനോദകരമായ ആ കൃത്യം ചെയ്യാൻ ദൂരദേശത്തിൽ പ്രവാസംചെയ്യുന്ന അസ്മാദൃശൎക്കു നിവൃത്തിയില്ല.

ഇതൊക്കെ കച്ചവടസംബന്ധമായി പത്രങ്ങൾ വില്ക്കുവാനുള്ള മത്സരത്തിൽനിന്നു ആരംഭിച്ചതാണെങ്കിലും യഥാൎത്ഥകലയിലും അതു കടന്നുതുടങ്ങീട്ടുണ്ടു്. ചെറുകഥയിൽ സംഭാഷണം ഉണ്ടായാൽ അതു സംഭാഷണമില്ലാത്ത കഥയേക്കാൾ കൗതുകം ജനിപ്പിക്കുമെന്നു എല്ലാവരും അറിയുന്നതാണു്. അഞ്ചിൽ ഒരുഓഹരി കണ്ടു സംഭാഷണമുണ്ടാവുന്നതായിരിക്കും ദൃശ്യഗുണത്തെ സംബന്ധിച്ചിടത്തോളം ഉത്തമം എന്നാണു് പ്രസിദ്ധപ്പെട്ട പത്രാധിപന്മാരുടെ മതം. കവിതയുടെ ദൈൎഘ്യം മാത്രമല്ല ആകൃതികൂടി കണ്ണിന്നു കൗതുകം ജ-നിപ്പിക്കണം എന്നുള്ള പക്ഷക്കാരാണു് വരികളുടെ വലത്തെഅററങ്ങൾചേൎത്തു

ആശ്വാസം

(കെ. എൻ. വാഴവിള)

ആരെയോതേടിത്തേടിയിന്നെന്തിനോ
പാരിടത്തിൽ മരുവുകയാണുഞാൻ!...
...ഇന്നതിൻലക്ഷ്യമോരുകിൽ മാമക-
മഞ്ജുമാനസം കോൾമയിർക്കൊണ്ടിടും;
രമ്യമോഹന സങ്കല്പവാടിയി-
ലെന്മനഃഖഗം പാടിപ്പറന്നിടും;
പാവനത്വം തുളുമ്പുമഴകിലെൻ
ജീവൻ വിശ്രമമേൾക്കാൻ കൊതിച്ചിടും;
...ഈവിധമെത്രകാലം രഹസ്യമായ്
ജീവിതം ഞാനൊളിച്ചുവച്ചീടണം?
ആനന്ദത്തിൻ പുതുമ ദർശിക്കുവാ-
നാദർശമെന്തു ഞാൻഗ്രഹിച്ചീടണം;
എങ്കിലുമിന്നുകാൺമുഞാൻ; ജീവിത-
പ്പൊന്മുകുരത്തിലാസന്നഭാവികാൾ!

ഇന്നുമെൻജീവനാരെയോതേടി; ഹാ!
ഖിന്നതയൊത്തുനില്ക്കുന്നു മൂകമായ്;
എന്നാലുമൊരുതോന്നൽ;—ഞാനാരെയോ
യെന്നോവിട്ടുപിരിഞ്ഞുപോയെന്നതായ്;
കണ്ടുകിട്ടിയില്ലിന്നോളമെങ്ങുമേ-
യിണ്ടലാൽ ഞാൻ തെരഞ്ഞുനടക്കിലും;
...എന്നിനിക്കണ്ടെന്നാശ്വസിച്ചീടുമാ-
സുന്ദരതേജസ്സാന്ദ്രരൂപത്തെ ഞാൻ!!
—ആരെയോതേടിത്തേടിയിന്നെന്തിനോ
പാരിടത്തിൽ മരുവുകയാണുഞാൻ?

ഒരു വരവരച്ചാൽ ബി എന്നും മററുമുള്ള ആകൃതിയുണ്ടായിത്തീരുന്ന കവിതയെഴുതുന്നതു്. ഇതു കവിതക്കസർത്തുകളിക്കുന്നവരല്ല, യഥാർത്ഥ വാസനയുള്ളവർതന്നെ ചെയ്യുന്നതാണു്. പണ്ടു രാമായണവും ഭാരതവുമൊക്കെ ഗദ്യംപോലെതന്നെ അച്ചടിച്ചിരുന്ന സമ്പ്രദായം നമ്മൾ ഭേദപ്പെടുത്തിയതും അതേകാരണംകൊണ്ടുതന്നെയാണു്. സർവ്വബന്ധവും, വിശേഷാൽപ്രതികളിലെങ്കിലും കാണുവാൻ ഈയുള്ളവനു് ആഗ്രഹം ജനിക്കാറുണ്ടു്.

ഇതുവരെ പറഞ്ഞതു കേവലം ബാഹ്യമായ ഒരു കാര്യമാണു്. ഉദ്ധരിക്കുന്നതിൻെറ ഉദ്ദേശത്തിന്നനുസരിച്ചും ഉദ്ധാരണത്തിൻെറ ചമൽക്കാരത്തിന്നു ഏററക്കുറവുണ്ടാകും. ബാണഭട്ടൻെറയൊ, മാത്യൂആർനോൾഡിൻെറയോ പേർകേട്ടാൽപിന്നെഅവർ പറഞ്ഞതാണെന്നു അറിയപ്പെടുന്ന അഭിപ്രായത്തോടു എല്ലാവരും സ്വയമേവ യോജിച്ചുകൊള്ളേണ്ടതാണെന്നുള്ള ധാരണകൊണ്ടു് അവർ പറയുന്നതു ഉദ്ധരിക്കാം. നമുക്കു പറയാനുള്ളതു നമുക്കു പറയുവാൻ സാധിക്കുന്നതിലും എത്രയോ ഭംഗിയായി ആ മഹാന്മാർ പറഞ്ഞിട്ടുള്ളതുകൊണ്ടു് അവരുടെ വാക്യങ്ങൾ ഉദ്ധരിക്കാം. നമുക്കു പറയാനുള്ള പലകാര്യങ്ങളും അടങ്ങിയ സൂക്തരൂപത്തിലുള്ള വാക്യങ്ങളും ഉദ്ധരിക്കാം. ഉത്തമമായ മാർഗ്ഗം ഏതേതാണെന്നു എഴുതുന്നവർതന്നെ നിർണ്ണയിക്കേണ്ടതാണു്.

സൂക്തങ്ങളോടടുക്കുമ്പോൾ അർത്ഥംപറയേണ്ടുന്ന ആവശ്യം ക്രമേണക്കൂടി വർദ്ധിക്കുന്നു. വാക്യാർത്ഥമോ, അന്വയാർത്ഥമോ, വെറും വ്യാഖ്യാനമോ, ഉദാഹരണസഹിതമുള്ള വ്യാഖ്യാനമോ ഏതാണു വേണ്ടതെന്നു സന്ദർഭംകൊണ്ടുമാത്രമേ തീർച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. വ്യാഖ്യാനം ഉദാഹരണത്തിൻെറ ശേഷമായിട്ടാണു സാധാരണയായി ചേർത്തുകാണുന്നതെങ്കിലും, ചാതുര്യത്തോടുകൂടി പ്രയോഗിച്ചാൽ ഉദാഹരണസഹിതമായ വ്യാഖ്യാനം കഴിച്ചതിന്നുശേഷം ഒരു വാക്യം ഉദ്ധരിച്ചുകാണുന്നതിന്നു് ഒരു രസം വേറെതന്നെയാണു്. നിങ്ങളുടെയും നിങ്ങളുടെ പരിചയക്കാരുടെയും നിത്യേനയുള്ള അനുഭവങ്ങളെ വിവരിച്ചു, അതിൽനിന്നുളവാകുന്ന അഭിപ്രായം പറഞ്ഞതിന്നുശേഷം:—

വെറുതെയാണോ മഹാകവി ഉള്ളൂർ—
“പെണ്ണിന്നോരെണ്ണത്തെ സൃഷ്ടിച്ചി-
ട്ടില്ലയൊ
പെണ്ണിലും പെണ്ണാക്കിപ്പൂരുഷനെ”—

എന്നുപാടിയതു്?—എന്നിങ്ങനെ ഖണ്ഡിക അവസാനിപ്പിക്കാം. ഉള്ളൂരിൻെറ ഈരടി ആദ്യം ചേർക്കാതെ ഒടുവിൽ ചെലുത്തിയതിനാൽ ചെറുകഥയിൽ പരിണാമഗുപ്തികൊണ്ടു സാധിക്കുന്ന ആകർഷണീയതതന്നെയാണു് ലേഖകനും സാധിക്കുന്നതു്. പരിണാമഗുപ്തി കഥാകൃത്തുക്കളുടെ സ്വകാര്യസ്വത്തൊന്നും അല്ലല്ലോ.

ആരുടെ വാക്യമാണു ഉദ്ധരിച്ചതു് എന്നു പറയുകയോ പറയാതിരിക്കുകയോ വേണ്ടതു് എന്നുള്ള പ്രശ്നവും ചിന്തനീയമാണു്.

“ഭാവത്തിൻപരകോടിയിൽസ്വയമ-
ഭാവത്തിൻ സ്വഭാവംവരാം.”

എന്ന വരി എടുത്തെഴുതി അതിൻെറ കർത്താവിൻെറ പേർ പറയാതിരിക്കുന്നതു

സാധാരണവായനക്കാരനെ അനാവശ്യമായി ബുദ്ധിമുട്ടിക്കുകയാണ്.

"കനകംമൂലം കാമിനിമൂലം"

എന്നെഴുതിയതു കുഞ്ചൻനമ്പ്യാരാണെന്നു വിളിച്ചുപറയുന്നതു സഹവായനക്കാരന്റെയും സാഹിത്യജ്ഞാനത്തെ അപമാനിക്കയാണ്. അത്ര അപ്രസിദ്ധവും, ഇത്ര സുപ്രസിദ്ധവുമല്ലാത്ത വരികൾ ഉദ്ധരിക്കുമ്പോഴാണ് കവിയുടെ പേരുപറയണോ പറയണ്ടയോ എന്നുള്ള ചോദ്യംവരുന്നതു്.

"വിശസനം സുഖികളെ വഞ്ചത-
രാക്കുന്നു"

എന്നുള്ള വരിയാണ് ഉദ്ധരിച്ചതെങ്കിൽ അവിടെ കവിയുടെ പേർ പറയുന്നതിന്നു വിരോധമില്ല; പറയണം എന്നു നിർബന്ധവുമില്ല. എന്നാൽ അങ്ങിനെയുള്ള ഇടങ്ങളിൽ കവിയുടെ പേർ പറയാതിരിക്കുന്നതു വായനക്കാരന്റെ ഓർമ്മശക്തിയെ വ്യംഗ്യമായി സ്തുതിക്കുകയാണ്. ആ വരിയുടെ ഉടമസ്ഥന്റെ പേർ ഓർമ്മിക്കുന്ന വായനക്കാരനും ലേഖകനും തമ്മിൽ ഒന്നു "കണ്ണടിച്ചും" കൊണ്ടു് —

"എന്താ ഓർമ്മയില്ലേ?"
"പിന്നെ ഓർമ്മയില്ലാതെയോ"

എന്നു് ഒരു ചോദ്യോത്തരം കഴിച്ചതിന്നു തുല്യമാണ് ആ മൗനമായ പ്രശംസ.

പൗരാണികമായ ഉപകഥകളെ സൂചിപ്പിക്കുമ്പോൾ നമ്മുടെ കവികൾ അനുസരിക്കാറുള്ള മാർഗ്ഗത്തെ സുപ്രസിദ്ധമായ കാവ്യങ്ങളിലെ വരികളെ സംബന്ധിച്ചും അംഗീകരിക്കാം എന്നേ മേൽപ്പറഞ്ഞതിൽ വിവക്ഷിച്ചിട്ടുള്ളു.

അഞ്ജനവർണ്ണനെ പ്രത്യക്ഷമാക്കീടും
അഞ്ചുവയസ്സിലും നിൻകിടാങ്ങൾ
കാണിക്കും പാപിയാം താതനു ദൈവത്തെ
തൂണിലും നാരസിംഹാകൃതിയായ്.

എന്നൊക്കെ മഹാകവി ഉള്ളൂർ കഥാനായകന്മാരുടെ പേരുകൂടി പറയാതെ സാധാരണയായി തട്ടിമൂളിക്കാറുള്ളതു് അനുവാചകനോടുള്ള ബഹുമാനത്തിന്റെ ലക്ഷണമാണ്. ചിലപ്പോൾ മഹാകവി നമ്മെയൊക്കെ കണക്കിലേറെ ബഹുമാനിച്ചുകളഞ്ഞുവെന്നേയുള്ളു.

ഗ്രന്ഥകർത്താക്കളുടെ പേരുപറയാതെ അവരുടെ വാക്യങ്ങളെ ഉദ്ധരിക്കുന്നതിൽ വായനക്കാരെയും ആലോചിക്കണം. സഹോദരിവായനക്കാരുടെ സാഹിത്യപരിജ്ഞാനം ഓർത്തിട്ടല്ലയോ ഞാൻ "ഭാവതിൻപരകോടി"യെപ്പററി പറഞ്ഞതു് ആരാനാണ് എന്നു് ഈ ലേഖനത്തിൽ പ്രസ്താവിക്കാതെയിരിക്കുന്നതു്? അതിരിക്കട്ടെ.

എന്റെ ഒരു സഹപാഠിക്കുണ്ടായ അനുഭവം പറയാം. ഞങ്ങൾ രണ്ടുപേരെയും ഞങ്ങളുടെ ഇംഗ്ലീഷുലക്ചറർ ഒരുദിവസം ഊണിനു ക്ഷണിച്ചു. അവിടെ ഊണു തെയ്യാറാവാൻ കാത്തുകൊണ്ടിരിക്കെ ഗുരുവിന്റെ മേശപ്പുറത്തുണ്ടായിരുന്ന അനവധി നല്ല നല്ല പുസ്തകങ്ങളെ ഞങ്ങൾ ആർത്തിയോടെ ഓരോന്നായി എടുത്തു തിരിച്ചും മറിച്ചും നോക്കിക്കൊണ്ടിരുന്നു. അതിലിടയ്ക്കു് എന്റെ സ്നേഹിതൻ ഒരു ലേഖനത്തെ ചൂണ്ടിക്കാണിച്ചുംകൊണ്ടു ഇങ്ങിനെ പറയുകയുണ്ടായി.

"ഇതു കണ്ടോ സേർ? ഇയ്യാൾ "മിൽട്ട

ഗ്രന്ഥനിരൂപണം.

കാരൂർ കഥകൾ

(ഒന്നാം ഭാഗം)

ഓണക്കാഴ്ച, അമ്മ, തിരുവാതിര, ചെകുത്താൻ, ലുബ്ധൻ, അരഞ്ഞാണം, കാൽമൈൽ ഓട്ടം, അന്നത്തെ കൂലി ഇങ്ങനെ എട്ടു ചെറുകഥകൾ ചേർന്നതാണ് "കാരൂർകഥകൾ." ഇവയിൽ പരിണാമഗുപ്തിയില്ലാത്ത കഥകൾ ഒന്നുമില്ല. ഓരോ കഥകളേയും പ്രത്യേകം നിരൂപണംചെയ്യണമെന്നാഗ്രഹമുണ്ടെങ്കിലും വിസ്തരഭയത്താൽ ഞങ്ങൾ അതിനൊരുങ്ങുന്നില്ല.

കാരൂർകഥകളിലെ സാഹിത്യം, കഥാ

ന്റെ" സുപ്രസിദ്ധമായ വരി ഉദ്ധാരണചിഹ്നവുംകൂടിയില്ലാതെ പകർത്തിയിട്ടിരിക്കുന്നു. പച്ചപ്പകൽ കക്കുന്ന വിദ്വാൻ!"

ലെക്ചറർ — "തുടന്നു വായിക്കൂ" — എന്നുമാത്രം, ഉത്തരം പറഞ്ഞു. എന്റെ സ്നേഹിതൻ തുടന്നു വായിക്കുവാൻ തുടങ്ങി ഒരു ഖണ്ഡിക കഴിയുംമുമ്പ് മറെറാരു ഉദ്ധാരണംകൂടി അങ്ങിനെതന്നെ പ്രയോഗിച്ചതു കണ്ടു. എന്തിനധികം പറയുന്നു ലേഖനം വായിച്ചുകഴിയുമ്പോഴേക്കും അഞ്ചാറ് ഉദ്ധാരണങ്ങൾ ഞങ്ങൾ അതിൽ കണ്ടുപിടിച്ചു. ഒന്നുരണ്ടെണ്ണവുംകൂടി, ഞങ്ങൾക്കു മനസ്സിലാവാതിരുന്നതു് ഗുരുവും ചൂണ്ടിക്കാണിച്ചുതന്നു. അവ കണ്ടുപിടിച്ചതിൽ ഞങ്ങൾക്കുണ്ടായ സംതൃപ്തി മനസ്സിലാക്കിയ ഗുരു അങ്ങിനെയൊരു സംതൃപ്തി വായനക്കാരനുണ്ടാവണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗ്രന്ഥകർത്താവ് ഉദ്ധാരണചിഹ്നങ്ങളില്ലാതെ അന്യ കവിവാക്യങ്ങൾ ഉപയോഗിച്ചതെന്നും, ഇന്നു പല സുപ്രസിദ്ധ പാശ്ചാത്യ ഗ്രന്ഥകർത്താക്കളും അങ്ങിനെ ചെയ്യുന്നുണ്ടെന്നും ഞങ്ങളെ പറഞ്ഞു മനസ്സിലാക്കിത്തന്നു.

അന്നുതന്നെയായിരുന്നു ഞങ്ങൾ ഓ. ഹെൻറി എന്ന മഹാന്റെ കൃതികളുമായി പരിചയമായതു്. അദ്ദേഹത്തിന്റെ കൃതികളിലുള്ള പല കാര്യങ്ങളിൽ ഒന്ന് അദ്ദേഹം പഴഞ്ചൊല്ലുകളെയും, പഴഞ്ചൊല്ലുകളെപ്പോലെതന്നെ പ്രചാരമുള്ള പല കവിവാക്യങ്ങളെയും ഉദ്ധരിച്ച രീതിയാണ് എന്നു ലക്ചറർ ഞങ്ങളെ പറഞ്ഞു മനസ്സിലാക്കിത്തന്നു. "പെണ്ണൊരുമ്പെട്ടാൽ കൈസരും തടുക്കുല്ല" "നല്ലതറിയുമൊ മനുഷ്യന്നു" "ശ്രീഭൂവിലസ്ഥിരയസംശയം" — എന്നും മററും എഴുതിയാൽ മലയാളികൾക്കുണ്ടാവുന്ന രസംതന്നെയാണത്രെ ഇംഗ്ലീഷുകാർക്ക് ഓ. ഹെൻറിയുടെ ചില പ്രയോഗങ്ങളിലുണ്ടാവുന്നതു്.

അങ്ങിനെ ഉദ്ധാരണത്തിനു അർത്ഥം പറയുന്ന സമ്പ്രദായംതൊട്ട്, ഉദ്ധരിക്കപ്പെടുന്ന വാക്യംതന്നെ സങ്കോചമില്ലാതെ തെററിയെഴുതുന്നതുവരെയുള്ള അനവധി പടികളെപ്പററിയാലോചിക്കുമ്പോൾ ഉദ്ധാരണം തന്നെ ഒരു കലയായിത്തീർന്നില്ലെ എന്നു തോന്നിപ്പോകുന്നു. വസൂരിക്കലയാക്കാതിരിക്കാൻ സൂക്ഷിച്ചാൽമതി.

ഘടന, പാത്രസൃഷ്ടി ഇവകൾ ഓരോന്നും സ്തുത്യർഹങ്ങൾതന്നെ. ഒന്നുരണ്ടു കഥകൾ വായിക്കുമ്പോൾതന്നെ ആരും സമ്മതിച്ചു കഴിയും ശ്രീ. കാരൂർ നീലകണ്ഠപ്പിള്ള ഒരു യഥാർത്ഥകവിതന്നെയെന്ന്. കഥാപാത്രങ്ങളെ അന്വേഷിച്ചു കാഥികൻ കേരളം വിട്ട് ഓടുന്നില്ല. കഥയുടെ സാരസ്യത്തിന് യാതൊരു കുറവും സംഭവിക്കുന്നതുമില്ല. കഥകൾ കേരളീയങ്ങൾ ആയിരിക്കുന്നതുകൊണ്ട്. അമ്മ, ചെകുത്താൻ ഈ കഥകളിലെ കഥാപാത്രങ്ങളായ സ്ത്രീകളുടെ സ്വഭാവനിരൂപണം സ്ത്രീകളെക്കൊണ്ടു പോലും ഇത്ര തന്മയത്വമായി സാധിക്കുമെന്നു തോന്നുന്നില്ല.

“ഓണക്കാഴ്ച” എന്ന കഥയിൽ പപ്പുപിള്ളയുടെ സുഖതൃഷ്ണ വർദ്ധിച്ചു ക്രമേണ അയാളൊരു ഭ്രമരമായി വിടരാൻതുടങ്ങുന്ന കുസുമങ്ങളിലും സൗരഭ്യപരാഗങ്ങളിണങ്ങിയ ഫുല്ലപ്രസൂനങ്ങളിലും സുഗന്ധം നശിച്ച് മധു വററി കാന്തിമങ്ങി ഇതളുകൾ കൊഴിയാറായ പഴംപൂക്കളിലും “ആ വണ്ടത്താൻ തെണ്ടിനടന്നു” ഈ ഭാഗം വായിക്കുമ്പോൾ സ്പഷ്ടമാകുന്നു ഈ പപ്പുപിള്ള പ്രായഭേദം ഗണിക്കാതെ ശൃംഗരിച്ചുനടന്നിരുന്നുഎന്ന്. യുവത്വത്തിൽ കാലുകുത്താൻ തുടങ്ങുന്ന യുവതികളേയും സൗന്ദര്യം തികഞ്ഞ തരുണികളേയും വാർദ്ധക്യത്തിൽ പ്രവേശിക്കാൻതുടങ്ങിയ സ്ത്രീകളേയും ആപാദചൂഡം വർണ്ണിച്ച് പപ്പുപിള്ളയുമായുള്ള വേഴ്ചകളെ വിശദീകരിക്കാൻ ഉദ്യമിക്കാത്തതുകൊണ്ട് വായനക്കാർക്ക് ഒരു രസക്കുറവും ഉണ്ടാകുന്നില്ല. അവർ അവിടെവച്ചുതന്നെ കാരൂർകഥകളോടു ഗുഡ്ബയ് പറയുന്നില്ല. കഥയുടെ അവസാനമറിയാൻ അത്യുൽസുകരായിത്തീരുന്നു. “ചെകുത്താൻ” എന്ന കഥയിൽ ശോശാമ്മ ഉറക്കമായോ? മറുപടി കിട്ടണമെന്നില്ലാത്തമട്ടിലൊരു ചോദ്യം കഴിഞ്ഞു കിഴവി എന്തോ കുശുകുശുത്തു. ആ കുടിലിലൊരു തീപ്പെട്ടിത്തിരി എരിഞ്ഞു. അതാ ഒരാൾ മൂടിപ്പുതച്ചു അനക്കമററു കിടക്കുന്നു. കുറച്ചുകഴിഞ്ഞു വീണ്ടുമുണ്ടായ വെളിച്ചത്തിൽ കണ്ടു മൂക്കിനോടു ചേർന്ന് ഒരു നീർച്ചാലുമിന്നുന്ന വിലപിക്കാനായുന്ന കവിൾത്തടംതുടുത്ത ഒരു കനകാംഗിയെ. ദീപമങ്ങു പൊലിഞ്ഞു. അനന്തരസംഭവങ്ങൾകൂടി നഗ്നമായരൂപത്തിൽ വിസ്തരിച്ചു ഗ്രന്ഥവലിപ്പം വർദ്ധിപ്പിക്കാത്തതുകൊണ്ട് കഥയ്ക്ക് അപൂർണ്ണത്വമോ രസക്കുറവോ ഉണ്ടാകുന്നില്ല. ഒരുനേരത്തെ കഞ്ഞിക്കുപോലും വകയില്ലാതിരുന്ന തുപ്പാനെ പരിശോധിക്കാൻ പിറേറദിവസം ഡാക്ടർ വന്നു. അതിൽനിന്നും ഊഹിക്കാൻകഴിയും ദീപമങ്ങു പൊലിഞ്ഞശേഷം നടന്ന സംഭവങ്ങൾ എന്തായിരുന്നു എന്ന്. ഇങ്ങനെയുള്ള സന്ദർഭങ്ങൾ കിട്ടുമ്പോൾ ഒരുകൈനോക്കാതെ ചുരുങ്ങിയ വാചകത്തിൽ സംഗതികൾ പൊതിഞ്ഞുകൊണ്ടുപോകുന്നതിനാൽ പുരോഗമനസാഹിത്യകാരന്മാർ കോപിച്ച് തന്നെ അവരുടെ ലിസ്റ്റിൽനിന്നു തള്ളിക്കളഞ്ഞെങ്കിലോ എന്നുള്ള ഭയം ശ്രീ. കാരൂരിന് അശേഷം ഇല്ലതന്നെ. കാരൂർകഥകൾക്കു വേണ്ട പ്രചാരവും പ്രോത്സാഹനവും ലഭിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം. ഈ പുസ്തകം ഒന്നേകാൽരൂപാ വിലയ്ക്കു കോട്ടയം നാഷണൽ ബുക്കഡിപ്പോയിൽ കിട്ടുന്നതാണ്.

M.

മഹായുദ്ധം അവസാനിച്ചു.

ലണ്ടൻ, ആ. 15. പാർലമെൻറിൽ ഇന്നു ചക്രവത്തിതിരുമനസ്സുകൊണ്ടു സിംഹാസനത്തിൽനിന്നും ചെയ്ത പ്രസംഗത്തിൽ ഇന്ത്യയെപ്പററി ഇപ്രകാരം പ്രസ്താവിച്ചു. "എൻെറ ഇൻഡ്യൻപ്രജകളോടുചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ അനുസരിച്ച് ഇൻഡ്യയിൽ പരിപൂണ്ണസ്വയംഭരണം കഴിയുന്നതും വേഗം സ്ഥാപിക്കുവാൻ, ഇൻഡ്യൻപൊതുജന നേതാക്കന്മാരുമായി ആലോചിച്ചു് എൻെറ ഗവമ്മെണ്ടു് വേണ്ട നടപടികൾ നടത്തുന്നതാണ്."

അദ്ദേഹത്തിൻെറ പ്രസംഗം 16 മിനിട്ടു സമയംമാത്രം നീണ്ടുനിന്നു. ബാങ്ക് ആഫ് ഇംഗ്ലണ്ടു് പൊതുഉടമയിൽ കൊണ്ടുവരുന്നതിനും കൽക്കരിഖനികൾ പൊതുസ്വത്താക്കുന്നതിനും ആവശ്യമായ ബില്ലുകൾ ഗവമ്മെൻറു അവതരിപ്പിക്കുന്നതായിരിക്കും. 'ലോകത്തിനു് അവണ്ണനീയമായ നാശം ആറുകൊല്ലക്കാലം ഉണ്ടാക്കിക്കൊണ്ടിരുന്ന യുദ്ധം ജപ്പാൻെറ കീഴടക്കത്തോടുകൂടി അവസാനിച്ചിരിക്കുന്നു. ഈ മഹത്തായ വിജയം കരസ്ഥമാക്കുന്നതിനു സഹായിച്ച പട്ടാളക്കാരും മററുള്ളവരും മിത്രപക്ഷീയരും നമ്മുടെ കൃതജ്ഞതയെ അഹിക്കുന്നു. യുദ്ധത്തിലെ ത്യാഗങ്ങൾ പാഴിലാകാതിരിക്കുന്നതിനു ലോകസ്വാതന്ത്ര്യവും സമാധാനവും, സമുദായനീതിയും സാധ്യമാക്കുവാൻ സമാധാനകാംക്ഷികളായ എല്ലാ ശക്തികളുമായി സഹകരിച്ചുപ്രവത്തിക്കുകയാണു എൻെറ ഗവമ്മെൻറിൻെറ ദൃഢമായ ലക്ഷ്യം.' വിദൂരപൂവ്വദേശത്തെ സംബന്ധിച്ചു അദ്ദേഹം ഇപ്രകാരം പറഞ്ഞു.—"ജപ്പാൻകാരുടെ കൈവശത്തിലായ എല്ലാതടവുകാക്കും സഹായം എത്തിച്ചുകൊടുത്തു അവരെ കഴിയുന്നതുംവേഗം അവരുടെ നാട്ടിൽ എത്തിക്കുകയെന്നതു് എൻെറ മന്ത്രിമാരുടെ അടിയന്തിരപരിപാടിയായിരിക്കും." വ്യവസായങ്ങളെ യുദ്ധകായ്യങ്ങളിൽനിന്നു സമാധാനകായ്യങ്ങളിലേക്കു പരിവത്തനംചെയ്യുക, കയററുമതിവ്യാപാരം വദ്ധിപ്പിക്കുക, പൊതുഉടമ വികസിപ്പിക്കുക എന്നീ കൃത്യങ്ങൾ ഗവമ്മെൻറു ഏറെറടുക്കുന്നതാണ്.

കീഴടക്കവ്യവസ്ഥകൾ.

ജപ്പാനു് ഐക്യകക്ഷികൾ നല്കിയതും ജപ്പാൻ സ്വീകരിച്ചതുമായ കീഴടക്കവ്യവസ്ഥകൾ താഴെ ചേക്കുന്നു.

1. ജാപ്പനീസു് ചക്രവത്തിയും ഗവമ്മെണ്ടും അവരുടെ അധികാരങ്ങൾ ഐക്യകക്ഷിയുടെ സുപ്രീം കമാൻഡക്കു (ജന: മക്ആർതർ) നൽകണം.

2. എല്ലാ രംഗങ്ങളിലെയും പട്ടാളക്കാർ കീഴടങ്ങാൻ ചക്രവത്തി ആജ്ഞനല്കണം.

3. തടവുകാരെ ജാപ്പനീസു് ഗവർമ്മെണ്ടു് ഉടനടി രക്ഷാകേന്ദ്രങ്ങളിൽ എത്തിക്കണം.

4. ഒടുവിൽ തങ്ങളുടെ ഗവർമ്മെൻറു മാതൃക സ്വീകരിക്കുന്നതിനുള്ള അവകാശം ജാപ്പനീസു് ജനതയ്ക്കുണ്ടായിരിക്കും.

5. ഒരു നിശ്ചിതകാലത്തേയ്ക്കു ഐക്യകക്ഷിഭടന്മാർ ജപ്പാനിൽ ഉണ്ടായിരിക്കുന്നതാണ്.

THE ASIAN BANK LTD.

QUILON.

(Incorporated in 1930)

ALL KINDS OF BANKING BUSINESS TRANSACTED.

Managing Director.

For Quality, Service & Style — Best Indian Made Pencils

Made by:—

THE POPULAR PENCIL WORKS,

Pattathanam, QUILON.

Manufacturers of

BLACK-LEAD, COPYING & COLOUR PENCILS.

PRICES MODERATE.

ENSURES SMOOTHNESS AND DURABILITY.

QUALITY THE BEST.

ആയുർവേദിക് കോമ്പൗണ്ട് ടിഞ്ചേഴ്സ് (ക്ലിപ്തം) ആലപ്പുഴ

മാനേജിംഗ് ഏജൻറ്സ്—ഏ. വി തോമസ് & കമ്പനി (ക്ലിപ്തം)

ടിഞ്ചർ മഹാരാസ്നാദി:—എല്ലാവിധ വാതരോഗങ്ങൾക്കും ഞരമ്പുസംബന്ധമായ രോഗങ്ങൾക്കും ഇതു് ഒരു കൈകണ്ട ഔഷധമാകുന്നു.

ടിഞ്ചർ ജാമ്പുകം:—പ്രമേഹരോഗത്തിനു് അത്യന്തം ഫലപ്രദമായ ഔഷധം. അധികമായ മൂത്രംപോക്കു്, ദാഹം, വിയപ്പു്, ശരീരദൌർഗന്ധ്യം മുതലായവയെ പെട്ടെന്നു മാററുകയും, മൂത്രത്തിലുണ്ടാകുന്ന പഞ്ചസാരയെ പെട്ടെന്നു കുറയ്ക്കുകയും ചെയ്യുന്നു.

ടിഞ്ചർ ഗുൽഗുലു തിക്തകം:—ഇതു് എല്ലാ ത്വക്‌രോഗങ്ങൾക്കും വളരെ നല്ലതാകുന്നു. ധാതുക്കളിൽ അസ്ഥിമജ്ജകൾവരെ വ്യാപിച്ചിട്ടുള്ള കുഷ്ഠരോഗങ്ങളെപ്പോലും പെട്ടെന്നു ശമിപ്പിക്കും. വളരെ പ്രബലമായി വർദ്ധിച്ചിട്ടുള്ള വാതരോഗങ്ങൾ, രക്തവാതം ഇവയേയും, രക്തവാതജന്യങ്ങളായ വ്രണങ്ങൾ, നാഡീവ്രണം, ചിരങ്ങു്, പാണ്ഡുരോഗം, കഴുത്തിനു മേലുണ്ടാകുന്ന വ്യാധികൾ മുതലായവയേയും ശമിപ്പിക്കുന്നു.

ടിഞ്ചർ ധാന്വന്തരം:—പ്രസവാനന്തരം സ്ത്രീകൾക്കു ആരോഗ്യവും രക്തപുഷ്ടിയും ഉണ്ടാക്കി ശുദ്ധമായ മുലപ്പാലിനെ ഉണ്ടാക്കുന്ന ഒരു നല്ല ടോണിക്കു്.

മുകളിൽ പറഞ്ഞിട്ടുള്ളവയും, ഞങ്ങൾ നിർമ്മിച്ചുവരുന്ന പ്രത്യേക ഔഷധങ്ങളും, വൈദ്യവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കാവശ്യമുള്ള സിമ്പിൾ ടിഞ്ചറുകൾ മുതലായവയും താഴെപ്പറയുന്നവരിൽനിന്നും ലഭിക്കുന്നതാണു്.

മെസ്സേഴ്സ് അലൈഡ് ഏജൻസീസ്, (റെസ്റ്റ്ഹൗസ്ജംഗ്ഷനു സമീപം) കൊല്ലം.
„ പുന്നൻ ആൻഡ് കുറുപ്പ് (ഇൻഡ്യ) ക്ലിപ്തം, കോട്ടയം.
„ സി. എം. ആൻഡ് സൺസ്, ആലപ്പുഴ.
„ ഏ. വി. തോമസ്സ് & കോ (ക്ലിപ്തം) നാഗർകോവിൽ.
„ „ „ „ തിരുവനന്തപുരം.
പി. വി. എസ്. പണിക്കർ, സദാനന്ദ ആയുർവേദിക്ക്ഫാർമസി, പുനലൂർ.

വായിക്കേണ്ട ചില പുസ്തകങ്ങൾ

ജീവിതചക്രം

പി. കേശവദേവിൻെറ കലാസൗന്ദര്യ്യം തികഞ്ഞ ആറു ചെറുകഥകളുടെ സമാഹാരം.

വില രൂ. 1. ണ. 4.

കെ. അയ്യപ്പൻെറ പദ്യകൃതികൾ

ജാതിമർദ്ദനം, അസമത്വം, അജ്ഞത, അന്ധവിശ്വാസം എന്നിവയെ ധൈര്യ്യസമേതം എതിൎക്കുന്ന പുരോഗമനസാഹിത്യം.

വില രൂ. 1. ണ. 8.

ടി. കെ. മാധവൻ

("ദേശാഭിമാനി" ടി. കെ. യുടെ ജീവചരിത്രം)

പൌരസമത്വവാദം, വൈയ്ക്കം സത്യഗ്രഹം, ക്ഷേത്രപ്രവേശനപ്രക്ഷോഭണം എന്നിവയെപ്പററി സവിസ്തരം പ്രതിപാദിക്കുന്നതും കേരളത്തിൻെറ നാം മറന്നുതുടങ്ങിയിരിക്കുന്ന ഒരു കാൽ നൂററാണ്ടിൻെറ രാഷ്ട്രീയചരിത്രം അടങ്ങിയതുമായ മഹൽഗ്രന്ഥം.

400-ൽപരം പേജുകൾവീതമുള്ള 2-വാല്യങ്ങൾക്കുംകൂടി 3 രൂ. മാത്രം.

വേണുനാദം

ഒരു അനുഗ്രഹീതയുവകവിയുടെ ആത്മഗീതങ്ങൾ. കൈനിക്കര കുമാരപിള്ളയുടെ സുദീർഘവും വിജ്ഞാനപ്രദവുമായ അവതാരികയോടുകൂടിയതു്. ഗ്രന്ഥകൎത്താ, വേണുഗോപാലൻ.

വില 8 ണ.

മാനേജർ,

ശാരദാ ബുക്കുഡിപ്പോ,

ചാക്ക, തിരുവനന്തപുരം.

കുമാരകല്പം

കുട്ടികൾക്കു് ആയുർവേദ ഔഷധങ്ങളിൽവെച്ച്
ഏററവും പോഷകമായിട്ടുള്ളതു്.

കൈകാലുകളും പൃഷ്ഠവും വളരെ ശോഷിച്ചും, വയറുവീർത്തും, നെഞ്ചു കൂട്ടുകെട്ടിയും, കണ്ണുകുഴിഞ്ഞും, ദേഹം വിളറിയും, ഇടവിട്ടു് കൂടക്കൂടെ ദഹിച്ചും ദഹിക്കാതെയും വയറിളക്കത്തോടുംകൂടിയ കുട്ടികൾക്കു് ഒരു സിദ്ധൗഷധം.

വില 6 ഔ. കുപ്പി ഒന്നുക്കു 4 രൂപാ.

കെ. എൻ. ഗോപാലൻവൈദ്യൻ,

ധന്വന്തരിമഠം, കൊല്ലം.

N. B. ഇവിടെ എല്ലാവിധ ആയുർവേദഔഷധങ്ങളും മിതമായ വിലയ്ക്കു വില്പന നടത്തുന്നതും രോഗികളെ സൗജന്യമായി പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.

“പത്മാഞ്ജനം”

മുഖസൌന്ദര്യത്തെ വർദ്ധിപ്പിക്കുന്ന ഒരു സുഗന്ധലേപനം.

മുഖത്തുണ്ടാകുന്ന കറുപ്പടയാളം, തടിപ്പുകൾ, തേമൽ, പുഴക്കടി, മുഖക്കുരു മുതലായ എല്ലാവിധ മുഖരോഗങ്ങളേയും നിശ്ശേഷം മാററി തേജസ്സും കാന്തിയും വർദ്ധിപ്പിച്ചു മുഖത്തെ പത്മസമാനമാക്കുന്നതാണു് ഈ ലേപനം.

ഡപ്പി ൧-നു് വില രൂ. ൨൰.

ശാസ്ത്രീയമായി തയ്യാർചെയ്യപ്പെട്ട ആയുർവേദ ഔഷധങ്ങൾ ഇവിടെ കിട്ടുന്നതാണു്.

ജി ജനാർദ്ദനറാവു,

വൈദ്യകലാനിധി,

ജി, വി. എ. വൈദ്യശാല, കടപ്പാക്കട — കൊല്ലം.

ആശാൻ ററീഷാപ്പ്

ചിന്നക്കട—കൊല്ലം.

ഇവിടെ രുചികരങ്ങളായ പലഹാരങ്ങളും ചായ, കാഫി മുതലായ പാനീയങ്ങളും എപ്പോഴും തയ്യാർ.

Prop:- P. K. Padmanabhan.

ചന്ദ്രോദയം

വ്രണമേഹം, പ്രമേഹം, അസ്ഥിസ്രാവം, രക്തസ്രാവം, മൂത്രാതിസാരം, ശുക്ലമേഹം, ശുക്ലസ്രാവം, ശുക്ലക്ഷയം, ധാതുക്ഷയം, ശരീരശോഷം, തലച്ചുററൽ, വയററുകത്തൽ, വിളർച്ച മുതലായ വസ്തിദോഷങ്ങളെ നിശ്ശേഷം ഇല്ലായ്മചെയ്തു ആയുസ്സിന് ദൈർഘ്യവും ശരീരത്തിന് ആരോഗ്യവും ജീവിതത്തിനു നവമായ ഉന്മേഷവും പ്രദാനം ചെയ്യുന്നതിനു ഏററവും ഫലവത്തായ ഒരു ആയുർവേദൗഷധം. റാത്തൽ 1-ക്കു രൂ. 5

പി. കെ. എൻ. വൈദ്യൻ, ശ്രീചിത്രാ ആയുർവേദഫാർമസി, ആശ്രാമം-കൊല്ലം.

സൺ ബ്രാൻഡ്
ഷാക്ക് ലിവർ ഓയിൽ

ശാസ്ത്രീയമായി ശുദ്ധീകരിക്കപ്പെടുന്നത്.

പ്രായഭേദമെന്യേ ആർക്കും ഉപയോഗിക്കാവുന്നതും നഷ്ടപ്പെട്ട ആരോഗ്യത്തെ വീണ്ടെടുക്കുന്നതുമായ വിശിഷ്ടാഹാരം.

എല്ലാ പ്രധാന വ്യാപാരശാലകളിലും കിട്ടുന്നതാണ്.

കോട്ടയം സ്റ്റാക്കിസ്റ്റ്:- **M/s. S. S. Mani and Bros.,**
Chemists & Druggists, KOTTAYAM.

ദി പോപ്പുലർ ഇൻഡസ്ട്രീസ്—കൊല്ലം.

നല്ല പുസ്തകങ്ങൾ വായിക്കണമെങ്കിൽ

ആദ്ധ്യാത്മികഗ്രന്ഥങ്ങൾ, സാഹിത്യഗ്രന്ഥങ്ങൾ, ജീവചരിത്രങ്ങൾ, സ്തോത്രങ്ങൾ, പദ്യങ്ങൾ, വൈദ്യഗ്രന്ഥങ്ങൾ, ജ്യോതിഷഗ്രന്ഥങ്ങൾ, ചെറുകഥകൾ, നാടകങ്ങൾ ,വ്യാകരണഗ്രന്ഥങ്ങൾ, ഹിന്ദി പുസ്തകങ്ങൾ, എന്നിങ്ങനെ വിവിധശാഖകളിലുള്ള പുസ്തകങ്ങൾ എപ്പോഴും സുലഭമായി ലഭിക്കുന്ന **കൊല്ലം ശ്രീരാമവിലാസം ബുക്കുഡിപ്പോവിലേയ്ക്കു** ആർഡറയയ്ക്കുവിൻ! സ്റ്റാമ്പുസഹിതം പുതിയ ക്യാററലാഗിനു എഴുതുവിൻ!!

THE SAHODARI.

(A POPULAR MONTHLY JOURNAL.)

മി. എ. തങ്ങൾകുഞ്ഞുമുസലിയാരുടെ
ഉടമസ്ഥതയിൽ നടത്തപ്പെടുന്ന

പ്രഭാതം

1121 ചിങ്ങം 15-ാംനു മുതൽ
ദിനപ്പത്രമായി
പ്രസിദ്ധപ്പെടുത്തുന്നു.

ഉത്തമാദർശങ്ങളും പുരോഗമനപരമായ ആശയങ്ങളും നിഷ്പക്ഷമായ നിരൂപണങ്ങളും സ്വതന്ത്രമായ അഭിപ്രായങ്ങളും പ്രഭാതത്തിൽ ഉണ്ടായിരിക്കുന്നതാണ്.

അസോഷിയേറ്റഡ് പ്രസ്സ്, റായിട്ടേഴ്സ്, ഒറിയൻറൽപ്രസ്സ് മുതലായ പ്രധാന വാർത്താവിതരണഏജൻസികളുടെ വാർത്തകളും, ഇന്ത്യയിലെ വിവിധ വ്യവസായകേന്ദ്രങ്ങളിൽനിന്നും വ്യാവസായികപ്രാധാന്യമുള്ള വാർത്തകളും, എല്ലാ പ്രധാനകേന്ദ്രങ്ങളിൽനിന്നും സ്വന്തം ലേഖകന്മാരുടെ ലേഖനങ്ങളും, വാർത്തകളും പ്രഭാതത്തിൽ ഉൾക്കൊള്ളുന്നതാണ്. സുപ്രധാന കാര്യങ്ങളെ സംബന്ധിച്ചുള്ള സ്പെഷ്യൽ വൃത്താന്തങ്ങളും, വാർത്താപ്രാധാന്യമുള്ള ചിത്രങ്ങളും "പ്രഭാത"ത്തിൻെറ പ്രത്യേകതയായിരിക്കും. ഇപ്പോൾ പ്രസിദ്ധീകരിച്ചുവരുന്ന "പ്രഭാതം വാരിക" "പ്രഭാതം ഞായറാഴ്ചപ്പതിപ്പ്"ായി തുടരുന്നതാണ്.

ഡിപ്പോസിററുവച്ച് "പ്രഭാത"ത്തിൻെറ ഏജൻസി എടുക്കാൻ ആഗ്രഹിക്കുന്നവർ ഉടൻ അപേക്ഷിക്കുവിൻ!

മാനേജർ "പ്രഭാതം" കൊല്ലം.

Printed and published by P. R. Narayanan at the Sri Rama Vilas Press, Quilon.